240372

A
2585

726-8

കായകല്പ

നോവൽ

A
240372

# കായകല്പം



ഇറാൻ

# കായകൽപ്പം

A
25845

(Malayalam)

Kayakalpam

Novelette

**By IRAN**

First Published April 1967

Copies 1500

Printed at

INDIA PRESS, KOTTAYAM

Price Rs. 1.25

Copyright

E. R. Nayanar

Published by the Author

Distributors:

NATIONAL BOOK STALL

Kottayam Kerala State India

S No. 6971

# കായകൽപ്പം

(നോവൽ)

## ഇറാൻ

SENGUPTA PUBLIC LIBRARY
KOZHIKODE-4

വിതരണം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 1.25

## ഗ്രന്ഥകർത്താവിൻെറ കൃതികൾ

| | |
|---|---|
| കായകല്പം | (നോവൽ) |
| സുന്ദരിയുടെ കണ്ണുനീർ | (കഥകൾ) |
| ആശാരീ....കൊല്ലല്ലെ | ,, |
| യോഗാനന്ദദാസകൃതികൾ | (ശാസ്ത്രീയസംഗീതം) |
| ദേവീത്രിമധുരവും മററു കൃതികളും | ,, |

S782 D125/66-67 1-1500 JK 109

SENGUPTA PUBLIC LIBRARY
KOZHIKODE-4.

പണ്ഡിതനും

വിമർശകവരേണ്യനുമായിരുന്ന

**ശ്രീ ഉള്ളാട്ടിൽ**

**ഗോവിന്ദൻകുട്ടിനായരുടെ**

സ്മരണയ്ക്കു്

SENGUPTA PUBLIC LIBRARY
KOZHIKODE-4.

## ഒന്നു്

വലിയൊരു കണ്ണാടിയുടെ മുമ്പിൽ നിന്നു തന്റെ രൂപം സൂക്ഷിച്ചുനോക്കുകയാണ് ശങ്കരമേനോൻ. തലമിക്കവാറും കഷണ്ടിയായിരിക്കുന്നു. ചെന്നികളിലും പിമ്പിലുമായി തൂങ്ങിനില്ക്കുന്ന അല്പം ചില രോമങ്ങളിൽ ഒററയെങ്കിലും കറുത്തതായിട്ടില്ല. നല്ല പഞ്ഞിയുടെ നിറംതന്നെ. ഈ നര പുരികങ്ങളെയും താഴോട്ടു തൂങ്ങിനില്ക്കുന്ന മീശയെയും കുറെയൊക്കെ ബാധിക്കാതിരുന്നിട്ടില്ല. കണ്ണുകളാണെങ്കിൽ കുഴിഞ്ഞും മങ്ങിയുമിരുന്നു. പല്ലുകളിൽ ബാക്കിയുള്ളതു മുൻവരിയിലെ അഞ്ചാറെണ്ണം മാത്രം! അയാൾക്കു വെറുപ്പു തോന്നി. പെട്ടെന്നയാളുടെ ദൃഷ്ടിയിൽപ്പെട്ടതു മുറിയുടെ ഒരു വശത്തു തൂങ്ങിക്കിടന്നിരുന്ന ഒരു ഫോട്ടോവാണ്. അയാൾ അതെടുത്തു നോക്കി. എന്തൊരു മാററം! ആ കറുത്ത് ഇടതിങ്ങി വളൎന്ന മുടിയും, ആകൎഷകമായ പുരികങ്ങളും, ഓജസ്സും ചുറുചുറുക്കും കളിയാടുന്ന കണ്ണുകളും, ദാൎഢ്യവും അഴകും ഒത്തിണങ്ങിയ ദേഹവും! തന്റെ ഫോട്ടോതന്നെയാണോ അതു്! ആണെന്നു വിശ്വസിക്കുവാൻ അയാൾക്കു വിഷമം തോന്നി. പക്ഷേ, വാസ്തവം അതാണ്. താൻ യുവാവായിരുന്നപ്പോൾ എടുപ്പിച്ച ഫോട്ടോ. ഹോ! കാലം വരുത്തിവച്ച മാറ്റങ്ങൾ! ഓൎത്തപ്പോൾ, അവ്യക്തമായ ഒരാകുലത അയാളെ പിടികൂടി.

ഒരു ദീർഘനിശ്വാസത്തോടെ ഫോട്ടോ യഥാസ്ഥാനത്തുതന്നെ തൂക്കിയിട്ടു ജനലിന്നരികിലിട്ടിരുന്ന ചാരുകസാലയിൽ ചെന്നിരുന്നു.

യൗവനത്തിലും ഐശ്വര്യത്തിലും കഴിഞ്ഞ അന്നത്തെപ്പോലെതന്നെ രണ്ടും നശിച്ച ഇന്നും ഇത്ര സമചിത്തതയോടും സ്നേഹത്തോടും കൂടി രണ്ടു കൈയും നീട്ടി സ്വീകരിക്കാൻ തനിക്കു മററാരുണ്ട് ആ കസാലയൊഴികെ?

തൻെറ ജീവിതം പാടെ പാഴായിരിക്കയാണ്.

എത്ര കഷ്ടപ്പെട്ടും ദാരിദ്ര്യമനുഭവിച്ചുമാണു താൻ ബി. എ. വരെ പഠിച്ചു പാസ്സായതു്! എന്നിട്ടു കിട്ടിയ ഉദ്യോഗമോ? വെറും ഒരു പോലീസ് കോൺസ്റ്റബിളിന്റേതു്! താനൊഴികെ മറ്റാരെങ്കിലും ആ ജോലി സ്വീകരിക്കുമോ? പക്ഷേ, മറെറന്തു വഴിയുണ്ടു്? സ്വീകരിച്ചില്ലെങ്കിൽ ഒരു കുടുംബം പട്ടിണിയാകും. സർവ്വവും വിററു തന്നെ പഠിപ്പിച്ച തൻെറ അച്ഛനേയും അമ്മയേയും കഷ്ടപ്പെടുത്തുകയോ? ഇല്ല. തീർച്ചയായും ഇല്ല. എത്ര താഴ്ന്ന ജോലിയായാലും അതു സ്വീകരിക്കാതെ വയ്യ. ഒരു നിമിഷംപോലും വിട്ടുകളഞ്ഞുകൂടാ. അങ്ങനെയാണ് ആ നശിച്ച ജോലിയിൽ പ്രവേശിച്ചതു്. അതോടെ യാതനകളും തുടങ്ങി. ഹെഡ്കോൺസ്റ്റബിൾ, എസ്. ഐ., സർക്കിൾഇൻസ്പെക്ടർ മുതലായവരുടെ നിന്ദകളും അധിക്ഷേപങ്ങളും കേൾക്കുകയെന്നതു ദിനചര്യയിലൊരു ഭാഗമായി. അതുകൊണ്ടായോ?

"ഏയ്, ആരാ അവിടെ?" എസ്. ഐ. വിളിക്കുകയായി.

"സാർ." താൻ പ്രവേശിച്ചു സല്യൂട്ടുചെയ്യുന്നു.

"പിന്നേയ്, ഒന്നു് ആ ദോബിയുടെ വീട്ടിലോളം

പോയി അമ്മിണിയുടെ സാരി ഇസ്ത്രീയിട്ട തരാൻ പറയൂ. കെട്ടോ, പോകുമ്പോൾ കുട്ടികളുടെ അണ്ടർവെയറും അ ണ്ടെടുത്തോളൂ. നാളെ വൈകുന്നേരത്തേക്കു തരാൻ പറ യണം. എല്ലാ അലക്കും അതോടൊപ്പംതന്നെ കൊണ്ടുവ രാനും പറയണം.''

ഞെട്ടിപ്പോയി, അതു കേട്ടപ്പോൾ. എങ്ങനെ ഞെ ട്ടാതിരിക്കും? ഇവൻെറ ഭാൎയ്യയുടെ സാരിയും കുഞ്ഞുങ്ങളു ടെ അണ്ടർവെയറും ദോബിയുടെ അട്ടത്തെത്തിക്കുക! 'അതിനു തൻെറ തന്തയോടു പറ' എന്നു പറയാനാണു തോന്നിയതു്. പക്ഷേ, മിണ്ടാമോ? അന്നത്തെ കാലമ ല്ലേ? അനുസരിക്കുക. അനുസരിക്കുക. എന്തു പറഞ്ഞാ ലും അനുസരിക്കുക. ഇല്ലെങ്കിൽ തുലയുക.

''സാർ,'' എന്നു വിനീതനായി പറഞ്ഞു് ആജ്ഞ നിറവേററി. എന്തിനു്? തൻെറ ഭാവി ഒന്നുമാത്രം ഓ ൎത്തിട്ടു്. തൻെറ കുടുംബക്ഷേമമൊന്നുമാത്രമോൎത്തിട്ടു്. ഇതൊക്കെ ഓക്കുമ്പോൾ സങ്കടം തോന്നാറുണ്ടു്. പക്ഷേ, അദ്ധ്വാനിക്കാതെ, കഷ്ടപ്പെടാതെ, പ്രാതികൂല്യങ്ങളോടു പല്ലു കടിച്ചു മല്ലിടാതെ വിജയം സാദ്ധ്യമാണോ? അല്ലാ തുള്ള വിജയം വിജയമാണോ? അങ്ങനെ താൻ ഉദ്യോഗ ജീവിതത്തിൽ കല്ലും മുള്ളും ചവിട്ടിക്കൊണ്ടുതന്നെ മുന്നോട്ടു നീങ്ങി.

പഴയകാലസ്മരണകൾ ഒന്നൊന്നായി അയവിറക്കു കയാണു്. കഷ്ടപ്പാടു വളരെ അനുഭവിച്ചെങ്കിലും ക്രമ ത്തിൽ അധികാരവും സുഖവും അനുഭവിക്കാതെയുമിരു ന്നിട്ടില്ല.

ഒരു സബ്ബിൻസ്പെക്ടരും ഇൻസ്പെക്ടരുമായി ജോലി നോക്കിയ കാലം അയാൾ അനുസ്മരിച്ചു. ഹൊ! എന്തൊ രന്തസ്സുള്ള ജോലി! വിറയ്ക്കില്ലേ സകലരും. ആ കാക്കി

യൂനിഫോറവും ക്രോസ്ബെൽട്ടും ചന്തമുള്ള വിസിൽ കോർഡും പട്ടുതലപ്പാവും ചൂരലുമെല്ലാം ധരിച്ചു ഗമയിലങ്ങു നടക്കുമ്പോൾ ആരാണെഴുന്നേററു വന്ദിക്കാത്തതു്! എവിടെ ചെന്നാലും ആദരവുതന്നെ. ബസ്സുകാർ, രാഷ്ട്രീയക്കാർ, സിനിമക്കാർ, സർക്കസ്സുകാർ, പച്ചക്കറിക്കാർ, മുതലാളിമാർ, തൊഴിലാളികൾ എന്നുവേണ്ട പലരും തൻെറ ആജ്ഞ അനുസരിക്കാനും കാക്കപിടിക്കാനും സന്നദ്ധരായിരുന്നില്ലേ? അരി, പച്ചക്കറി, മുട്ട, മാംസം ഇങ്ങനെയുള്ളതിനൊന്നിനും ഒരു ചില്ലിക്കാശുപോലും കൊടുക്കേണ്ട. ഒക്കെ വീട്ടിൽ വന്നു കുന്നുകൂടിക്കൊള്ളും. ആ നാച്ചിമുത്തു ഗൗണ്ടനെയും ജോസഫിനെയും അവരുടെ ടെക്സ്റ്റൈൽ മില്ലിലൊന്നു ചെന്നു കണ്ടാൽ മതി. ഗംഭീരസ്വീകരണമായി. മടക്കം വരുമ്പോൾ കാറിന്റെ സീററിൽ ഒരു ബണ്ടിൽ കാണാം, വീട്ടിൽ ചെന്നു നോക്കിയാൽ അതിനകത്തു് മുണ്ടു്, ഷർട്ടിങ്, സാരി, ബ്ലൗസിങ് മുതലായ പലതും. പക്ഷേ, ഒരു കാര്യത്തിൽ തനിക്കു നിഷ്ഠയുണ്ടു്. താനങ്ങോട്ടു ചെന്നു ചോദിച്ചിട്ടു യാതൊന്നും വാങ്ങുകയില്ലെന്നു്. സന്തോഷിച്ചു തന്നാൽ വാങ്ങും. അത്രമാത്രം. അങ്ങനെ തരുമ്പോൾ എന്തിനു വേണ്ടെന്നുവെക്കുന്നു? ഒരാളെയെങ്കിലും ദ്രോഹിച്ചു പണം വാങ്ങിയെന്നു് ഈ ശങ്കരമേനോനെപ്പററി ആക്കെങ്കിലും പറയാൻ കഴിഞ്ഞിട്ടുണ്ടോ? കഴികയുമില്ല. അതു തന്നെ ഒരു സമാധാനം.

“അല്ല, എന്താ ഇതു്? മലൻകിടന്നു സ്വപ്നംകാണുകയാണോ?” ഭാര്യ മാധവിയമ്മ ചോദിച്ചു.

“ഏയ്, ഞാനിങ്ങനെ ഓരോന്നോത്തു കിടക്കുകയാണു്.” ശങ്കരമേനോൻ പറഞ്ഞു.

“പറമ്പിൽ കൊത്തുന്നവരെല്ലാം നേത്തേതന്നെ

പോയിക്കളയില്ലേ? ഇങ്ങനെ പണിക്കാരെ ഒററയ്ക്കി ട്ടാൽ പണി നടക്കുമോ? ഒന്നങ്ങോട്ടു പോയി നോക്കി ക്കൂടെ?"

"വയ്യ. മാധവീ, എനിക്കിന്നു നല്ല സുഖമില്ല. അവ രെന്തെങ്കിലുമാക്കട്ടെ."

"അതെ, അതെ. നിങ്ങൾക്ക് ഇതിലൊന്നും ഒരു ശ്രദ്ധയുമില്ല. ഇങ്ങനെയായാൽ എങ്ങനെ കഴിയും?"

"എന്നാൽ നിനക്കങ്ങു പോകരുതേ?"

"നല്ല കാര്യം. ഞാൻ പോയാൽപ്പിന്നെ ഇവിടെ ആരാണ്? ഒരെട്ടുംപൊട്ടും തിരിയാത്ത ചെക്കനുണ്ട്. അവനാണോ അട്ടക്കളക്കാര്യം നോക്കുന്നതു്? ഊണിനിരിക്കുമ്പോൾ തുടങ്ങും, അതിനുപ്പേറിപ്പോയി, മററതിനു മുളകു പോരാ, ഉപ്പേരി കരിഞ്ഞുപോയി, പപ്പടം ചുവന്നില്ല, എന്നെല്ലാം. എന്നെക്കൊണ്ടതു കേൾപ്പിക്കണോ?" മാധവിയമ്മ ചോദിച്ചു.

"വേണ്ട. ഒക്കെ ഞാനങ്ങു സഹിച്ചുകൊള്ളാം. എന്നാൽ പോരെ?" ശങ്കരമേനോൻ പറഞ്ഞു.

"അതെങ്ങനെ? എനിക്കും ഈ വയററിലൊന്നുമിടണ്ടേ? ആ കഴുതയെ അട്ടക്കളയിൽ കയററിയാൽ എന്തെങ്കിലും തിന്നാനൊക്കുമോ? വയ്യ. എന്നെക്കൊണ്ടു പട്ടിണികിടക്കാനാവില്ല. നിങ്ങളൊന്നു പോയാട്ടെ. അവിടെ പണിയൊന്നുമില്ലല്ലോ. പ്രവൃത്തിയും നോക്കി ഒരിടത്തിരുന്നാൽ മതിയല്ലോ?"

"ഈ വയസ്സുകാലത്തും നീ സൈ്വരം തരില്ലേ മാധവീ?"

"മനുഷ്യനായാൽ പറഞ്ഞാലെങ്കിലും വേണം. പെൻഷൻപററിപ്പോയെന്നുംപറഞ്ഞു ചടഞ്ഞൊരിടത്തിരിക്കുകയോ? തരക്കേടില്ല."

"പിന്നെ ഞാനെന്തുവേണം, സക്സ്സുകളിക്കണോ?"

"ഹൗ. എൻെറ ഒരു തലയിലെഴുത്ത്. നോക്കിയാ, ആ അമ്മാളുഅമ്മയുടെ ഭത്താവും പെൻഷൻകാരനല്ലെ? വയസ്സ് എഴുപതായി. ഒന്നുമില്ലെങ്കിൽ വളപ്പിൽ നടന്ന് ഓലമടൽ പെറുക്കി കൊണ്ടുവന്നു കൊത്തിയെടുത്തു ചൂട്ടുകെട്ടിവയ്ക്കും. അങ്ങനെയിരിക്കണം മനുഷ്യനായാൽ. എന്നിട്ടയാളുടെ പദവിക്കു വല്ല കുറവും വന്നുവോ? ഒരു റിട്ടയാർഡ് ഡിസ്ത്രിക്ട് ജഡ്ജിയാണയാൾ!"

ശങ്കരമേനോനൊന്നു ശുണ്ഠിപിടിച്ചു. അയാൾ ചാടി എഴുന്നേററു്, അലറി:

"നീ പോകുന്നോ എന്റെ മുമ്പിൽനിന്ന്? എനിക്കു നിൻെറ ചൊല്പടിക്കൊന്നും നില്ക്കാനാവില്ല. മനസ്സിലായില്ലേ?"

മാധവിയമ്മ എന്തൊക്കെയോ പിറുപിറുത്തുകൊണ്ടു മുറിവിട്ടു.

## രണ്ട്

അയാളുടെ മനസ്സ് ഇളകിമറിഞ്ഞിരിക്കയാണ്. സംഭവമാകട്ടെ, എത്രയും നിസ്സാരം. എങ്കിലും അയാളെ അതു ചിന്തിപ്പിച്ചു, വേദനിപ്പിച്ചു. അങ്ങനെയുള്ള ഘട്ടങ്ങളിലൊക്കെ അയാൾ വല്ല നല്ല ഗ്രന്ഥങ്ങളുമെടുത്തു വായിക്കാൻ ശ്രമിക്കും. അതാണയാളുടെ പതിവും. 'ഗീത'യും ഭത്തൃഹരിയുടെ 'സുഭാഷിതത്രിശതി'യുമാണയാൾക്കു പത്ഥ്യം. അന്നു കൈയിൽ കിട്ടിയതു ഭത്തൃഹരിയാണ്. വെറുതെയൊന്നു തുറന്നുനോക്കി. അപ്പോൾ തന്റെ ദൃഷ്ടിയിൽപ്പെട്ട ശ്ലോകമാണിതു്:

ഗാത്രം സങ്കുചിതം ഗതിർവ്വിഗളിതോ
ഭ്രഷ്ടാ ച ദന്താവലിർ—
ദൃഷ്ടിർന്നശ്യതി വദ്ധതേ ബധിരതാ
വക്ത്രഞ്ച ലാലായിതം
വാക്യം നാദ്രിയതേ തു ബാന്ധവജനോ
ഭാൎയ്യാ ന ശുശ്രൂഷതേ
ഹാ കഷ്ടം! പുരുഷസ്യ ജീൎണ്ണവയസ—
ഃപുത്രോപ്യമിത്രായതേ.

അതെ. താൻ മുമ്പു തൎജ്ജിമചെയ്തുവച്ച ആ ശ്ലോകംതന്നെ! പോലീസ് ഡിപ്പാർട്ടുമെൻറിലാണെങ്കിലും സ്വല്പം കവിതാഭ്രമംകൂടിയുള്ള പുള്ളിയാണയാൾ. ആ ശ്ലോകം പരിഭാഷപ്പെട്ടുത്തിയതയാളോൎത്തു:

ദേഹം നന്നെയുണങ്ങി, കാല്യപതറി—
പ്പല്ലൊന്നുമില്ലാതെയായ്
വായിൽനിന്നൊഴുകുന്നു ചാറു്, ചെവിയും
കണ്ണും നശിച്ചാൎത്തനായ്.
ചൊന്നാലാദരവില്ല, ബന്ധുവിനുമേ
ശുശ്രൂഷ ചെയ്യില്ല തൻ
ഭാൎയ്യാ ഹാ! പുരുഷൻെറ വൃദ്ധദശയിൽ
പുത്രന്നുമേ വൈരമാം.

എത്ര സത്യസന്ധമായ ചിത്രം! ഈ സ്ഥിതിയിലേക്കു താനും വളരെയധികം നീങ്ങിക്കഴിഞ്ഞില്ലെ? കണ്ടില്ലെ മാധവിയുടെ കോലാഹലം! അതും നിസ്സാര കാൎയ്യത്തിനു്! ഇവരുടെയെല്ലാം കൈയിൽ താൻെറ ഗതിയെന്താകും?

ആകെക്കൂടി അഞ്ചു മക്കളാണു തനിക്കു് ഇപ്പോഴുള്ളതു്. അതു കുറഞ്ഞൊരു സംഖ്യയൊന്നുമല്ല. എത്രയാ

യാലെന്താ? നല്ലപോലെ സംരക്ഷിക്കാനുള്ള വഴിയുണ്ടാകണം. അവർ സൽസ്വഭാവികളായിരിക്കയും വേണം. എങ്കിൽ അതൊരു സുഖംതന്നെ. അല്ലെങ്കിൽ നരകവും. രാമചന്ദ്രനും പത്മിനിയും മാത്രമേ ഒരു വഴിക്കായുള്ളു. ജാനു വിവാഹപ്രായമായി വീട്ടിൽ കൂടുകയാണ്. മററു രണ്ടു കുട്ടികളും പഠിക്കയുമാണ്. എങ്ങനെ ഇവരെയൊക്കെ സംരക്ഷിക്കും? മൂത്ത രണ്ടെണ്ണവും നന്നെങ്കിൽ അതിന്നു വിഷമമൊന്നുമില്ല. പക്ഷേ, അതാലോചിക്കാതിരിക്കയാണു ഭേദം. രണ്ടും ഒരുപോലെ ധിക്കാരികളായിപ്പോയല്ലോ. മകളെങ്കിലും കുറച്ചു ഭേദമായിരിക്കുമെന്നാണാദ്യമെല്ലാം തോന്നിയതു്. പക്ഷേ, അതു് അബദ്ധമാണെന്നു ബോദ്ധ്യമായി. അവൾക്കു് ഒരു ഭർത്താവിനെ കിട്ടിയപ്പോൾ ബാക്കിയുള്ളവരെയെല്ലാം പുച്ഛമായി. കിട്ടിയതെങ്ങനെയെന്നോക്കേണ്ട ബുദ്ധി അവൾക്കുണ്ടായോ? എത്ര പണം ചെലവാക്കി! ആരുടെയെല്ലാം കാലുപിടിച്ചു! ആവുന്നതും അരുതാത്തതുമെല്ലാം ചെയ്തിട്ടാണു് അവസാനം ശേഖരനെ കിട്ടിയതു്. ഇപ്പോളവനു പ്രമോഷൻ കിട്ടി ഒരു സബ്‌ജഡ്ജിയായിരിക്കയാണു്. അവൻെറ പ്രമോഷനനുസരിച്ചു് അവളുടെ ധിക്കാരത്തിനും പ്രമോഷനാണു്! അപ്പോഴെയ്ക്കും അച്ഛൻ കിഴവനായി, വിരൂപനായി, ശുണ്ഠിക്കാരനായി, പുരാവസ്തുഗവേഷണവകുപ്പിലേല്പിക്കേണ്ട അപൂർവ്വവസ്തുവായി!

അതൊ, അങ്ങനെ. രാമചന്ദ്രനോ? അവൻ വലിയ ഉദ്യോഗസ്ഥനല്ലേ? ഡി. എസ്. പി.യല്ലെ, ഡി. എസ്. പി.? വെറും ഒരു പോലീസ് കോൺസ്റ്റബിളായി ജോലിനോക്കിയ ഈ നരയൻമീശക്കാരനെ അവന്നു വിലയുണ്ടാകുമോ? ഐ. പി. എസ്. പരീക്ഷ അവൻ ജയിച്ചുവെന്നതു ശരിതന്നെ. എന്നാൽ മെഡിക്കൽ ടെസ്റ്റിന്നു

ബോർഡിലെ അംഗമായ രാമനാഥഅയ്യരുടെ കാല്യതിരുമ്മിയിട്ടാണവനെ തള്ളിവിട്ടതു് എന്ന കാര്യം എത്ര വേഗത്തിലാണവൻ മറന്നതു്? അല്ലാതെ 'വീക് ഹാർട്ടാ'യ ഇവനെ തള്ളിവിടാൻ പറ്റുമോ? അതൊക്കെ ഒരച്ഛന്റെ കടമയല്ലെ എന്നായിരിക്കും വിചാരം. ശരിയാണു്. കടമതന്നെ. എന്നാൽ കടമയെല്ലാവക്കുമുണ്ടു്. അതങ്ങു സൗകര്യപൂർവ്വം മറക്കരുതു്. മരുമകൾ ലീലക്കുട്ടിക്കുവേണ്ടി ഒരു മാററവിവാഹത്തിനു പറഞ്ഞുവച്ചതു നിരസിക്കാനവന്നു ചങ്കുറപ്പുണ്ടായില്ലേ? മാത്രമോ, അതിനെപ്പററി ചോദിച്ചപ്പോൾ പറഞ്ഞതോ? ധിക്കാരം. തന്നിധിക്കാരം! പിന്നീടു് അച്ഛനെന്ന ഒരു വ്യക്തി ജീവിച്ചിരിപ്പുണ്ടെന്ന ഭാവമേ കണ്ടതുമില്ല. പണം പോകട്ടെ. ഒരു കത്തെങ്കിലുമവനയച്ചോ? എങ്ങനെ നന്നാകും ഇവനെല്ലാം? വേണ്ട. ഇവററകളെ ആശ്രയിച്ചു് ഇനി കഴിഞ്ഞുകൂടാനാവില്ല. എന്തെങ്കിലും ചെയ്തേ പററൂ.

ഊണു തയ്യാറായിരിക്കുന്നെന്നു ഭൃത്യൻ വന്നു പറഞ്ഞപ്പോഴാണയാൾ ഉറക്കത്തിൽനിന്നെന്നോണം ഞെട്ടിയതു്.

അയാളെഴുന്നേററു താഴത്തെ നിലയിലേക്കു ചെന്നു.

"ഞാൻ പറഞ്ഞ വിരോധമായിരിക്കും, അല്ലെ?" മാധവിയമ്മ സൗമ്യമായി ചോദിച്ചു.

"ഏയ്, എന്തു വിരോധം? എനിക്കെന്തിനു വിരോധം?"

"അല്ലാതെ, സാധാരണ പറഞ്ഞയച്ചിട്ടല്ലല്ലോ വരാറു്? മണി ഒന്നര കഴിഞ്ഞല്ലോ? ഉച്ചയ്ക്കു് ഒരുമണിയായപ്പോൾ കൈയും കഴുകി ഊൺമുറിയിലേക്കു വരുന്ന മനുഷ്യൻ വരാഞ്ഞതുകൊണ്ടു സംശയിച്ചുപോയി." മാധവിയമ്മ പറഞ്ഞു.

"എനിക്കാരോടും വിരോധമില്ല. ആക്കും എന്നോട്ട വിരോധത്തിന്നു ഞാൻ വഴിവെക്കയുമില്ല. വെറുതെ ഇങ്ങട്ട ചാടിക്കയറുന്നവരൊക്കെ കയറിക്കോട്ടെ. ഞാനതു കാശിനുപോലും വിലവെക്കയുമില്ല."

ശങ്കരമേനോന്റെ സ്വരം ദൃഢമായിരുന്നു.

"ഞാനെന്തെങ്കിലും തെറ്റുചെയ്തുപോയിട്ടുണ്ടെങ്കിൽ ക്ഷമിക്കണം. എന്തൊക്കെയോ ഓൎത്തു മുറുമുറുത്തുപോയെന്നേയുള്ളു." മാധവിയമ്മ പശ്ചാത്താപത്തോടെ പറഞ്ഞു.

അതിലിടയ്ക്കു് അയാൾ കാലും മുഖവുമെല്ലാം കഴകിതുടച്ചു് ഊൺമേശയ്ക്കരികിലെത്തി.

മാധവിയമ്മ ചോറും കൂട്ടാനുമെല്ലാം സസ്നേഹം വിളമ്പിക്കൊടുത്തു തന്റെ ഭൎത്താവു് ഊണുകഴിക്കുന്നതു നോക്കിക്കൊണ്ടേയിരുന്നു.

അയാൾ പറഞ്ഞു: "കേട്ടോ, മാധവി! ഞാൻ പലതും ആലോചിച്ചുപോയി. നമുക്കു രണ്ടു മക്കളുണ്ടല്ലോ, മക്കൾ? അവററകളുടെ കാര്യമാ പറയുന്നതു്. ഓൎത്തപ്പോൾ വല്ലാത്ത സങ്കടം തോന്നി."

"ഉം, എന്താ?" മാധവിയമ്മ ചോദിച്ചു.

"ഒന്നുമില്ല, ഞാനെന്തിനിവററകളെയൊക്കെ പണിപ്പെട്ടൊരു വഴിക്കാക്കിയെന്നാണോൎത്തുപോയതു്!"

"അതു നിങ്ങളുടെ ധൎമ്മം."

"അപ്പോൾ അവരുടെ ധൎമ്മം?"

"അതവർ ചെയ്യുന്നില്ലെന്നു വ്യക്തമല്ലേ? വേണ്ട. നിങ്ങളെക്കൊണ്ടും എന്നെക്കൊണ്ടും അവരെ നന്നാക്കാനൊക്കുമോ?"

അവരുടെ സ്വരത്തിൽ വിഷാദം പ്രകടമായിരുന്നു.

"അതുതന്നെയാ പറഞ്ഞതു്. എന്റെ തലയിലെഴ

ത്തെന്നു പറഞ്ഞാൽ മതിയല്ലോ.'' ശങ്കരമേനോൻ പറഞ്ഞു.

''പോട്ടെ, നിങ്ങൾ ഊണുകഴിക്കു്. ഇതൊന്നും ഓൎത്തു മനസ്സു പുണ്ണാക്കേണ്ട.'' മാധവിയമ്മ ആശ്വസിപ്പിച്ചു.

അയാൾ ഊൺ കഴിഞ്ഞെഴുനേററു കൈ കഴുകി. എന്നിട്ടു ചുമലിലിട്ട മുണ്ടുകൊണ്ടു കൈയും മുഖവും തുടച്ചു മീശ ഒതുക്കിക്കൊണ്ടുവരവെ പറഞ്ഞു:

''ഞാൻ ഒന്നു തീച്ചപ്പെട്ടുത്തി മാധവീ?''

''ഉം, എന്താതു്?''

''ഒന്നുമില്ല. ഞാൻ വല്ല ഉദ്യോഗത്തിന്നും പോകാൻ തീർച്ചയാക്കി. വല്ല എസ്റ്റേററുമാനേജരുടെ ജോലിയോ, ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസറുടെ ജോലിയോ എന്തെങ്കിലും കിട്ടില്ലേ? ഇനി ആരെയും താങ്ങിയോ, ആശ്രയിച്ചോ ജീവിക്കാനാവില്ല.''

ആ വാൎത്ത മാധവിയമ്മയെ അസ്വാസ്ഥയാക്കി. അവരതു പ്രതീക്ഷിച്ചിരുന്നില്ല. പെൻഷൻപററിയാലും എന്തെങ്കിലും ജോലിയെടുക്കണമെന്നു ഭൎത്താവിനെ ശാസിച്ചപ്പോൾ ഉദ്യോഗത്തിന്നായി ദൂരെപ്പോയി ഈ വയസ്സുകാലത്തു് ഉഴലണമെന്നല്ല, അവർ ഉദ്ദേശിച്ചിരുന്നതു്. വീട്ടിലിരുന്നുകൊണ്ടു ലഘുവായി വല്ലതും ചെയ്യണമെന്നുമാത്രമായിരുന്നു.

''നിങ്ങൾക്കു പെൻഷനില്ലേ? പിന്നെയെന്തിനു പോകുന്നു? നിങ്ങൾ മററാരെയും ആശ്രയിച്ചു കഴിയുകയല്ലല്ലോ?''

''അല്ല. പക്ഷേ, സി. ഐ. ആയി ആക്ടു്ചെയ്തിട്ടുണ്ടെങ്കിലും സ്ഥിരം എസ്. ഐ. ആയയാണ് ഞാൻ റിട്ടയർചെയ്തതു്. അപ്പോൾപ്പിന്നെ പെൻഷനെത്രയുണ്ടാ

കും? ഈ വളപ്പിൽനിന്നുംമററുമായി കുറച്ചു തേങ്ങയൊക്കെ കിട്ടുമായിരിക്കാം. എന്നാൽ ഈ ഭാരിച്ച ചെലവ് ഇതൊക്കെക്കൊണ്ടു നിർവ്വഹിക്കാൻ കഴിയുമോ? പോരെങ്കിൽ നിന്റെ തറവാട്ടുവക ഭാഗവ്യവഹാരത്തിൽ ഞാൻ തലയിട്ടു വശായിരിക്കയുമാണ്. ഇനി പിന്മടങ്ങാനൊക്കുമോ? അതു നടത്തിക്കൊണ്ടുപോകാൻ ചെലവെത്ര വേണം? ഈ ചെറിയ പെൻഷനുംമററുംകൊണ്ടു നിത്യച്ചെലവും വ്യവഹാരവും നടക്കുമോ?" അയാൾ ആവലാതിപ്പെട്ടു.

"ഞാനന്നേ പറഞ്ഞില്ലേ, അതാവശ്യമില്ലെന്ന്? പക്ഷേ, നിങ്ങൾ ഒരേ പിട്ടത്തം പിടിച്ചു. ഇനി പറഞ്ഞിട്ടെന്തു കാര്യം?"

"ഉം, ഉം. എന്തെങ്കിലുമൊരു വഴിയുണ്ടാകും." അയാൾ എന്തോ ആലോചിച്ചാശ്വസിച്ചുകൊണ്ടു മുകളിലേക്കു കയറിപ്പോയി, കിടക്ക നിവർത്തി കിടന്നു.

ഉച്ചയ്ക്കു ഊണുകഴിഞ്ഞാൽ അല്പമൊന്നുറങ്ങണം. അതയാളുടെ പതിവാണ്. റിട്ടയർചെയ്തതിൽപ്പിന്നെ ഈ ദിനചര്യയ്ക്കു മുടക്കംവരുത്തീട്ടില്ല. പ്രായംചെന്നവക്കു നല്ലതുമാണല്ലോ.

പതിവുപോലെ കിടന്നെന്നല്ലാതെ ശങ്കരമേനോന് ഉറക്കം വന്നില്ല. എന്തൊക്കെയോ ചിന്തകൾ അയാളുടെ മനസ്സിനെ മഥിച്ചുകൊണ്ടിരുന്നു. ഇനി വീട്ടിലിങ്ങനെ ചടഞ്ഞുകൂട്ടുന്നതു നന്നല്ല. പണത്തിനു തിട്ടക്കം വരുമ്പോൾ മക്കളിൽനിന്നു വല്ലതും കിട്ടണമെന്നാഗ്രഹിച്ചുപോകും. അതു സ്വാഭാവികവുമാണല്ലോ. എന്നാലതു് ആത്മഹത്യാപരമാണെന്നു ബോദ്ധ്യമായിത്തുടങ്ങിയിരിക്കുന്നു. ഇനി താനാരോടും ഇരക്കാൻ ഭാവമില്ല. അഥവാ ഇരന്നാൽ ഇരന്നുവെന്നല്ലാതെ യാതൊരു പ്രയോജനവു

മുണ്ടാകയുമില്ല. അഭിമാനം പോയതു മാത്രമാവും ഫലം. അപ്പോൾ പിന്നെ എങ്ങനെ കഴിഞ്ഞുകൂട്ടും? അന്തസ്സും ആത്മാഭിമാനവും വിടാതെ ജീവിച്ചതാണല്ലോ. ഇനി അങ്ങോട്ടു തനി പിശുക്കൻെറ ജീവിതം സാദ്ധ്യവുമല്ല. അപ്പോൾ മാനമായി ജീവിക്കാൻ വഴിയെന്തു്? അദ്ധ്വാനിച്ചു ജീവിക്കുക. പക്ഷേ, അതിനു ശക്തിയുമില്ലല്ലോ. എന്തുചെയ്യും? ഏതായാലും കേശവൻകുട്ടിയെ ഒന്നു കാണണം. അവൻ പേരുകേട്ട ഒരു ഡോക്ടരാണല്ലോ. ഒന്നു പരിശോധിച്ചിട്ടു വല്ല ടോണിക്കും വാങ്ങി കഴിക്കണം. ദേഹബലമുണ്ടെങ്കിലല്ലേ, അദ്ധ്വാനിക്കാൻ പററൂ?

എന്തൊക്കെയോ ആലോചിച്ചുപോവുകയാണു്. അതുകാരണം ഉറക്കവും പോയി. എങ്കിലും കണ്ണടച്ചു ശരീരവുമയച്ചിട്ടു് അല്പനേരമൊന്നു കിടന്നുനോക്കട്ടെ. ഉറങ്ങിയില്ലെങ്കിലും ക്ഷീണം തീരാനതു മതി.

അയാളങ്ങനെ നിർവ്വിചാരനായി, നിശ്ചേഷ്ടനായി കിടന്നു.

## മൂന്നു്

ഉറക്കം ഞെട്ടിയതു് മാധവിയമ്മ ചെന്നു വിളിച്ചപ്പോഴാണു്.

"ദാ, എണീക്കു. എന്തുറക്കമാണിതു്? മണി നാലര കഴിഞ്ഞല്ലോ. ഡോക്ടർ കേശവൻകുട്ടിമേനോനുണ്ടു് താഴെ." അവർ പറഞ്ഞു.

കണ്ണും തിരുമ്മിക്കൊണ്ടു ശങ്കരമേനോൻ എഴുന്നേററിരുന്നു. അയാൾ ചോദിച്ചു:

"ആരാ?"

"അതേന്നു്. കേശവങ്കുട്ടിമേനോൻ. റിട്ടയർഡ് ഡി. എം. ഒ. ഇല്ലെ? അയാൾതന്നെ."

അയാൾ വേഗം എഴുന്നേറ്റു് കീഴെ വന്നു. "അല്ലാ, ഇതാരു്? കേശവങ്കുട്ടിയൊ? വരൂ. വരൂ. ഇരിക്കു. എത്ര നാളായി കണ്ടിട്ടു്? വാസ്തവം പറയട്ടെ. ഞാൻ കാണണമെന്നു വിചാരിച്ചുകൊണ്ടിരിക്കയായിരുന്നു. വരൂ. നമുക്കു മുകളിലിരിക്കാം. അതാ നല്ലതു്."

ശങ്കരമേനോൻ ഡോക്ടരെ മുകളിലെത്തട്ടിലുള്ള തൻെറ മുറിയിലേക്കാനയിച്ചു.

ഒരു സോഫയിൽ അടുത്തടുത്തായി രണ്ടുപേരുമിരുന്നു.

"അപ്പോൾ എന്തേ, കേശവങ്കുട്ടി ഇത്രയും നാളായി ഇങ്ങോട്ടൊന്നു വരാതിരുന്നതു്?" ശങ്കരമേനോൻ ചോദിച്ചു.

"ഒന്നുമില്ലാ ശങ്കരേട്ട. ആളുകൾ സൈ്വരം തരണ്ടെ? റിട്ടയർചെയ്താലെങ്കിലും സൈ്വരമായിരിക്കാമെന്നു വിചാരിച്ചിരുന്നു. ഇപ്പോൾ അതും പററുന്നില്ല."

"ഉം?"

"എന്താന്നൊ? രാവിലെമുതൽ വൈകുന്നേരം വരെ രോഗികൾതന്നെ. തലവേദന, നെഞ്ചുവേദന, പനി, ചുമ, അതിസാരം—ഈ പാട്ടു കേൾക്കാനെ ഇവനു നേരമുള്ളു. കണ്ടതെല്ലാം വാരിവലിച്ചു തിന്നും. ചിട്ടയില്ലാതെ ജീവിക്കും. ഓരോന്നു വരുത്തിവച്ചു് ഇങ്ങോട്ടു ചാടിവരും. ആഹാരത്തിൽ ചില നിയന്ത്രണമൊക്കെ വേണമെന്നു പറഞ്ഞാൽ അതു കൂട്ടാക്കയുമില്ല. എന്തുചെയ്യാം. രോഗികളല്ലെ? അവരെ നിരാശപ്പെടുത്തിയയയ്ക്കുന്നതു ശരിയല്ലല്ലൊ എന്നുവെച്ചു ഞാനാരെയും മടക്കുകയില്ല. ഫലമോ? എനിക്കു വിശ്രമമില്ലെന്നതു

തന്നെ. ഏതായാലും ഇന്നുച്ചയ്ക്കുശേഷം ആരെയും സ്വീകരിക്കയില്ലെന്നു തീർച്ചപ്പെടുത്തിയിട്ടു തിരിച്ചു.''

''അതു നല്ലതുതന്നെ. അവനവൻെറ ദേഹം ഗൗനിക്കാതെ പററുമോ? ഇടയ്ക്കൊക്കെ വിശ്രമംവേണം കേട്ടോ, കേശവൻകുട്ടി. അവനവൻ കുഴങ്ങിയാൽ പിന്നെ ആരുമുണ്ടാവില്ല. ആരെക്കൊണ്ടും ഒന്നും ചെയ്യാനും പററില്ല. അവനവൻതന്നെ അനുഭവിക്കേണ്ടിവരും.''

''ശരിയാ പറഞ്ഞതു്.'' കേശവൻകുട്ടിമേനോൻ ശരിവെച്ചു.

അപ്പോഴെയ്ക്കും ഭൃത്യൻ ചായയും പലഹാരവും കൊണ്ടുവന്നു മേശപ്പുറത്തു വെച്ചു.

ശങ്കരമേനോൻ കെററിലിൽനിന്നു രണ്ടു കപ്പിലേക്കായി ചായ ഒഴിച്ചു. എന്നിട്ട് അതിൽനിന്നൊന്നെടുത്തു് കേശവൻകുട്ടിമേനോന്നു കൊടുത്തു. രണ്ടുപേരും ചായയും പലഹാരവും കഴിച്ചുകൊണ്ടിരിക്കയാണ്. ശങ്കരമേനോൻ പറഞ്ഞു:

''കുറച്ചുദിവസമായി കേശവൻകുട്ടിയെക്കൊണ്ട് എൻെറ ദേഹമൊന്നു പരിശോധിപ്പിച്ചു വല്ല ടോണിക്കും കഴിക്കണമെന്നു വിചാരിക്കുന്നു—''

''എന്താ സുഖമില്ലെ? കണ്ടാൽ തരക്കേടൊന്നും തോന്നുന്നില്ലല്ലൊ.'' കേശവൻകുട്ടിമേനോൻ അഭിപ്രായപ്പെട്ടു.

''പക്ഷേ, അതു പറഞ്ഞിട്ടെന്തുകാര്യം? എനിക്കെപ്പോഴും ക്ഷീണമാണ്. ഒരു തളച്ച്. ഒന്നും പ്രവൃത്തിക്കാനൊരുന്മേഷവുമില്ല.''

''ഓ നമുക്കൊക്കെ പ്രായമായില്ലെ, ശങ്കരേട്ടാ?

ഇനി മുമ്പേത്തെപ്പോലെ ശക്തിയും ഉന്മേഷവുമൊക്കെ കിട്ടുമോ?''

ശങ്കരമേനോന്നു നിരാശതോന്നി. ഇതു പറയാനി യാൾ വേണോ? നല്ലൊരു ഡോക്ടർ!

''ഇതൊക്കെ ഒരു പ്രായമാണോ കേശവൻകുട്ടീ?'' ശങ്കരമേനോൻ ചോദിച്ചു.

''ആട്ടെ, ശങ്കരേട്ടനെന്തു പ്രായമായി?''

''അറുപത്തഞ്ചേ ആയിട്ടുള്ളു.''

''അറുപത്തഞ്ചേ ആയിട്ടുള്ളുവെന്നു്! എനിക്കു പ്രാ യം അറുപത്തുമൂന്നാണു്. പലപ്പോഴും എനിക്കു വല്ലാത്ത ക്ഷീണം തോന്നാറുണ്ടു്. പക്ഷേ, ഞാനൊരു മരുന്നും കഴി ക്കാറില്ല.''

''നിനക്കത്ര കലശലായ ക്ഷീണമില്ലായിരിക്കും. ''അതൊക്കെ പോട്ടെ. നീ ഒരു ടോണിക്കെഴുതിതാ. ഞാനൊന്നു കഴിച്ചുനോക്കട്ടെ.'' ശങ്കരമേനോൻപറഞ്ഞു.

അയാൾ തീർച്ചയാക്കിയിരിക്കയാണു്. എന്തെങ്കി ലും മരുന്നു കഴിച്ചു ദേഹം കുറെ നന്നാക്കിയേ പററൂ. അയൽവീട്ടിലെ അമ്മാളുഅമ്മയുടെ ഭർത്താവിന്നു് വയസ്സു് എഴുപതു കഴിഞ്ഞു. എന്നിട്ടും നല്ല ആരോഗ്യമുണ്ടു്. പെൻഷൻ വാങ്ങാൻ പോകുമ്പോൾ ഒരു മാസത്തേക്കു വേണ്ടുന്ന ടോണിക്കും ഗുളികകളും മററും വാങ്ങിക്കൊണ്ടു വരുമത്രേ. അതു പതിവായി കഴിക്കുകയും ചെയ്യും. അതാ ണയാൾക്കിത്ര ചൊറുചൊറുക്കു്.

''കുറെ മരുന്നു കഴിച്ചതുകൊണ്ടു ദേഹം നന്നാകുമെ ന്നാണോ ശങ്കരേട്ടന്റെ വിചാരം?'' പുഞ്ചിരിച്ചുകൊണ്ടു് ഡോക്ടർ ചോദിച്ചു.

''ഇതു നല്ല ചോദ്യംതന്നെ. ഒരു ഡോക്ടരിൽനിന്നു

കേൾക്കുന്ന ചോദ്യം! പിന്നെ മരുന്നു കഴിച്ചിട്ടാരും ദേഹം നന്നാക്കാറില്ലേ?'' ശങ്കരമേനോൻ ചോദിച്ചു.

''ഇല്ലെന്നുതന്നെ ഞാൻ പറയും. ഒരു ഡോക്ടരായതുകൊണ്ടാണ് ഞാനീ പറയുന്നതു്. ഇരുപത്തഞ്ചുകൊല്ലം ഒരു ഡോക്ടരായി ജോലിനോക്കി പലതും കണ്ടും അറിഞ്ഞും ചിന്തിച്ചും പറയുകയാണ്. ചിരകാലപരിചയവും ചിന്താശീലവുമുള്ള ഏതു ഡോക്ടരും അതേ പറയൂ. ഞാനൊരു വാദപ്രതിവാദത്തിന്നു തുനിയുകയാണെന്നു വിചാരിക്കരുതു്. ശങ്കരേട്ടൻെറ നന്മയോർത്തു പറയുന്നതാ.''

ശങ്കരമേനോൻ ഒന്നും പറയാതെ തൻെറ സുഹൃത്തിൻെറ മുഖത്തുതന്നെ ദൃഷ്ടിയുറപ്പിച്ചുകൊണ്ടിരിക്കുകയാണ്.

കേശവൻകുട്ടിമേനോൻ തുടൎന്നു: ''എനിക്കറിയാം. ഞാനീ പറയുന്നതു് ശങ്കരേട്ടനെന്നല്ല, തൊണ്ണൂറുശതമാനം ആളുകൾക്കും മനസ്സിലാവാൻ വിഷമമാണെന്നു്. കാരണം, നാമെല്ലാം ചെറുപ്പംമുതൽക്കേ ചിലതൊക്കെ ധരിച്ചുവെച്ചിട്ടുണ്ട്. വല്ല അസുഖവും തോന്നിയാൽ അപ്പോൾ മരുന്നു കഴിക്കണം. എങ്കിലേ രോഗം മാറുകയുള്ളുവെന്നാണ് നമ്മുടെയെല്ലാം വിശ്വാസം. തലമുറകളായി നാം ഈ ധാരണ താലോലിച്ചുവരുന്നവരാണ്. രോഗമെന്നാലെന്താണ്? എന്തായിരിക്കണം അതിന്നു ചികിത്സ? എന്നൊക്കെ പറയാൻ തുടങ്ങിയാൽ കുറെയധികം പറയാനുണ്ട്. അതു പിന്നീടൊരിക്കലാവാം. പല ചിന്തകരായ ഡോക്ടർമാരും മരുന്നു കഴിക്കുന്നതിനെ അനുകൂലിക്കുന്നില്ലെന്ന കാൎയ്യം ശങ്കരേട്ടന്നറിയുമോ?'' കേശവൻകുട്ടിമേനോൻ ചോദിച്ചു.

''ഇല്ല. ആരാ മരുന്നു കഴിക്കേണ്ടെന്നു പറഞ്ഞതു്?

അങ്ങനെയൊരാളുണ്ടോ? കേൾക്കട്ടെ, ആരാ അതു്?'' ശങ്കരമേനോൻ ഉൽക്കണ്ഠാഭരിതനായി ചോദിച്ചു.

കേശവൻകുട്ടിമേനോൻ പറഞ്ഞു: ''അങ്ങനെ ഒരാളല്ല, എത്രയോ പേരുണ്ടു്! ഒരാളുടെ അഭിപ്രായം മാത്രം ഇപ്പോൾ പറയാം. ലോകാരോഗ്യസംഘടനയിലെ ഗുഹ്യരോഗവിദഗ്ദ്ധനായ ഡോക്ടർ ലെയ്ബ്ബി പറഞ്ഞതിതാണു്. രോഗബാധിതരായ പത്തു പേരിൽ ആറുപേരുടെയെങ്കിലും രോഗം മാറുന്നതു മരുന്നുകൊണ്ടല്ല, ബാഹ്യമായ എന്തോ ചില ശക്തികളുടെ സ്വാധീനംകൊണ്ടാണു്. തന്റെ രോഗികളെ ശരിയായി ജീവിക്കാൻ പഠിപ്പിക്കയല്ലാതെ താനവർക്കു മരുന്നു കൊടുക്കാറില്ലെന്നാണദ്ദേഹം പറയുന്നതു്. ഈ ബാഹ്യമായ ശക്തി ദൈവികശക്തി(പ്രകൃതിയുടെ ശക്തി)യാണെന്നാണയാളുടെ വിശ്വാസം. ഞാൻ പറഞ്ഞതു വിശ്വാസമില്ലെങ്കിൽ 1949 നവംബർ 4–ാംതീയതിയത്തെ 'ഹിന്ദു'പത്രം നോക്കിയാൽ മതി.''

''ഒക്കെ ശരി. അപ്പോൾ നീതന്നെ പറഞ്ഞില്ലേ, നിത്യവും നീ രോഗികളെ ചികിത്സിക്കാറുണ്ടെന്നും ഈ റിട്ടയർചെയ്ത കാലത്തുപോലും വിശ്രമമില്ലെന്നും? മരുന്നിൽ വിശ്വാസമില്ലാത്ത നീയെങ്ങനെ മരുന്നു കൊടുക്കുന്നു?'' വിജയഭാവത്തിൽ ശങ്കരമേനോൻ ചോദിച്ചു.

കേശവൻകുട്ടിമേനോന്റെ വാദം മുഴുവൻ ഈ ചോദ്യത്തോടെ തകരുമെന്നായിരുന്നു ശങ്കരമേനോൻ കരുതിയതു്. പക്ഷേ, അതു സംഭവിച്ചില്ല. കേശവൻകുട്ടിമേനോൻ പുഞ്ചിരിച്ചുകൊണ്ടു ചോദിച്ചു;

''ശങ്കരേട്ടൻ നിത്യവും ഗീത വായിക്കാറുണ്ടല്ലോ, ഇല്ലെ? ശരി. അതിലെ 'ന ബുദ്ധിഭേദം ജനയേത്…' എന്നു തുടങ്ങുന്ന പ്രസിദ്ധമായ ശ്ലോകം ഓർക്കുന്നില്ലേ?''

"ഉണ്ട്. എന്താ?"

"അതിൻെറ അത്ഥം പ്രകൃതകാര്യത്തിലും യോജിപ്പിക്കാവുന്നതാണ്. അജ്ഞാനികളായ രോഗികൾ മരുന്ന് ഉദ്ദിഷ്ടഫലംചെയ്യുമെന്നും ദോഷമൊന്നും ചെയ്യുകയില്ലെന്നും വിശ്വസിക്കുന്നു. സൂക്ഷ്മമായി ചിന്തിച്ചാൽ ഇതു തെററാണ്. എങ്കിലും അങ്ങനെ വിശ്വസിക്കുന്ന ബഹുഭൂരിപക്ഷം ജനങ്ങളുടെയും ബോധത്തെ ബുദ്ധിമാൻ ഇളക്കരുത്. പെട്ടെന്നങ്ങനെ ഇളക്കിയാൽ കുഴപ്പം പലതുമുണ്ടാകും. നിരാശയും അശുഭാപ്തിവിശ്വാസവും അവരിൽ വളന്നുവരും. രോഗം മാറാതിരിക്കാൻ അതൊന്നു മാത്രം മതിയെന്നുവരാം. അതുകൊണ്ടു കാര്യവിവരമുള്ള ഒരു ഡോക്ടർ അത്തരക്കാരുടെ വിശ്വാസങ്ങളെ ഒരതിത്തിവരെ മാനിക്കുകതന്നെ വേണം. ഈ അടിസ്ഥാനത്തിലാണ് ഞാൻ ചികിത്സിക്കാറു്. ഏററവും കുറഞ്ഞ ദോഷമുള്ള മരുന്നേ ഞാൻ കൊടുക്കൂ. അതുതന്നെയും കുറഞ്ഞ അളവിൽ മാത്രം. അതുകൊണ്ടു ഫലത്തിനൊന്നും കുറവു കണ്ടിട്ടുമില്ല. ഇത്രയും വിസ്തരിച്ചു പറഞ്ഞതു് ശങ്കരേട്ടനു കാര്യം പറഞ്ഞാൽ മനസ്സിലാകുമല്ലോ എന്നുവച്ചാണ്."

ഇത്രയുമായപ്പോഴേക്കും അവരുടെ ചായകുടി കഴിഞ്ഞു. ശങ്കരമേനോനെഴുന്നേററു തന്റെ മേശപ്പുറത്തുനിന്നു സിഗററുകെയ്സെടുത്തു തുറന്നു സ്നേഹിതന്നു നീട്ടി. അയാളതിൽനിന്നു് ഒരെണ്ണമെടുത്തു ചുണ്ടത്തു വെച്ചു. ശങ്കരമേനോൻ ലൈററർകൊണ്ടതു കത്തിച്ചുകൊടുത്തു. എന്നിട്ടു താനുമൊരു സിഗററെടുത്തു കത്തിച്ചു പുകവിട്ടുകൊണ്ടു ചോദിച്ചു:

"അപ്പോൾ മരുന്നു കഴിക്കുന്നവരൊക്കെ വിഡ്ഢികളാണെന്നാണോ കേശവൻകുട്ടീടെ അഭിപ്രായം?"

"എന്നു ഞാൻ പറയില്ല. അവക്ക് ആരോഗ്യസംബന്ധമായ കാര്യങ്ങൾ ശരിക്കറിയില്ലെന്നേ ഞാൻ പറയൂ."

"അപ്പോൾ ദേഹം നന്നാക്കാൻ എന്തു ചെയ്യണമെന്നാ പറയുന്നത്?"

മിതവും ഹിതവും ശുദ്ധവും പോഷകവുമായ ആഹാരക്രമം, ശുദ്ധവായു, വ്യായാമം, മനഃസ്വാസ്ഥ്യം, ഈശ്വരവിചാരം എന്നിവയാണ് ആരോഗ്യസമ്പാദനത്തിന്നും സംരക്ഷണത്തിന്നും ആവശ്യമായ ഘടകങ്ങളെന്നും, മിക്ക ഔഷധങ്ങളും താൽക്കാലികമായി ഗുണംചെയ്യുന്നുവെന്നു തോന്നാറുണ്ടെങ്കിലും യഥാർത്ഥത്തിൽ ദോഷമാണു ചെയ്യുകയെന്നും ഡോക്ടർ കേശവൻകുട്ടിമേനോൻ പറഞ്ഞുകൊടുത്തു. പക്ഷേ, ശങ്കരമേനോന്റെ സംശയം തീർന്നില്ല. അയാൾ ചോദിച്ചു:

"അപ്പോൾ ആയുർവ്വേദചികിത്സയായാലും ദോഷം തന്നെയാവുമോ ഫലം? ച്യവനപ്രാശം കഴിച്ചാലോ? അതു നല്ല മരുന്നാണെന്നു കേട്ടിട്ടുണ്ട്. കേശവൻകുട്ടീടെ അഭിപ്രായമെന്താ?"

"അല്ലോപ്പതിയിലെ മരുന്നുകളുടെ അത്രതന്നെ ദോഷംചെയ്യില്ല. അല്ല, എനിക്കായുർവ്വേദത്തിൽ വലിയ വിവരമൊന്നുമില്ല. എങ്കിലും സാമാന്യജ്ഞാനംവെച്ചു പറയുകയാണ്. 'വിനാപി ഭേഷജൈർവ്യാധിഃ പത്ഥ്യാദേവ നിവർത്തതേ' എന്നു ചരകാചാര്യൻതന്നെ പറഞ്ഞിട്ടുണ്ട്. അതായതു്, മരുന്നുകൂടാതെ പത്ഥ്യംകൊണ്ടുതന്നെ രോഗമുക്തി നേടാം എന്ന്. ആതു പോകട്ടെ, ഇന്ന് എത്രയെത്ര ആയുർവ്വേദൗഷധങ്ങൾ തിരിച്ചറിയാൻകഴിയാതെയുണ്ടെന്നറിയ്യോ? ഉദാഹരണത്തിന്ന് അഷ്ടവർഗ്ഗത്തിലെ കാകോളി, ക്ഷീരകാകോളി, മേദ,

മഹാമേദ മുതലായവ ആക്കാണറിയുക? അങ്ങനെ പല തുമുണ്ട്."

"എന്തൊ, എനിക്കൊന്നുമറിയില്ല. എനിക്കെന്തെങ്കിലും ഒരു ചികിത്സ കൂടാതെ കഴിയില്ല. നിൻെറ ഈ വേദാന്തപ്രസംഗമൊന്നും എന്റെ തലയിൽ കയറുന്നില്ല, കേശവൻകുട്ടീ. എൻെറ മനസ്സും ദേഹവും വല്ലാതെ തളന്നിരിക്കുന്നു. ദിവസേന അവ ക്ഷീണിച്ചുകൊണ്ടു വരികയുമാണ്."

തൻെറ സുഖക്കേടിന്നു പ്രധാനകാരണം മാനസികമായ അസ്വാസ്ഥ്യമാണെന്നും, അതു നീക്കുകയാണാദ്യമായി വേണ്ടതെന്നും കേശവൻകുട്ടിമേനോനുപദേശിച്ചു.

"നീ പറയുന്നതു കുറെയൊക്കെ ശരിയാ. എന്റെ മനസ്സും വളരെ അസ്വസ്ഥമായിരിക്കയാണ്. അതിൽ നിന്നു രക്ഷകിട്ടാനൊരു വഴിയും കാണുന്നുമില്ല." ശങ്കരമേനോൻ പറഞ്ഞു.

" ആ, അങ്ങനെ പറ. ഞാൻ ചോദിക്കട്ടെ, ശങ്കരേട്ടനെന്താ വിഷമം?"

"അതു്...അതു്..."

"പറയൂ. എന്നോടല്ലേ? ശങ്കരേട്ടൻെറ കായ്യം എനിക്കു കേട്ടുകൂടെങ്കിൽ പിന്നെ ആക്കാണു കേൾക്കാൻ പാട്ടുള്ളതു്? പറയൂ." കേശവൻകുട്ടിമേനോൻ നിബ്ബന്ധിച്ചു.

തുടൎന്നു് ശങ്കരമേനോൻ തൻെറ മക്കളുടെ കായ്യവും അതുനിമിത്തം തനിക്കുള്ള ദുഃഖവുമെല്ലാം ഒന്നൊഴിയാതെ താഴ്ന്ന സ്വരത്തിൽ സ്നേഹിതനെ പറഞ്ഞുകേൾപ്പിച്ചു.

"ഓ! ഇതാണോ കായ്യം? ഇതൊന്നും അത്ര കായ്യമാ

യെട്ടക്കരുതു്, ശങ്കരേട്ടാ. ഇത്രയൊക്കെ പണിപ്പെട്ടു മക്കളെ ഒരു നിലയ്ക്കാക്കീട്ടു തനിക്കു പ്രതിഫലം സ്നേഹശൂന്യമായ പെരുമാററമാണെന്നതു സാധാരണജനങ്ങൾക്കു മനോവിഷമമുണ്ടാക്കുന്ന കാര്യംതന്നെയാണു്. പക്ഷേ, നാമൊക്കെ കുറച്ചു പാകതയും വിവേകവും കൈവന്ന ആളുകളല്ലേ? ഈമാതിരി കാര്യങ്ങളൊന്നും ആലോചിച്ചു വിഷമിക്കരുതു്. നിങ്ങൾ നിങ്ങളുടെ കടമ ചെയ്യു. ഫലം എന്തുമാവട്ടേ. ഫലാസക്തികൂടാതെ സ്വധർമ്മം നിർവ്വഹിക്കാനല്ലേ ഗീത ഉപദേശിക്കുന്നതു്? ശങ്കരേട്ടനാണെങ്കിൽ ഗീത ദിവസവും പാരായണംചെയ്യുന്ന ആളുമാണു്. ഇത്ര വേഗത്തിൽ ഇതൊക്കെ അങ്ങു മറന്നുപോയോ?'' കേശവൻകുട്ടിമേനോൻ ഒരു ചെറുപ്രസംഗംതന്നെ നടത്തി.

"എന്നാലും മനസ്സു പതറിപ്പോകുന്നു കേശവൻകുട്ടീ, എന്തുചെയ്യാം?''

ഇത്രയുമായപ്പോഴേക്കും മണി ആറോടടുത്തു. കേശവൻകുട്ടിമേനോൻ സ്നേഹിതനോടു യാത്രപറഞ്ഞു പിരിഞ്ഞു.

സുഹൃത്തിൻെറ ഉപദേശവും സാന്ത്വനവും ശങ്കരമേനോനെ ആശ്വസിപ്പിച്ചുവോ? ഇല്ല. പ്രത്യുത അയാൾ കൂടുതൽ ചിന്താമഗ്നനായിരിക്കയാണു ചെയ്തതു്. അയാളുറച്ചുകഴിഞ്ഞിരിക്കയാണു് ആരുടെ ആശ്രയവുമില്ലാതെ സ്വതന്ത്രനായി, കെട്ടുപാടുകളൊന്നുമില്ലാതെ ജീവിക്കാൻ.

അന്നു രാത്രിയും അയാൾക്കുറക്കം കമ്മിയായിരുന്നു. എവിടേക്കെങ്കിലും ഇറങ്ങിപ്പോകണം. കാഷായവസ്ത്രവുമായി, ഭിക്ഷാംദേഹിയായി എങ്ങോട്ടെങ്കിലും പോകണം. ഈശ്വരധ്യാനനിരതനായി ജീവിതശിഷ്ടം കഴിക്കണം. ശരി.

അപ്പോൾ മാധവിയേയും, ജാനകിയേയും, ഭാർഗ്ഗവിയേയും, രവിയേയുമെല്ലാം ആർ സംരക്ഷിക്കും? ഇല്ലേ? ആ ധിക്കാരിചെക്കനും പെണ്ണുമില്ലേ? അമ്മയേയും സഹോദരീസഹോദരന്മാരേയും സംരക്ഷിക്കേണ്ട കടമ അവക്കില്ലേ? എന്നും ഇവനാണോ കുടുംബഭാരം താങ്ങേണ്ടതു്? അവസാനകാലത്തും സൈ്വരം പാടില്ലെന്നോ? അപ്പോൾ മാധവിയുടെ ഭാഗക്കേസോ? പോകട്ടെ. അതു് എന്തെങ്കിലുമാകട്ടെ. അല്ലെങ്കിൽ ഭിക്ഷാംദേഹിയായി പോകാനൊരുമ്പെട്ട ഒരുവനു് ഇതൊക്കെ ഒരു പ്രശ്നമാണോ? ഇതൊക്കെ ഉറപ്പിച്ചിട്ടൊരാൾക്കു പോകാനൊക്കുമോ? പക്ഷേ, ഒരു വിഷമമുണ്ടല്ലോ...അങ്ങനെ കാശിക്കുല്ലാതെ ചുറ്റിനടക്കണമെങ്കിൽ അതിന്നും വേണ്ടേ ദേഹബലം? നിർഭാഗ്യവശാൽ അതുമില്ലല്ലോ...അതുണ്ടാക്കുകയാണു് അടിയന്തിരമായ ആവശ്യം. പക്ഷേ, അതിന്നും പററുന്നില്ല. കേശവൻകുട്ടിയോടു ചോദിച്ചപ്പോൾ അവൻ പറഞ്ഞതു കേട്ടില്ലേ? അവൻ വേദാന്തം പ്രസംഗിക്കയാണു്! വേണ്ട. അതൊന്നും കേട്ടാൽ കാര്യം നടക്കില്ല. മററു വഴി ആരായുകതന്നെ വേണം.

വളരെ വൈകിയപ്പോൾ അയാൾ ഒന്നു മയങ്ങി. ഉടനെ ഞെട്ടിയുണൎന്നു. വീണ്ടും ഗാർഹികകാര്യങ്ങളിൽത്തന്നെ മനസ്സു ചെന്നു തറച്ചു. എങ്കിലും കുറെക്കഴിഞ്ഞപ്പോൾ സ്വല്പമൊന്നുറങ്ങാൻ അയാൾക്കു കഴിഞ്ഞു.

ക്ലോക്കിൽ നാലുമണിയടിക്കുന്നതു കേട്ടു് അയാൾ ഞെട്ടി ഉണൎന്നു. അതോടൊപ്പംതന്നെ അയാളുടെ പ്രശ്നങ്ങളും. ഉത്തരംകിട്ടാതെ തുറിച്ചുനോക്കുന്ന പ്രശ്നങ്ങൾ.

പെട്ടെന്നു് ഒരാശയം അയാളുടെ മനസ്സിൽക്കൂടെ കടന്നുപോയി. കായകല്പം സേവിച്ചാലെന്താ? ആരോഗ്യ പുനരുത്ഥാനത്തിന്നും പുതുചൈതന്യത്തിന്നും പ്രസിദ്ധി

പെററ ഒരു ചികിത്സാക്രമമാണതെന്നു കേട്ടിട്ടുണ്ട്. അതെ. അതു കൊള്ളാം. പക്ഷേ, ആരുണ്ടതു വേണ്ടപോലെ നടത്തിത്തരാൻ? അതിന്നും പരിഹാരം അയാൾ ഉടനെ കണ്ടെത്തി. പണ്ഡിററ് മൂർഖരാജമിശ്ര. 'തായ്നാട്' എന്ന പത്രത്തിലെ ആ വലിയ പരസ്യം അയാളുടെ കൺമുമ്പിൽ തെളിഞ്ഞുവന്നു. കായകല്പചികിത്സയിൽ വിദഗ്ദ്ധനാണദ്ദേഹം. വിമാനമാർഗ്ഗം രാജ്യത്തിന്റെ പല ഭാഗങ്ങളിലും പോയി ചികിത്സനടത്തിയും യുക്തമായ കേസ്സുകളിൽ തൻെറ ആതുരശുശ്രൂഷാലയത്തിൽ പാർപ്പിച്ചു ചികിത്സിച്ചും അദ്ദേഹം ജനസേവനം നടത്തിവരികയാണു്. അയാൾക്കാശ്വാസമായി. ഏതായാലും ശ്രീമിശ്ര രണ്ടാഴ്ചയ്ക്കുള്ളിൽ തന്റെ പട്ടണത്തിലെത്തും. ഹോട്ടൽ 'നാഗാലാൻഡി'ലാണു് അയാൾ താമസിക്കുക. ചെന്നു കാണണമെന്നു തീർച്ചയാക്കി. പക്ഷേ, പെട്ടെന്നങ്ങു ചെന്നു കാണാൻ പററില്ല. ആളുകളുടെ തിരക്കു ഭയങ്കരമായിരിക്കും. അതിലിടയ്ക്കു് ഉന്തിത്തള്ളിക്കയറി കാര്യം പറയാൻ വിഷമമാണു്. കാര്യങ്ങളെല്ലാം തുറന്നു പറയണം. അതിന്നു കുറച്ചധികം സമയം ആവശ്യവുമാണ്. അപ്പോൾ മുൻകൂട്ടി എഴുതി ചോദിച്ചു കൂടിക്കാഴ്ചയ്ക്കുള്ള ദിവസവും സമയവും നിശ്ചയിക്കാതെ തരമില്ല.

സന്തോഷവും സന്ദേഹവും മേനോനെ അസ്വസ്ഥചിത്തനാക്കി. പരസ്യത്തിൽ പ്രസ്താവിച്ചപോലെ യൗവനവും ഓജസ്സും വീണ്ടുകിട്ടുമോ? കിട്ടുമെങ്കിൽ, ഹായ്, എത്ര ആനന്ദപ്രദമായിരിക്കും അതു്! അഭികാമ്യമായ ഒരു പുതുജന്മംതന്നെയായിരിക്കില്ലെ, അതു്? സാദ്ധ്യമാണെങ്കിൽ ആക്കാണതുവേണ്ടാത്തതു്? 'ഇനിയൊന്നു മരിച്ചാൽ മതിയായിരുന്നു. ഞാനെല്ലാസുഖങ്ങളുമനുഭ

വിച്ചു. ഇനി ഒന്നേ ബാക്കിയുള്ളു. സുഖമരണം.' എന്നൊക്കെ ചിലർ പറയാറില്ലേ? എത്ര പൊള്ളയായ വാക്കുകൾ! നാവിൻെറ തുമ്പത്തുനിന്നുമാത്രം വരുന്നവയല്ലേ, അവ? ഇത്തരം പൊള്ളയായ വാക്കുകളിൽ തനിക്കു വിശ്വാസമില്ല. പക്ഷേ, ഒരു സംശയം. പണ്ഡിററ് മിശ്ര തൻെറ കേയ്സ് ഏറെറടുക്കുമോ? വയസ്സു കൂടിപ്പോയെന്നു പറയുമോ? വിഷമംപിടിച്ച വല്ല പഥ്യവും നിർദ്ദേശിക്കുമോ? ഓ! പഥ്യം! യുവത്വത്തിന്നു വിലയായെന്തുതന്നെ ത്യജിച്ചുകൂടാ?

അതൊക്കെ ശരി. കാര്യം മാധവിയോടു പറയേണ്ടേ? അവൾ എന്തു പറയുമോ, ആവോ?

കാര്യം മാധവിയമ്മയോടു പറയാൻതന്നെ ആയാളുറച്ചു.

പതിവുപോലെ കാലത്ത് ആറുമണിയോടുകൂടി അയാളെഴുന്നേററു ദിനകൃത്യങ്ങൾ കഴിച്ചു.

അന്നയാൾ പ്രസന്നവദനനായാണു കാണപ്പെട്ടതു്. എപ്പോഴും വിഷാദവിവശമായി കാണാറുള്ള അയാളുടെ മുഖത്തുനിന്നു പ്രത്യാശയുടെയും ഉന്മേഷത്തിന്റെയും പ്രഭാകിരണങ്ങൾ പ്രസരിക്കുന്നതു കണ്ടു മാധവിയമ്മ പറഞ്ഞു:

"ഇന്നു നിങ്ങളെക്കണ്ടാൽതന്നെ ആവലാതികളെല്ലാം തീൻമാതിരി ഒരു തോന്നൽ."

"ഉം? എന്താ?"

"അതേന്നു്. ഇന്നു് എന്തു പ്രസാദമാണു മുഖത്തിന്നു്?"

"അതെയോ?"

"അതെ. എന്താ വല്ല കാരണവുമുണ്ടോ?"

"ഇല്ലെന്നു പറഞ്ഞുകൂടാ. പിന്നേയ്, മാധവീ, ഞാനൊരു കാര്യം തീർച്ചയാക്കീട്ടുണ്ടു്."

"എന്താതു്?"

"പത്രങ്ങളിൽ കായകല്പത്തെപ്പററി ഒരു പരസ്യം കണ്ടില്ലെ? അതിൻെറ ആളുമായി ഞാൻ കത്തെടപാടു നടത്താനുദ്ദേശിക്കുകയാണു്."

"എന്നിട്ടു്?"

"എന്നിട്ടു് ആ ചികിത്സയൊന്നു സ്വീകരിക്കണം."

"എന്തിനു്? അതുകൊണ്ടെന്താ ഒരു മെച്ചം?"

"ഒരു നവീകരണചികിത്സയാണതു്. പോയ്പോയ യൗവനം തിരിച്ചുകിട്ടുമത്രെ. കറുത്തമുടി, ഉറപ്പുള്ള പുതിയ പല്ലുകൾ, ദൃഢമായ ദേഹം, തിളക്കമുള്ള കണ്ണുകൾ—കണ്ടില്ലെ ആ പരസ്യം നീ?"

"ഓ. കണ്ടു, കണ്ടു. ഒരു കാൎയ്യം ഞാൻ പറഞ്ഞേക്കാം. ഇതിനൊന്നും നിങ്ങൾ പുറപ്പെടേണ്ടെന്നാണെൻെറ അഭിപ്രായം. അതൊക്കെ വെറും തട്ടിപ്പാണു്, കേട്ടോ." മാധവിയമ്മ പറഞ്ഞു.

തട്ടിപ്പത്രെ തട്ടിപ്പു്! ഇവൾക്കെന്തറിയാം? പണ്ടു ച്യവനമുനിക്കു ജരാനരയിൽനിന്നു മോചനം നല്കി യുവതികളായ സ്ത്രീകളോടുകൂടി രമിക്കാൻ കെല്പുണ്ടാക്കിക്കൊടുത്തതു. കായകല്പമല്ലെ? 'ഇത്യേഷഃ ച്യവനപ്രാശോ, യം പ്രാശ്യ ച്യവനോമുനിഃ ജരാജജ്ജരിതോപ്യാസീന്നാരീ നയനനന്ദനഃ' എന്നു പരസ്യത്തിൽ പ്രത്യേകമെടുത്തുപറഞ്ഞിട്ടില്ലെ? ആചാൎയ്യന്മാർ അസത്യം പറയുമോ? ഒരിക്കലുമില്ല. പക്ഷേ, ഇവൾക്കതിൻെറ അൎത്ഥമറിയണ്ടെ? അതോ ഞാൻ ഔഷധപ്രയോഗംകൊണ്ടു യുവത്വം പ്രാപിക്കുമ്പോൾ അവളെന്നും കിഴവിയായിരിക്കുമെന്ന അസൂയയോ? ആയിക്കൂടെന്നില്ല.

യുവത്വത്തിലേക്കുള്ള തിരിച്ചുപോക്കിൽ വികാരങ്ങളും കൂടുതലായിരിക്കും. അതിന്നും ഒരു പോംവഴികാ

ണണമല്ലൊ. ച്യവനൻ ഒരു മുനിയായിരുന്നിട്ടും, യൗവനം വീണ്ടുകിട്ടിയപ്പോൾ അതു നല്ലപോലെ ആസ്വദിച്ചു. അപ്പോൾ പിന്നെ പ്രാപഞ്ചികനായ തന്നെപ്പോലുള്ളവൎക്കു വികാരങ്ങളെ അടക്കിനിൎത്താനൊക്കുമോ? വേണ്ടിവന്നാൽ പുതിയ ജോലിസ്ഥലത്തു് ഒരു സംബന്ധം കഴിക്കാം. ആളുകൾ പറയുമായിരിക്കാം, കിഴവൻ വീണ്ടും വിവാഹംകഴിച്ചിരിക്കുന്നുവെന്നു്. ആയ്, ആയ്, അതൊരു കുറവുതന്നെ. പിന്നേയ്, ഞാൻ ചോദിക്കട്ടെ, അതിലെന്താണൊരു കുറവു്? താൻ കിഴവനായിരിക്കയില്ല, അപ്പോൾ. യുവാവായിരിക്കും. അതൊരു പുനൎജ്ജന്മമായിരിക്കും. ആനന്ദകരമായ പുനൎജ്ജന്മം!

"നീ പോടീ, നിനക്കൊന്നുമറിയില്ല. അതിൽ യാതൊരു തട്ടിപ്പുമില്ല. തികച്ചും ശാസ്ത്രീയമായ ഒരു ചികിത്സാപദ്ധതിയാണതു്. അതു ചെയ്യിക്കാൻ വിദഗ്ദ്ധനായൊരാൾ വേണമെന്നേയുള്ളൂ. ഭാഗ്യവശാൽ ഇന്നൊരാളുണ്ടു്. അദ്ദേഹമാണു് ശ്രീ മിശ്രാ. മനസ്സിലായോ?" മിസ്റ്റർ മേനോൻ കാൎയ്യം വ്യക്തമാക്കി.

"നിങ്ങളോടു പറഞ്ഞിട്ടു ഫലമില്ല. നിങ്ങൾ ഒന്നു പിടിച്ചാൽ അതു വിടില്ല. കണ്ടില്ലേ? എൻെറ തറവാട്ടു കാൎയ്യംതന്നെ. അമ്മാമനുമായി വ്യവഹാരം വേണ്ടെന്നു ഞാനെത്ര തവണ പറഞ്ഞു? രാമചന്ദ്രനും പറഞ്ഞു. പക്ഷേ, നിങ്ങൾ വിലവെച്ചില്ല. നിങ്ങളെന്തോ കാണിച്ചോളൂ. ഞാൻ കണ്ടുകൊള്ളാം. ഒക്കെ എൻെറ തലയിലെഴുത്തു്." മാധവിയമ്മ ആവലാതിപ്പെട്ടു.

"എടീ, ഇതിലാവലാതിപ്പെടാനൊന്നുമില്ല. വരട്ടെ. ആ ചികിത്സ ഒന്നു കഴിയട്ടെ. അപ്പോൾ നീയും പറയും, ആ ചികിത്സയെടുക്കണമെന്നു്." ശങ്കരമേനോൻ പറഞ്ഞു.

"വേണ്ട, വേണ്ട. നിങ്ങൾതന്നെ ചികിത്സിച്ചു യുവാവായിരുന്നുകൊള്ളുക. ഞാനിന്നു് അഞ്ചുകുട്ടികളുടെ അമ്മയാണു്. എനിക്കിനി യൗവനവും വേണ്ട, മറ്റൊരു ഭർത്താവും വേണ്ട."

മാധവിയമ്മ പിൻമാറി. അവൾക്കറിയാം തൻെറ ഭർത്താവിനോടു വാദിച്ചിട്ടു യാതൊരു ഫലവുമുണ്ടാകയില്ലെന്നു്. അയാൾ വിചാരിച്ചതു നടത്തുകതന്നെ ചെയ്യും. പിന്നെയെന്തിനു് അവരോടു കണ്ഠക്ഷോഭംചെയ്യുന്നു!

## നാലു്

പണ്ഡിററ് മിശ്രയുമായി കത്തെടപാടു നടത്തി കൂടിക്കാഴ്ചയ്ക്കുള്ള ദിവസവും സമയവും നിശ്ചയിച്ചുകിട്ടിയിരിക്കയാണു്. ഇനി മൂന്നു ദിവസമേയുള്ളു കൂടിക്കാഴ്ചയ്ക്കു്. മിനിട്ടുകൾ മണിക്കൂറുകളായും മണിക്കൂറുകൾ ദിവസങ്ങളായും ദിവസങ്ങൾ മാസങ്ങളായും തോന്നുകയാണു് മിസ്റ്റർ മേനോന്നു്. സുപ്രധാനമായ ആ നിമിഷത്തെ ഉൽക്കണ്ഠാപൂർവ്വം ഉററുനോക്കിക്കൊണ്ടിരിക്കയാണു് അയാൾ. അതെ, തൻെറ കെയ്സ് ഏറെറടുക്കാൻ പററുമോ ഇല്ലയോ എന്നു് ആ ഭിഷഗ്വരൻ തീർത്തുപറയുന്ന, വിധിനിർണ്ണായകമായ, ആ നിമിഷത്തെ. അദ്ദേഹം എന്തു പറയും? പ്രായം കൂടിപ്പോയെന്നു പറഞ്ഞു തള്ളുമോ? അതൊ, മററു വല്ല തടസ്സങ്ങളുമുന്നയിക്കുമോ? എങ്കിൽ താൻ നശിച്ചു. മറിച്ചു്, അദ്ദേഹം സമ്മതിക്കുകയാണെങ്കിൽ, താൻ ജയിച്ചു. സന്തോഷവും സംശയവും നിറഞ്ഞ മൂന്നു ദിവസങ്ങൾ അയാൾ തള്ളിനീക്കി.

കൂടിക്കാഴ്ചയ്ക്കുള്ള ദിവസമായി. 'ഹോട്ടൽ നാഗാലാൻഡി'ൽ ആളുകൾ തടിച്ചുകൂടിയിരിക്കും. ആളുകൾക്കു

മിശ്രാജിയെ നേരിട്ടുകണ്ടു താന്താങ്ങളുടെ രോഗവിവരം പറഞ്ഞു മനസ്സിലാക്കാൻ വേണ്ടത്ര സമയം കിട്ടാറില്ല ത്രെ. പക്ഷേ, അതുകൊണ്ടു തകരാറില്ലെന്നാണു കേൾക്കു ന്നതു്. ആളെ കണ്ടാൽത്തന്നെ അദ്ദേഹം രോഗം മന സ്സിലാക്കിക്കളയുമെന്നാണു ചിലരുടെ അഭിപ്രായം. പോ രെങ്കിൽ സർവ്വരോഗത്തിനും പററുന്ന മരുന്നാണത്രെ അയാൾ കൊടുക്കുക. അനുപാതം മാററി നിശ്ചയിക്കുക യേ വേണ്ടു. ഒരാൾക്കു തേനിൽ കഴിക്കണമെങ്കിൽ മറ്റൊ രാൾക്കു നെയ്യിലായിരിക്കും. വേറൊരാൾക്കു ചെറുനാര ങ്ങാനീരിലായിരിക്കും. പിന്നീടൊരാൾക്കു പാലിലും. ഫല മോ ആശ്ചര്യകരവും.

മരുന്നൊക്കെ ഒരുവകയാണെന്നാണു മററു ചില രുടെ അഭിപ്രായം. പക്ഷേ, അതുകൊണ്ടു ഫലത്തിന്നു കുറവൊന്നുമില്ലത്രെ. ആൾ സിദ്ധനാണു്. ഇരുപത്ത ഞ്ചുകൊല്ലം ഹിമാലയത്തിൽ ഒരു ഗുഹയിൽ മൗനിയായി ബ്രഹ്മധ്യാനനിരതനായി കഴിച്ചതാണത്രെ. അപ്പോൾ ഒരുദിവസം അസാധാരണവും അശരീരിയുമായ ഒരു ശബ്ദം കേട്ടുവത്രെ. അഞ്ചുകൊല്ലം ആതുരസേവനം നടത്തണമെന്നും അതിൽനിന്നു ലഭിക്കുന്ന ധനം ആതുര സേവനത്തിന്നുതന്നെ വിനിയോഗിക്കണമെന്നുമായിരു ന്നു നിർദ്ദേശം. അതാണീ തൊഴിലിന്നു വന്നിരിക്കുന്നതു്. സന്തോഷിച്ചു കൊടുത്തതെന്തും വാങ്ങും. ഫീസിന്നു ശാഠ്യമേയില്ല. പക്ഷേ, വിഷമമേറിയ ചിലതരം ചികി ത്സക്കു് അതിന്നനുസരിച്ചു ഫീസു ചുമത്തും. ആ പണവും ആതുരസേവനത്തിന്നുതന്നെയാണു് ഉപയോഗപ്പെടുത്തു ക. ഇതാണത്രെ അയാളുടെ പതിവു്. ഇനി രണ്ടുവർഷം കൂടിയെ ഈ സേവനം ലഭിക്കൂ. മൂന്നു വർഷം കഴിഞ്ഞു പോയി. നിർദ്ദിഷ്ടകാലാവധിക്കുശേഷം വീണ്ടും തൻെറ

ഹിമാലയാലയത്തിലേക്ക പോയി ബ്രഹ്മധ്യാനനിരത നായി കാലം കഴിക്കുമെന്നാണ കേൾക്കുന്നതു്.

മിസ്റ്റർ മേനോൻ ഉച്ചഭക്ഷണം നേരത്തെതന്നെ കഴിച്ചു ഹോട്ടൽ 'നാഗാലാൻഡി'ലേക്ക പുറപ്പെട്ടു. ഒന്ന രമണിക്കാണ കൂടിക്കാഴ്ച നിശ്ചയിച്ചിരിക്കുന്നതു്. പ്രതീക്ഷിച്ചപോലെ ആളുകളുടെ ഒരു സമുദ്രംതന്നെയായിരുന്നു ഹോട്ടൽപരിസരം.

കൃത്യം ഒരുമണിക്ക പണ്ഡിററ് മിശ്ര ഭക്ഷണത്തിന്നും വിശ്രമത്തിന്നുമായി തൻെറ മുറിയിലേക്ക പോയി.

ഒന്നരമണിക്ക മേനോൻ ചെന്നു വാതിലിൽ തട്ടി.

വാതിൽ തുറക്കപ്പെട്ടു.

വെളുത്തു സുമുഖനായ ഒരു ദീർഘകായൻ അയാളെ സ്വാഗതംചെയ്തു. ചൈതന്യം തുളുമ്പുന്ന ആ കണ്ണുകളും, നീണ്ടൊഴുകുന്ന ആ നരച്ച താടിയും, കുങ്കുമവർണ്ണത്തിലുള്ള മേലങ്കിയും ആരെയും ആകർഷിക്കാതിരിക്കയില്ല.

മിസ്റ്റർ മേനോൻ, കണ്ട ഉടനെ അദ്ദേഹത്തെ തൊഴുതു. എന്നിട്ടു സ്വയം പരിചയപ്പെടുത്തി.

"ഇരിക്കണം മിസ്റ്റർ മേനോൻ. വളരെ നേരമായോ വന്നിട്ടു്?" പണ്ഡിററ്ജി പുഞ്ചിരിച്ചുകൊണ്ടു ചോദിച്ചു.

"കുറച്ചുനേരമായി. ആളുകളുടെ തിരക്കും നോക്കി ഞാനങ്ങനെ നില്ക്കുകയായിരുന്നു. പിന്നെ—നിശ്ചിതസമയത്തിന്നു വന്നാലല്ലെ കാണാൻ പററുകയുള്ളു?"

"ശരിയാണു്. എന്തുചെയ്യാം മിസ്റ്റർ മേനോൻ? ഇതൊന്നും വേണ്ടെന്നുവെച്ചതായിരുന്നു. പക്ഷേ, എന്തു ചെയ്യട്ടെ, ദേവിയുടെ ആജ്ഞയാണു്. കൂടാതെ കഴിയുമോ? അതാണ ഞാൻ അവിശ്രമം ഇങ്ങനെ ആതുരസേവനത്തിന്നു മുതിന്നതു്." പണ്ഡിററ്ജി പറഞ്ഞു.

GUPTA PUBLIC LIBRARY

"അതു ഞങ്ങളെപ്പോലുള്ളവക്ക് ഒരനുഗ്രഹവുമായി." മേനോൻ സബഹുമാനം പ്രതിവചിച്ചു.

ആമുഖഭാഷണത്തിന്നു് ഇതിലധികം സമയമനുവദിക്കാൻ പണ്ഡിററ്ജിക്കു നിവൃത്തിയില്ല. മുറിക്കു പുറത്ത് അദ്ദേഹത്തിൻെറ വരവും കാത്തു രോഗികൾ കൂട്ടം നില്ക്കുകയാണു്. അദ്ദേഹം ചോദിച്ചു:

"ആ—ശരി—അപ്പൊഴെയ്...വന്ന കാൎയ്യം?"

"ഞാനൊരു രോഗിയായിരിക്കയാണു പണ്ഡിറ്റ്ജി. എൻെറ വയസ്സിലുംകവിഞ്ഞ ക്ഷീണം എനിക്കു് അനുഭവപ്പെട്ടുന്നു." മേനോൻ പറഞ്ഞു.

"എന്തായി വയസ്സ്?" പണ്ഡിററ്ജി ആരാഞ്ഞു.

"അറുപത്തഞ്ചേ ആയുള്ളു."

"ഓ! അത്രയേ ഉള്ളു? കണ്ടാൽ എഴുപത്തഞ്ചു കഴിഞ്ഞപോലെയുണ്ടു്."

മിസ്റ്റർ മേനോനതു ദുസ്സഹമായിത്തോന്നി. തലയും മീശയുമൊക്കെ നരച്ചിട്ടുണ്ടെങ്കിലും കാഴ്ചയിൽ താനത്രയ്ക്കു കിഴവനായിപ്പോയെന്നു വിശ്വസിക്കാനദ്ദേഹത്തിനു കഴിഞ്ഞില്ല. അദ്ദേഹം ചോദിച്ചു:

"അതുവ്വോ? പക്ഷേ,—കലശലായ ക്ഷീണമുണ്ടു്."

"ഉം, ഉം. അതെന്തെങ്കിലുമാകട്ടെ, കാൎയ്യം പറയൂ. എന്തു വേണം? വേറെയെന്തൊക്കെയസുഖമാണു നിങ്ങൾക്കുള്ളതു്?"

"വേറെ അസ്വാസ്ഥ്യമൊന്നുമില്ല."

"അപ്പോൾ ക്ഷീണത്തിന്നു മരുന്നുവേണം, അല്ലെ?"

"അതല്ല, നിങ്ങൾ കായകല്പം സേവിപ്പിക്കാറുണ്ടെന്നു പരസ്യം കണ്ടു മനസ്സിലായി."

"ഉണ്ടു്. അതുകൊണ്ടു്?"

"അല്ല...എനിക്കുമതു സേവിച്ചാൽ കൊള്ളാമെ

ന്നൊരാഗ്രഹം. അവിടുന്നു് ഈ കാൎയ്യത്തിൽ സഹായി ച്ചാൽ ഉപകാരമായിരിക്കും.''

അല്പമൊന്നാലോചിച്ചിട്ടു പണ്ഡിററ്ജി പറഞ്ഞു.

''വിരോധമില്ല. പക്ഷേ, കുറച്ചു വിഷമമുള്ള ഒരു ചികിത്സാപദ്ധതിയാണതു്. നല്ല മനോധൈൎയ്യവും ക്ഷമയും വേണം. തെയ്യാറാണോ?''

നല്ല കാൎയ്യം! ചോദിക്കാൻ കണ്ട ഒരു ചോദ്യം! പിന്നെ വെറുതെയാണോ ഇങ്ങട്ടു വന്നിരിക്കുന്നതു്?

''പണ്ഡിററ്ജിയുടെ നിർദ്ദേശങ്ങൾ എന്തും അനുസരിക്കാൻ ഞാനൊരുക്കമാണു്...'' അയാൾ ഉറപ്പു കൊടുത്തു.

ചികിത്സയുടെ പൊതുസ്വഭാവത്തെയും, അതിന്റെ വിവിധഘട്ടങ്ങളെയും കുറിച്ചു രോഗി അല്പം അറിഞ്ഞിരിക്കുന്നതു നല്ലതാണെന്നു കരുതി പണ്ഡിററ് മിശ്രാജി ചികിത്സാക്രമത്തെ ഒന്നു വിവരിച്ചു. അദ്ദേഹം പറഞ്ഞു:

''കായകല്പം രണ്ടുവിധമുണ്ടു്. ഒന്നു കുടിപ്രാവേശികം. മറെറാന്നു വാതാതപികം. ഇതിൽ ആദ്യത്തേതു കുറെയധികം വിഷമമുള്ളതാണു്. എന്നാൽ, അതിന്നു മാത്രം ആശ്ചൎയ്യകരമായ ഫലം ഉളവാക്കുകയുംചെയ്യും. അതും ചുരുങ്ങിയ ഒരു കാലയളവിനുള്ളിൽ.

കാററും വെയിലും തട്ടാത്തവിധം പ്രത്യേകം സജ്ജമാക്കിയ ഒരു കുടിലിൽ പ്രവേശിച്ചു. ദേഹാദ്ധ്വാനം ചെയ്യാതെ, പച്ചവെള്ളം തൊട്ടുകപോലും ചെയ്യാതെ, ബാഹ്യലോകവുമായുള്ള സകല ബന്ധങ്ങളുമുപേക്ഷിച്ചു്, പശുവിൻപാൽ മാത്രം ആഹാരമാക്കി, ഔഷധസേവ നടത്തണം. കഴിയുമൊ?'' പണ്ഡിററ്ജി ഒന്നു നിൎത്തി മിസ്റ്റർ മേനോന്റെ മുഖത്തു് ഉററുനോക്കി.

“ഓ, കഴിയും.” മേനോൻ പറഞ്ഞു.

“എന്നാൽ ഇനിയും കേട്ടോളു. കല്പസേവ തുടങ്ങി പതിനൊന്നു ദിവസം കഴിയുമ്പോൾ പല്ലും രോമവും നഖവുമെല്ലാം കൊഴിഞ്ഞുപോകുന്നതായിക്കാണാം. അതിൽ ഒട്ടുംതന്നെ പരിഭ്രമിക്കാതെ ഔഷധം തുടരണം. അങ്ങനെ ചെയ്താൽ ‘സുരൂപനായും, ആനയ്ക്കുതുല്യം ബലമുള്ളവനായും, അതിബുദ്ധിമാനായും ഭവിക്കും. മാത്രമല്ല, എത്രതന്നെ സ്ത്രീസുഖമനുഭവിച്ചാലും ക്ഷീണിതനാവുകയുമില്ല.’ ഇതാണ് ആചാര്യമതം.”

ഇത്രയും നല്ലൊരു ചികിത്സയാണു തനിക്കു ലഭിക്കുവാൻപോകുന്നതെന്നതിൽ മിസ്റ്റർ മേനോൻ ആനന്ദംകൊണ്ടു. ഈ പദ്ധതിതന്നെയാണു തനിക്കു വേണ്ടതെന്നയാൾ ഉറച്ചു.

പണ്ഡിററ് മിശ്രാജി തുടന്നു: “പിന്നെ, സോമലതാകല്പംപോലുള്ള മറ്റു കല്പങ്ങളിൽ രോഗി പ്രജ്ഞയററ നിലയിൽ വളരെ ദിവസങ്ങളോളം കിടക്കേണ്ടതായി വരും. ദേഹം വീങ്ങി പഴുത്തു ചിലേടങ്ങളിൽ പൊട്ടി, ധാരാളം രക്തവും ചലവും ഒഴിഞ്ഞുപോകും. തൊലിയെല്ലാം ഉരിഞ്ഞുപോകും.”

“ങ്ഹേ! അതുവ്വോ?” മിസ്റ്റർ മേനോൻ തെല്ലു സംഭ്രമത്തോടെ ചോദിച്ചു.

“കേട്ടോ, മിസ്റ്റർ മേനോൻ!” പണ്ഡിററ്ജി പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു.

“അതിലൊട്ടും പരിഭ്രമിക്കാനില്ല. അതൊക്കെ നടക്കുന്നതോടുകൂടിത്തന്നെ ദേഹാന്തർഭാഗത്ത് ഒരു പുനരുജ്ജീവനകർമ്മവും നടക്കുന്നുണ്ടായിരിക്കും. തൽഫലമായി പുതിയ പല്ലുകൾ, രോമങ്ങൾ, മാംസപേശികൾ,

തൊലി—എന്നുവേണ്ട, എല്ലാം പുതുതായുണ്ടാകുന്നു. ഇതോടെ പരിപൂൎണ്ണയൗവനം വീണ്ടുകിട്ടുകയും ചെയ്യും.''

മിസ്റ്റർ മേനോന്റെ മുഖത്തു പ്രത്യാശയുടെ പ്രകാശകിരണങ്ങൾ തെളിഞ്ഞു. അയാൾ ചോദിച്ചു:

"അപ്പോൾ വാതാതപികമായാലോ? എന്താണതിന്നൎത്ഥം?''

"കാറ്റും വെയിലുമൊക്കെക്കൊണ്ടുതന്നെ മരുന്നു കഴിക്കുക. അതിന്നിത്ര പഥ്യമില്ല. പക്ഷേ, ഫലം താരതമ്യേന നിസ്സാരമായിരിക്കും. എന്തു പറയുന്നു മിസ്റ്റർ മേനോൻ?''

"എനിക്കാദ്യത്തേതുതന്നെ മതി, പണ്ഡിററ്ജി. അതിന്നുവേണ്ട മനക്കരുത്തെനിക്കുണ്ടു്. ഇനി അങ്ങയുടെ ഫീസ്സെത്രയെന്നറിയിച്ചാൽ കൊള്ളാം.'' മിസ്റ്റർ മേനോൻ വിനീതനായി ചോദിച്ചു.

"ഫീസോ?''

"അതെ.''

"ഫീസെന്നൊന്നും പറയേണ്ട. ഞാൻഫീസായിട്ടു് ഒന്നും വാങ്ങാറുമില്ല. ആതുരസേവനംചെയ്യും, ചെലവിന്നനുസരിച്ചു് ഒരു തുക സംഭാവനയായി വാങ്ങും. അതു വീണ്ടും ആതുരസേവനത്തിന്നായിത്തന്നെ ചെലവാക്കുകയുംചെയ്യും. അത്രയേ ഉള്ളു. പണം എന്റെ കൈയിലൂടെ കടന്നുപോയി സൽക്കൎമ്മങ്ങൾക്കായി വിനിയോഗിക്കപ്പെട്ടുമെന്നുമാത്രം. പണ്ഡിററ്ജി നിസ്സംഗഭാവത്തിൽ പറഞ്ഞു.

അങ്ങനെതന്നെയാണല്ലൊ വേണ്ടതും. എങ്കിലും ഞാനെന്തു സംഭാവന ചെയ്യണമെന്നാണവിടുന്നു കല്പിക്കുന്നതു്? മിസ്റ്റർ മേനോൻ ചോദിച്ചു.

GUPTA PUBLIC LIBRARY

"ഞാനധികമൊന്നും പറയുന്നില്ല. നിങ്ങൾ അയ്യായിരം ഉറുപ്പിക തന്നേക്കുക." പണ്ഡിററ്ജി അലക്ഷ്യമായി പറഞ്ഞു.

മിസ്റ്റർ മേനോനൊന്നു ഞെട്ടി. അയ്യായിരമുറുപ്പിക! എവിടുന്നുണ്ടാകും താനീ ഭീമമായ സംഖ്യ! ഉള്ള കാശെല്ലാം രാമചന്ദ്രൻെറ പഠിപ്പിന്നും, പത്മിനിയുടെ വിവാഹത്തിന്നുമായി ചെലവാക്കിക്കഴിഞ്ഞു. കിട്ടുന്ന പെൻഷൻകൊണ്ടു ദിവസംതള്ളാൻകൂടി വിഷമിക്കുന്ന താൻ അയ്യായിരമുറുപ്പിക എങ്ങനെയുണ്ടാക്കും? ഈ മോഹം വേണ്ടിയിരുന്നില്ലെന്ന് അയാൾ ഒരുനിമിഷം ചിന്തിച്ചുപോയി. വീണ്ടും അയാൾ ആലോചിച്ചു. മാന്യനായ ഒരാളുടെ മുമ്പിൽ താനെത്തിപ്പെട്ടിരിക്കയാണ്. തനിക്കൊരു പുതുജന്മംതന്നെ തരാൻ സന്നദ്ധത പ്രകടിപ്പിക്കുന്ന ഒരു മഹാമനസ്കന്റെ മുമ്പിൽ. അവിടെവെച്ചു പണത്തിൻെറ പേരിൽ പേക്കോലംകെട്ടുകയോ? ദേഹം നന്നായാൽ പണമുണ്ടാക്കാം. അദ്ധ്വാനിച്ചു പണമുണ്ടാക്കാം. അതില്ലെങ്കിൽ പണം നശിച്ചതും പോര, ആത്മാഭിമാനംകൂടി നശിച്ചു നരകിക്കേണ്ടിവരും. ആവട്ടെ, അല്പമൊരിളവ് അയാൾ ചെയ്യുതരില്ലെ? മിസ്റ്റർ മേനോൻ ഒന്നു ചോദിക്കാൻതന്നെ തീർച്ചയാക്കി.

"ഇത്തരമൊരു ചികിത്സയ്ക്കു് അയ്യായിരം ഉറുപ്പിക ഒരു നിസ്സാരസംഖ്യയാണെന്നെനിക്കറിയാം. എങ്കിലും അല്പം ഒരിളവുചെയ്യുതന്നെങ്കിൽ—" അയാൾ യാചനാഭാവത്തിൽ പണ്ഡിററ്ജിയോടു പറഞ്ഞു.

പണ്ഡിററ്ജി പുഞ്ചിരിച്ചുകൊണ്ടു പ്രതിവചിച്ചു: "നാമൊരു കച്ചവടം നടത്തുകയല്ലെന്ന് ഇത്രയും സംസാരിച്ചതിൽനിന്നു നിങ്ങൾക്കു മനസ്സിലായില്ലേ? പിന്നെയെന്തിന്നു വിലപേശുന്നു? നിങ്ങളെപ്പോലുള്ള

വർ ഈ സദ്വിഷയത്തിലേക്കു കൂടുതൽ സംഭാവന ചെയ്യുകയാണു വേണ്ടതു്. അപ്പോൾ പിന്നെ കുറയ്ക്കാൻ പറയുന്നതു് ശരിയാണോ? ഏതായാലും നിങ്ങൾ ചോദിച്ചസ്ഥിതിക്കു ഞാൻ ആയിരം ഉറുപ്പിക ഇളവുചെയ്തിരിക്കുന്നു. തൃപ്തിയായോ?''

''തികച്ചും. അല്ലെങ്കിലും സംഖ്യ കൂടുതലായിപ്പോയെന്നെനിക്കു പരാതിയില്ല, പണ്ഡിററ്ജി. എൻെറ വിഷമം ഞാൻ പറഞ്ഞതന്നേയുള്ളു.''

പണമുണ്ടാക്കേണ്ടുന്ന പ്രശ്നം പ്രശ്നമായിത്തന്നെ നില്ക്കുന്നുണ്ടെങ്കിലും, ആയിരമുറുപ്പിക കുറവുചെയ്തു കിട്ടിയതിൽ മിസ്റ്റർ മേനോനു സന്തോഷം തോന്നി.

''സംഖ്യ എപ്പോഴേക്കു വേണ്ടിവരും?'' മിസ്റ്റർ മേനോൻ ആരാഞ്ഞു.

''നാളെ വൈകുന്നേരത്തിലിടയ്ക്കു് എത്തിച്ചേക്കുക. മററന്നാൾ രാവിലെ വിമാനമാർഗ്ഗം ഞാൻ സ്ഥലംവിടും. അതാണു നാളെത്തന്നെ പണമെത്തിക്കണമെന്നു പറയുന്നതു്.''

''എവിടുന്നാണു ചികിത്സയ്ക്കു സൗകര്യം?'' മിസ്റ്റർ മേനോൻ ചോദിച്ചു.

''എവിടെനിന്നുമാകാം. ഇവിടെവെച്ചാണെങ്കിൽ അതിനുള്ള ഏർപ്പാടുകൾ ചെയ്യാൻ കൂടുതൽ വിഷമമുണ്ടാകും. കൂടാതെ പരിചയമുള്ള പരിചാരകരെ കിട്ടാനും പ്രയാസമായിരിക്കും. എൻെറ കൂടെ അലഹബാദിൽ വരികയാണെങ്കിൽ എല്ലാററിന്നും സൗകര്യമുണ്ടു്. എന്തു വിചാരിക്കുന്നു?'' പണ്ഡിററ്ജി ചോദിച്ചു.

''ഇവിടെവെച്ചു വേണ്ടെന്നാണെനിക്കു തോന്നുന്നതു്. അങ്ങുന്നു പറയുംപോലെ പരിചയമുള്ള പരിചാരകരുണ്ടാകയില്ലെന്ന വിഷമമുണ്ടു്. മാത്രമല്ല, പരിചയ

സമ്പന്നനായ അങ്ങയുടെ മേൽനോട്ടവും വേണ്ടപോലെ ലഭിക്കയില്ലല്ലോ. അതുകൊണ്ടു ഞാനങ്ങേട്ടേക്കുതന്നെ വന്നേക്കാം."

"ശരി. എന്നാൽ നാളെ വൈകുന്നേരത്തിലിടക്കു പണവുംകൊണ്ടു വരിൻ. മററന്നാൾ നമുക്ക് അലഹബാദിലേക്കു പോകാം. പണ്ഡിററ്ജി പറഞ്ഞു.

അങ്ങനെ അലഹബാദിൽ പോയി ചികിത്സ നടത്താൻ ശങ്കരമേനോനുറച്ചു. പക്ഷേ, പണമെവിടെ? മനസ്സില്ലാമനസ്സോടെ അദ്ദേഹം തൻെറ തുരുപ്പുശീട്ടെടുത്തു കളിക്കാൻതന്നെ തീച്ച്പ്പെട്ടത്തി. സംഗതിയെല്ലാം മാധവിയമ്മയോടു പറഞ്ഞു.

"ശരി. നിങ്ങൾ തീർച്ചപ്പെട്ടത്തിക്കഴിഞ്ഞ സ്ഥിതിക്കു ഞാനെന്തു പറയാനാണ്? ഒന്നും പറയുന്നില്ല. പക്ഷേ, പണമെവിടെ?"

"അതിനൊരു വഴിയേ ഉള്ളു." ശങ്കരമേനോൻ പറഞ്ഞു.

"ഉം? എന്താ അതു്?" മാധവിയമ്മ ചോദിച്ചു.

"എനിക്കു പറയാൻ മടിയുണ്ടു മാധവീ." എന്നാലും ഒരു നല്ലകാര്യത്തിന്നല്ലേയെന്നുവെച്ചു പറയുന്നതാണു്. വലത്തെ കൈകൊണ്ടു കൊടുത്തതു് ഇടത്തെ കൈകൊണ്ടു പിടിച്ചുപറേറണ്ടി വരുന്നല്ലോ എന്ന സങ്കടമാണെനിക്കു്."

"എന്തെങ്കിലുമാകട്ടെ, പറയിൻ."

"അതൊ, പറയാം. നിൻെറ ആഭരണങ്ങളെല്ലാം ഇങ്ങു തരണം. അതു വിററാൽ ആവശ്യമുള്ള പണം കിട്ടും. ആളുണ്ടെങ്കിൽ പണവും പണ്ടവുമെല്ലാം പിന്നീടുണ്ടാക്കാമല്ലൊ."

മാധവിയമ്മ ഒന്നു നെടുവീപ്പിട്ടു. ഭത്താവിൻെറ

മുഖത്തുതന്നെ ഒരു മിനുട്ട തുറിച്ചുനോക്കിനിന്നു. എന്നിട്ട് ഒന്നും പറയാതെ അകത്തുപോയി തൻെറ പണ്ടങ്ങളെല്ലാം കൊണ്ടുവന്നു കൊടുത്തു.

"നിങ്ങൾക്കു് ഇതുകൊണ്ടു ഗുണം കിട്ടുമെങ്കിൽ ഞാൻ തീർച്ചയായുമതിൽ സന്തോഷിക്കും." അവരുടെ സ്വരം ഇടറിയിരുന്നു ഇതു പറഞ്ഞപ്പോൾ.

ആഭരണം പോകുന്നതിലല്ല ആയമ്മയ്ക്കു സങ്കടം. ഈ ശ്രമം ശുഭമായി കലാശിക്കുമോ? അറുപത്തഞ്ചു കഴിഞ്ഞ മനുഷ്യൻ, ബന്ധുക്കളോ സ്നേഹജനങ്ങളോ ഇല്ലാത്ത ദൂരദേശത്തു പോയി താമസിച്ചു വിഷമംപിടിച്ച ഒരു ചികിത്സ കഴിച്ചുവരാൻ പോവുക! അദ്ദേഹത്തിന്റെ ഇഷ്ടാനിഷ്ടങ്ങളും സുഖസൗകര്യങ്ങളും വേണ്ടപോലെ ഗൗനിക്കാൻ അവിടെ ആരുണ്ടു്? വല്ല അപകടവും പിണഞ്ഞാൽ വീട്ടുകാരും നാട്ടുകാരുമെന്താണു പറയുക? 'ഓ, വല്ലാത്ത ഒരു വർഗ്ഗം! ആ നല്ല മനുഷ്യനെ വയസ്സുകാലത്തു നിർദ്ദയം നാട്ടിൽനിന്നാട്ടിയോടിച്ചിരിക്കയാണു്,' എന്നല്ലേ പറയുക? ഈ മനുഷ്യനാണെങ്കിൽ പറഞ്ഞതൊന്നുമനുസരിക്കയുമില്ല. ഓർത്തപ്പോൾ മാധവിയമ്മയുടെ കണ്ണുനിറഞ്ഞുപോയി.

ശങ്കരമേനോനാകട്ടെ പണ്ടവും കൈയിൽവെച്ചു് ഒന്നും പറയാനും ചെയ്യാനും വശമല്ലാതെ തരിച്ചുനില്ക്കുകയാണു്.

"നിങ്ങൾ പോകണം. പോയി ആവശ്യമുള്ളത്രവിറ്റു കാര്യം നിവർത്തിക്കണം. എന്നെച്ചൊല്ലി വ്യസനിക്കേണ്ട. എനിക്കു പണ്ടമല്ല വലുതു്, നിങ്ങളാണു്. നിങ്ങളുടെ നന്മയ്ക്കുവേണ്ടി ഇതല്ല, ഇതിലപ്പുറവും എന്തും ചെയ്യാൻ ഞാനൊരുക്കമാണു്. എനിക്കവകാശപ്പെട്ടതെന്തും വില്ക്കാം." മാധവിയമ്മ ആശ്വസിപ്പിച്ചു.

ശങ്കരമേനോൻ സന്തുഷ്ടനായി. മാധവി പാവമാണ്. ദൈവമെ, അവളെ നിരാധാരയാക്കയാണോ താൻ ചെയ്യുന്നതു്? അല്ല, എല്ലാം ശുഭമായി കലാശിക്കുമെന്നു തന്നെ അയാൾ ആശിച്ചു.

അയാൾ ഉടനെ പട്ടണത്തിലെ പ്രമുഖനായ ഒരു സ്വർണ്ണവ്യാപാരിയുടെ അടുക്കലേക്കു പോയി. പണ്ടത്തിൽ ഭൂരിഭാഗവും വിററു പണമാക്കി മടങ്ങിവന്നു. ബാക്കിയുള്ളതു മാധവിയമ്മയെ ഏല്പിച്ചു.

പിറേറന്നു പ്രഭാതത്തിനുതന്നെ അയാളുണന്നു. അത്ര രാവിലെ സാധാരണ ഉണരാറില്ല. യാത്രക്കു മുമ്പായി പല കാര്യങ്ങളും ചെയ്തുതീക്കാറുണ്ടു്. അപ്പോൾ ഉണരാതെ പററില്ലല്ലൊ.

രാവിലെതന്നെ കുളിക്കണം. ക്ഷേത്രത്തിൽപോയി തൊഴണം. വലിയ വട്ടളം പാൽപ്പായസത്തിന്നുവേണ്ട പണം ക്ഷേത്രഭാരവാഹികളെ ഏല്പിക്കണം. പായസം ക്ഷേത്രത്തിൽ വരുന്ന ഭക്തന്മാക്കും കുട്ടികൾക്കും വിതരണം ചെയ്യാനേപ്പാടു ചെയ്യണം. എന്നിട്ടു തന്റെ തറവാട്ടു വീട്ടിൽ പോയി കൊട്ടിലകത്തു വിളക്കുവെപ്പിച്ചു്, പൂർവ്വികന്മാരായ കാരണവന്മാരെയെല്ലാം ധ്യാനിച്ചു്, വിളക്കിന്നു മുമ്പിൽ നമസ്കരിക്കണം. മരുമകൻ കുഞ്ഞിരാമനോടു മാധവിക്കു സഹായമായി താമസിക്കാൻ പറയണം. ഇത്രയും പണികൾ ചെയ്തുതീക്കേണ്ടതുണ്ടു്. അതിന്നു വേറെ ദിവസം കാണുകയില്ല. അതൊക്കെക്കഴിച്ചു്, ഭക്ഷണവും കഴിച്ചു്, മാധവിയോടു യാത്രയും പറഞ്ഞു് 'നാഗാലാൻഡ്' ഹോട്ടലിലേക്കു ചെല്ലണം. അടുത്തദിവസം പ്രഭാതത്തിന്നുള്ള വിമാനത്തിൽ പണ്ഡിററ് മിശ്രാജിയോടൊപ്പം അലഹബാദിലേക്കു പോകണം. ഇതാണു പരിപാടി.

പരിപാടിയിട്ടപോലെതന്നെ കാൎയ്യങ്ങൾ വഴിക്കു വഴിയായി നടന്നു:

ഉച്ചഭക്ഷണവും കഴിച്ച്, സ്വല്പമൊന്നു വിശ്രമിച്ച്, ശങ്കരമേനോൻ മാധവിയമ്മയോടും മകൾ ജാനകിയോടും യാത്രപറഞ്ഞു.

“മാധവീ, നിനക്കു ശങ്കയൊന്നും വേണ്ട. ഞാൻ ആരോഗ്യവാനായി തിരിച്ചുവരും. മനസ്സിലായില്ലേ? നിനക്കു സഹായത്തിന്നായി കുഞ്ഞിരാമനിവിടെത്തന്നെയുണ്ട്. എന്തുവേണമെങ്കിലും അവനോടു പറഞ്ഞാൽമതി.

ഭാൎഗ്ഗവിയും രവീന്ദ്രനും സ്ക്കൂളിൽപോയിരിക്കയാണല്ലോ. അവരോടു പറഞ്ഞേക്കു്, അച്ഛൻ വരുമ്പോൾ പാവാടത്തുണിയും ബ്ലൗസ്പീസും ഷർട്ടുമെല്ലാം കൊണ്ടുവരുമെന്നു്.”

എന്നിട്ടു മകൾ ജാനകിയെ വിളിച്ച് അയാൾ ചോദിച്ചു: “മോളെ, ജാന്വൂ, അച്ഛൻ പോട്ടെ, മോൾക്കെന്താ കൊണ്ടുവരേണ്ടതു്?”

“ഒന്നും വേണ്ടച്ഛാ! അച്ഛനെപ്പഴാ വരാ?”

“അതു ഞാൻഅവിടെ പോയിട്ടെഴുതാം. മോൾക്കു്, സാരികളും വാച്ചും കൊണ്ടുവരാം. കെട്ടോ.” അയാൾ പറഞ്ഞു.

“പോയ ഉടനെ വിവരത്തിനു കമ്പിയടിക്കുമോ?” മാധവിയമ്മ ചോദിച്ചു.

“അടിക്കാം. അഥവാ, തരപ്പെട്ടില്ലെങ്കിൽ കത്തയയ്ക്കാം. പോരേ?”

“ഉം.”

അധികമൊന്നും പറയാൻ മാധവിയമ്മയ്ക്കു കഴിഞ്ഞില്ല. അവർ സാരിത്തുമ്പുകൊണ്ടു കണ്ണു തുടച്ചു.

"അയ്യയ്യേ! നീ കുട്ടികളെപ്പോലെ കരയുകയാണോ? ഞാനെന്താ ചെറിയ കുട്ടിയാ? ഒരപകടവും വരില്ല. ഞാൻ കഴിയുംവേഗം മടങ്ങിവരും." ശങ്കരമേനോൻ ആശ്വസിപ്പിച്ചു.

അധികം സംസാരിച്ചുനിന്നാൽ തന്റെ ദൗർബ്ബല്യവും പുറത്തു ചാടുമെന്നു ഭയന്നു് അയാൾ പടിയിറങ്ങി, ഹോട്ടൽ 'നാഗാലാൻഡി'നെ ലക്ഷ്യമാക്കി നടന്നു.

## അഞ്ചു്

ശങ്കരമേനോൻ പോയതിൽപ്പിന്നെ മാധവിയമ്മക്കു മൗഢ്യംതന്നെയാണു്. അടുക്കളക്കാര്യത്തിൽ വളരെ ശ്രദ്ധപതിപ്പിച്ചിരുന്ന അവർ അങ്ങോട്ടു തിരിഞ്ഞുനോക്കാതായി. എപ്പോഴും ചിന്തതന്നെ. കുട്ടികളുടെ അച്ഛനെപ്പററിയായിരിക്കും ആലോചന. എത്തിയ വിവരത്തിന്നു കമ്പിയടിക്കാമെന്നു പറഞ്ഞിരുന്നു. പക്ഷേ, കമ്പിയൊന്നും വന്നുകണ്ടില്ല. എത്തിയ ഉടനെ അടിച്ചാൽ കിട്ടേണ്ട സമയമായി. ഒരുപക്ഷേ, കത്തയസ്സാമെന്നുവെച്ചിരിക്കുമോ? അതോ, വിമാനയാത്രയല്ലേ, വല്ല അപകടവും സംഭവിച്ചോ? എത്രയെത്ര വിമാനങ്ങൾ തകരുന്നു? വിമാനയാത്ര അത്രയൊന്നും സുരക്ഷിതമായിക്കഴിഞ്ഞിട്ടില്ലല്ലോ. എന്തൊ! ഒക്കെ കണ്ടുതന്നെ അറിയണം. ദൈവമെ! അപകടമൊന്നും പററാതിരിക്കണെ!

അങ്ങനെ രണ്ടു ദിവസം കഴിഞ്ഞു. മൂന്നാംദിവസം രാവിലെ എട്ടു മണിയോടുകൂടി ഗെയിററിനടുത്തു് ഒരു കാർ വന്നുനിന്നു. ശബ്ദം കേട്ടു മാധവിയമ്മ പുറത്തേക്കു

വന്നു നോക്കി. ആരായിരിക്കാം? കുട്ടികളുടെ അച്ഛൻ മടങ്ങിവന്നോ? ഇത്രവേഗം? അതോ, പോയില്ലെന്നുണ്ടോ?''

അതാ ജയരാജനും പത്മിനിയും കാറിൽനിന്നിറങ്ങുന്നു. മററാരുണ്ട്? ആരുമില്ലെ? ശേഖരനില്ലേ? ഇല്ല. മററാരെയും കണ്ടില്ല.

തൻെറ മകളും മകളുടെ രണ്ടാമത്തെ മകൻ ജയരാജനും വന്നിരിക്കയാണ്. മാധവിയമ്മയുടെ ഇരുളടഞ്ഞ ഹൃദയത്തിലേക്ക് ഒരു പ്രഭാകിരണം കടന്നുവന്നിരിക്കുന്നു. അഞ്ചുകൊല്ലമായി വരാതിരുന്ന മകൾ വന്നിരിക്കുന്നു!

"എന്താണെടീ ഒരു കത്തുകൂടിയയയ്ക്കാതിരുന്നത്?'' മാധവിയമ്മ ചോദിച്ചു.

"കത്തയയ്ക്കാതെ പെട്ടെന്നു കയറിവരണം. അതൊരു രസമാണമ്മേ. പ്രതീക്ഷിക്കാതെ വരുമ്പോഴല്ലെ കൂടുതൽ സന്തോഷമുണ്ടാവുക?'' പത്മിനി ചിരിച്ചുകൊണ്ടു പറഞ്ഞു.

"അതെ, അതെ. നിനക്കെല്ലാം തലതിരിച്ചിട്ടാണല്ലൊ. ഉം, പോട്ടെ. എവിടെ ശേഖരൻ?''

"ഓ, അതു പറയാതിരിക്കയാണു ഭേദം. എപ്പോൾ നോക്കിയാലും ജോലിത്തിരക്കാണ്. രാവിലെ എട്ടുമണിയായാൽ സ്റ്റെനോഗ്രാഫർ വരും. മൂന്നും നാലും വിധി ഡിക്റേററ്ചെയ്യാനുണ്ടാകും. ചിലപ്പോളതിലധികവുമുണ്ടാകും. അതുകഴിഞ്ഞു കുളിച്ചു, വല്ലതും കഴിക്കുമ്പോഴേക്കും കോടതിക്കു പോകാനാകും. വൈകുന്നേരം വന്നാൽ ഒന്നു നടക്കാൻ പോകാൻ പറഞ്ഞാൽക്കൂടി പോവില്ല. വല്ല ലോ റിപ്പോർട്ടും വായിച്ചുകൊണ്ടിരിക്കും. രാത്രി ഒരുമണിക്കേ ഉറക്കമുള്ളു. റിക്കാർഡുകൾ പരിശോധിച്ചും, നിയമപുസ്തകങ്ങൾ നോക്കിയും കഴിക്കും. ഇതാ

ണമ്മെ സ്ഥിതി. കുറച്ചു ലീവെടുക്കാൻ പറഞ്ഞാൽ കൂട്ടാക്കയുമില്ല. അപ്പോൾ പണിയൊക്കെ ബാക്കിയാകു മെന്നാ പറയുക. എന്തുചെയ്യും?'' ഒരേയടിക്കു പത്മിനി പറഞ്ഞുതീർത്തു.

ടാക്സിഡ്രൈവർ പടിക്കൽത്തന്നെ കാത്തുനില്ക്കുകയാണു്.

പത്മിനി തിരിഞ്ഞുനോക്കിയപ്പോൾ അയാളെ കണ്ടു.

"ഓ! കൂലി തന്നില്ല, അല്ലേ?'' അവൾ ഡ്രൈവറോടായി പറഞ്ഞു. എന്നിട്ടു പേഴ്സെടുത്തു തപ്പിനോക്കി. ചില്ലറയില്ല.

"അമ്മെ, ഒരു മൂന്നുറുപ്പികയുണ്ടെങ്കിൽ തന്നാട്ടെ. എന്റെ കൈവശം ചില്ലറയില്ല.'' അവൾ അമ്മയോടു ചോദിച്ചു.

മാധവിയമ്മ അകത്തുപോയി മൂന്നുറുപ്പിക എടുത്തു വന്നു് പത്മിനിവശം കൊടുത്തു. അവളതു വാങ്ങി ഡ്രൈവർക്കു കൊടുത്തുവിട്ടു.

അപ്പോഴേക്കും ശബ്ദംകേട്ടു മുകളിലെ മുറിയിൽനിന്നു വായിക്കുകയായിരുന്ന രവിയും ഭാർഗ്ഗവിയും ഓടിയെത്തി. അടുക്കളയിൽനിന്നു ജാനുവും.

മാധവിയമ്മ ജയരാജനെ പിടിച്ചടുപ്പിച്ചു തലയിൽ തലോടിക്കൊണ്ടു ചോദിച്ചു:

"മോൻ ഏതു ക്ലാസ്സിലാ പഠിക്കുന്നതു്?''

"എട്ടാംക്ലാസ്സിൽ.'' അവൻ പറഞ്ഞു.

"മോന്റെ പരീക്ഷ എപ്പഴാ?''

"അടുത്ത മാസം.''

"കഴിഞ്ഞ പരീക്ഷയിലെല്ലാററിലും പാസായോ?''

"ഉം.''

“നല്ലോണം പഠിക്കണം, ട്ട്യോ?” മാധവിയമ്മ ഉപദേശിച്ചു.

“പഠിപ്പ്! അവനെപ്പോഴും കളിയാണമ്മേ! എന്തു പറഞ്ഞാലും കേൾക്കില്ല. അവനു തോന്നിയെങ്കിൽമാത്രം പുസ്തകവുമെടുത്തിരിക്കും. അവൻെറ അച്ഛനാണെങ്കിൽ ഒരക്ഷരവും മിണ്ടുകയുമില്ല. കുട്ടികളെ ഓമനിക്കുന്നതിനും ഒരളവില്ലേ?” പത്മിനി ഇടയ്ക്കുകയറിപ്പറഞ്ഞു.

“അതെയോ മോനേ? മോൻ പഠിക്കാറില്ലേ?”

“ഉണ്ടച്ചമ്മേ! അമ്മ കളവുപറയാ.”

“അതെ, അതെ. അമ്മ കളവല്ലേ പറയൂ.” പത്മിനി പറഞ്ഞു.

“അതു പോട്ടെ. മോൻ നല്ലോണം പഠിക്കണം. പഠിച്ചുപഠിച്ചു വലിയ ഒരുദ്യോഗസ്ഥനാകണം. മോൻെറ അച്ഛനെപ്പോലെ ഒരു ജഡ്ജിയാകണം.” അച്ചമ്മ ഉപദേശിച്ചു.

“ഓ! കണ്ടാൽമതി. ജഡ്ജി!” പത്മിനി ഓമനയായി പറഞ്ഞു.

“അതെന്തെടീ, നീ അങ്ങനെ പറയുന്നേ? അവൻ വലിയവനാകും. ‘സ്ത്രീണാഞ്ച ചിത്തം പുരുഷസ്യ ഭാഗ്യം’ എന്നു കേട്ടിട്ടില്ലേ? രണ്ടും ആക്കും മനസ്സിലാക്കാൻ കഴിയാത്തതാണത്രെ!”

അതിലിടയ്ക്കു ജയരാജനെയുംകൊണ്ട് ജാനുവും കൂട്ടുകാരും പോയി. അവർ അവനുമായി പലതും സംസാരിക്കയാണ്. പത്മിനിയും അതിൽ പങ്കുകൊള്ളാൻ ചെന്നു. മാധവിയമ്മ പത്മിനിയോടു പറഞ്ഞു:

“ആ, മതി മതി, വർത്തമാനം. നീ പോയി പല്ലു തേക്കയും കുളിക്കയുമെല്ലാം ചെയ്യാട്ടെ. മോനെയും കൂട്ടി

SENGUPTA PUBLIC LIBRARY KOZHIKODE-4

ക്കോ. വത്തമാനമെല്ലാം പിന്നീടാകാം. മോനു വിശക്കു ന്നുണ്ടാകും."

"പോകാമ്മേ."

"വെറുതെ വത്തമാനംപറഞ്ഞു നില്ക്കണ്ട. നിനക്കു കാപ്പിയൊന്നും കുടിക്കണ്ടെ? വേഗം പോയി കുളിയെല്ലാം കഴിച്ചു വാ."

പത്മിനിയും മകനും പല്ലുതേപ്പും കുളിയുമെല്ലാം കഴിച്ചുവന്നു കാപ്പിയുംകുടിച്ചു ഡ്രായിങ്ങ്റൂമിൽ സോഫയിൽ വന്നിരുന്നു.

അതിലിടയ്ക്കു തങ്ങളുടെ മുറികളിൽ പോയി പഠിച്ചുകൊണ്ടിരുന്ന കുട്ടികൾ മടങ്ങിവന്നു. ഏച്ചി തങ്ങൾക്കായി എന്തെങ്കിലും കൊണ്ടുവന്നിരിക്കുമെന്നു കരുതി ചുററിപ്പററി കൂടുകയാണവർ.

പത്മിനി അതു മനസ്സിലാക്കിയതുപോലെ തോന്നി. അവൾ അമ്മയോടായി പറഞ്ഞു:

"ഒന്നും വാങ്ങാൻ പറ്റിയില്ലമ്മെ. കുറച്ചു തുണിയും സോപ്പും പൗഡറുമെല്ലാം വാങ്ങണമെന്നുണ്ടായിരുന്നു. പെട്ടെന്നാണു വരാൻ തീരുമാനിച്ചതു്. അതാണു കത്തു കൂടി അയയ്ക്കാഞ്ഞതു്. രാവിലെ എഴുന്നേററപ്പോൾ പെട്ടെന്നു് അമ്മയെക്കാണണമെന്നു തോന്നി. കോടതിയിൽ പോകുന്നതിനു മുമ്പുതന്നെ സമ്മതം ചോദിച്ചുവാങ്ങി. അങ്ങു പുറപ്പെട്ടു. ഒന്നും ഓത്തില്ല."

"ഓ, അതു സാരമില്ല. നിന്നെക്കണ്ടല്ലോ. അതുമതി. കുറെക്കാലമായി കാണാഞ്ഞിട്ടു് എനിക്കു വല്ലാത്തൊരസുഖമായിരുന്നു. അതു തീൎന്നു." മാധവിയമ്മ ആശ്വാസം പ്രകടിപ്പിച്ചു.

കുട്ടികൾക്കെല്ലാം വലിയ നിരാശയായി. അതവരുടെ മുഖത്തു വ്യക്തമായി കാണാമായിരുന്നു. മാധവിയമ്മ

അതു കാണാതിരുന്നതുമില്ല. പക്ഷേ, ആരും ഒന്നും മിണ്ടിയില്ല...

"അല്ല, നിനക്കെപ്പം പോകണം? കുറച്ചുദിവസം താമസിക്കാൻ സമ്മതം വാങ്ങീട്ടല്ലെ വന്നതു്?" മാധവിയമ്മ മകളോടു ചോദിച്ചു.

"അയ്യോ, യാതൊരു നിവൃത്തിയുമില്ലമ്മേ. മററന്നാൾ വൈകുന്നേരത്തെ വണ്ടിക്കു പോകണം. അതുതന്നെ മനമില്ലാമനസ്സോടെ സമ്മതിച്ചതാണ്. സമയത്തിന്നു വല്ലതും പാകം ചെയ്തുകൊടുക്കാൻ ഒരാളുമില്ലവിടെ. ഈ കനത്ത പണിത്തിരക്കിലിടയ്ക്ക് ആഹാരവും മര്യാദയ്ക്കുകഴിച്ചില്ലെങ്കിൽ തകൻുപോകും." പത്മിനി പറഞ്ഞു.

"അപ്പോൾ, ഇപ്പോഴെവിട്ടുന്നാ ഭക്ഷണം കഴിക്കുന്നതു്?"

"അതു്, തല്ക്കാലം, മോഡേൺ ലോഡ്ജിൽനിന്നു് എട്ടപ്പൂണശിപായി കൊണ്ടുകൊടുക്കും. അതൊന്നുംഅവിടുത്തേക്കു പിടിക്കില്ല. എനിക്കറിയാം. പക്ഷേ, ഞാനെന്തുചെയ്യും! അമ്മയെ ഒന്നു കാണണമെന്നു തോന്നിയാൽ ഒരു നിമിഷമെനിക്കു നില്പുറയ്ക്കില്ല. അങ്ങനെ പുറപ്പെട്ടതാണ്." പത്മിനി പറഞ്ഞു.

"പിന്നേയ്, നിൻെറ അച്ഛനിവിടെയില്ല."

"ഉം? എവിടെപ്പോയി? ഞാനങ്ങു മറന്നുപോയി. അച്ഛനെവിടെയാ പോയതു്?"

"അവക്കു സുഖമില്ല. ചികിത്സയ്ക്കു പോയിരിക്കയാണു്?"

"സുഖമില്ലെന്നൊക്കെ പറയും. എനിക്കറിയില്ലെ അച്ഛനെ? വയസ്സായാൽ കുറച്ചൊക്കെ സമാധാനമായിരിക്കണം. അല്ലാതെ എപ്പോഴും രോഗപ്പാട്ടുപാടിക്കൊണ്ടിരുന്നാൽ മററുള്ളവരെന്താണു ചെയ്യുക? അല്ല, ഞാൻ

കുററം പറയുന്നതല്ല. ഒരുവിധമിങ്ങനെ ഉന്തിത്തള്ളി ക്കഴിക്കയല്ലാതെ വിസ്തരിച്ചൊരു ചികിത്സയ്ക്കു തുനി ഞ്ഞാൽ എങ്ങനെയാണു നിവൃത്തിക്കുക? പണം വേണ്ടേ? ഇനി കടംവാങ്ങി ചെയ്യാമെന്നുവെച്ചാൽത്തന്നെ വലിയ വിശേഷമുണ്ടാകുമെന്നമ്മയ്ക്കു തോന്നുന്നുണ്ടോ?" മകൾ ചോദിച്ചു.

മാധവിയമ്മയ്ക്ക് ഇതു കേട്ടപ്പോൾ വല്ലാത്ത വേദന തോന്നി. എന്തിനു വയസ്സുകാലത്ത് ആ മനുഷ്യനെ കുറ്റപ്പെടുത്തുന്നു? ഇവൾക്കൊന്നും ഒരു സഹായവും ചെയ്യാൻ കഴിയില്ലെങ്കിൽ ചെയ്യേണ്ട. എന്നാൽ ഒന്നു മിണ്ടാതിരുന്നുകൂടെ? വീട്ടുകാര്യം നോക്കുന്ന ഒരുവൾ വന്നിരിക്കുന്നു!

"അങ്ങനെ പറയല്ലെടീ. അവക്കു ക്ഷീണം ബാധിച്ചതു ശരിയാണ്. എന്നാൽ ഇത്ര ദൂരത്തുപോയി ചികിത്സ നടത്തേണ്ടന്നാണെനിക്കും തോന്നിയത്."

"എവിടെയാ അച്ഛൻ പോയത്?"

"അല്ലഹബാദിൽ."

"ങ് ഹേ! എന്തു ഭ്രാന്താണ്? ചികിത്സിക്കാൻ നാട്ടിലാരുമില്ലേ? ഈ അമ്മ അതിനെല്ലാം അരുനിന്നു കൊടുത്തിട്ടാണ്. പോകരുതെന്നമ്മയ്ക്കു വിലക്കിക്കൂടെ?"

"എടീ, നിന്റെയും എന്റെയും ചൊല്പടിക്കു നില്ക്കുന്ന ആളല്ല അദ്ദേഹം. മഹാ അഭിമാനിയാണ്. തന്റെ ആരോഗ്യം വീണ്ടെടുത്തു വീണ്ടും വേറെയെന്തെങ്കിലും ജോലിയെടുത്തു ജീവിക്കണമെന്നാ പറയുന്നത്." മാധവിയമ്മ പറഞ്ഞു.

"ഞാൻ പറഞ്ഞില്ലേ, ഒരുകണക്കിൽ നോക്കിയാൽ അമ്മയാണീ കിറുക്കത്തരത്തിന്നുത്തരവാദി. എന്തു പറഞ്ഞാലും അനുസരിക്കുന്ന ഒരമ്മ! ഇല്ലെങ്കിൽ ഇത്ര

തോന്ന്യാസം കാണിക്കുമോ? അതൊന്നുമല്ല കാര്യം. മൂപ്പു ക്കൊരു സക്കീട്ട പോകണം. അതിന്നൊരു കാരണം പറയണ്ടെ? എനിക്കു പിന്നെ അച്ഛനായാലും വേണ്ടില്ല, അമ്മയായാലും വേണ്ടില്ല, കുട്ടികളുടെ അച്ഛനായാലും വേണ്ടില്ല, ഉള്ളതങ്ങു തുറന്നുപറയും,'' പത്മിനി പറഞ്ഞു.

''ആ, ആ, മതിയാക്കു്. അച്ഛനെ കുററംപറയാനാ നീ വന്നതു്? അല്ലെ? എനിക്കിതൊന്നും കേൾക്കേണ്ട. നീ നിൻെറ പാട്ടിനു പോയാട്ടെ.'' മാധവിയമ്മ എഴു നേററു് അകത്തേക്കു നടന്നു:

''കണ്ടില്ലെ ഇതിന്റെയെല്ലാം ധിക്കാരം. മകളുതന്നെ, മകളു്. ഇതിൻെറയെല്ലാം നാവൊന്നു നന്നാക്കിക്കൂടെ? ആ സാധു മനുഷ്യൻെറ മനോവേദന ഇവളറിയുമോ? ഞാൻ അവരെ ചീത്തയാക്കിയിരിക്കയാണത്രെ!''

''ഇല്ലമ്മെ, ഞാൻ കുററംപറഞ്ഞതല്ല, കാര്യം തുറന്നങ്ങു പറഞ്ഞുപോയെന്നേയുള്ളു.'' പത്മിനി സ്വരം താഴ്ത്തി, അല്പം കുററബോധത്തോടെ പറഞ്ഞു. അങ്ങനെ ആ സംഭാഷണം പെട്ടെന്നവസാനിച്ചു.

അന്നുരാത്രിയിലും കുറേനേരം അമ്മയും മകളും പല നാട്ടുകാര്യങ്ങളും സംസാരിച്ചുകൊണ്ടു കഴിച്ചു!

പിറേറന്നു പത്മിനി പറഞ്ഞു:

''നാളെ വൈകുന്നേരമുള്ള വണ്ടിക്കെനിക്കു പോകണമമ്മെ. പിന്നെ—ഒരു കാര്യം ചോദിക്കാനാണു് ഞാൻ വന്നതു്.''

''എന്താ, പറ.''

''ഒരു സഹായം. അമ്മ ചെയ്യോ? അമ്മയുടെ വിഷമമാലോചിച്ചിട്ടു ചോദിക്കാൻ മടിയുണ്ടു്. എന്നാലും ചോദിക്കാതെന്തുചെയ്യും? മററാരോടാണു് ഞാൻ ചോദിക്കേണ്ടതു്?''

GUPTA PUBLIC LIBRARY KOZHIKODE-4

“എന്താണെടീ, കാര്യം പറ.”

“എനിക്കു് ഒരായിരം ഉറുപ്പിക വേണം.”

“ങ്ഹേ! ആയിരമുറുപ്പികയോ? ആയിരം പയിസ കണ്ടോ ഞാൻ?”

“അങ്ങനെ പറേല്ലമ്മേ...”

“ആട്ടെ, എന്തിനാ പണം?”

“കുട്ടികളുടെ അച്ഛനിപ്പോൾ ടാക്സിയിലാണു്. കോടതിക്കു പോകാറു്. സ്വന്തം കാർ റിപ്പേറിലാണു്. വക്ക് ഷോപ്പിൽ കൊടുക്കാൻ ഒരായിരം ഉറുപ്പികയെങ്കിലും വേണ്ടിവരും. കാറേ വേണ്ടെന്നുവെക്കാൻ തോന്നാറുണ്ടു് ചിലപ്പോൾ. പണത്തിൻെറ വിഷമമത്രയ്ക്കാണു്. എങ്കിലും അന്തസ്സു പാലിക്കാതെ കഴിയോ അമ്മേ? ചില മുൻസീപ്‌മാർപോലും കാറിൽ വരുമ്പോൾ, സബ്‌ജഡ്ജിക്കു് ഒരു കാറില്ലെന്നുവന്നാൽ—” പത്മിനി ന്യായീകരിച്ചു.

മാധവിയമ്മ കുറച്ചുനേരത്തേക്കൊന്നും പറഞ്ഞില്ല.

നോക്കണെ വിഷമം. തന്റെ കൈയിലാണെങ്കിൽ ഒരു പത്തുറുപ്പികപോലുമില്ല. പീടികക്കാരൻ സാമാനം കടംതരുന്നതുകൊണ്ടു ദിവസം നീങ്ങുന്നു. ഇവൾക്കു പണം വേണമത്രേ! പണം! എന്തിനെന്നോ? കാർ നന്നാക്കാൻ! അന്തസ്സു പാലിക്കാൻ! ശേഖരനു വേറെ വഴിയൊന്നുമില്ലേ? നല്ല ശമ്പളമില്ലേ? വലിയൊരു കുടുംബഭാരവുമില്ല. രണ്ടു കുട്ടികളെ ഉള്ളൂ. അതുതന്നെയും ഹൈസ്കൂളിൽ പഠിക്കുന്നവരാണുതാനും. അപ്പോൾ വലിയ ചെലവൊന്നും അവരെച്ചൊല്ലി വേണ്ടല്ലോ. പിന്നെ എന്തിനു് ഇവൾ പണത്തിനു തന്നെ പിടികൂടുന്നു? പിടികൂടീട്ടെന്തൊരുകാര്യം? മാധവിയമ്മ ആലോചിച്ചു വിഷമിക്കയാണു്.

“എന്താ, അമ്മ തരുല്ലെ?” പത്മിനി ചോദിച്ചു.

"എനിക്കെവിടുന്നാടീ, പണം? നിൻെറ അച്ഛന്റെ പെൻഷൻകൊണ്ടുവേണമിവിടെ അഞ്ചാറു ജീവൻ കഴിയാൻ. പെൻഷനെത്രയാണെന്നു നിനക്കറിയാമല്ലോ. നിങ്ങളൊന്നും ഒന്നും തരുന്നില്ലെങ്കിൽ വേണ്ട. സൈ്വരത്തോടെ ഇരിക്കാനനുവദിച്ചാൽ മതിയായിരുന്നല്ലോ."

"അമ്മ ഇങ്ങനെ പറഞ്ഞാൽ—"

"ആ, ആട്ടെ ഞാനൊരു വഴി പറയാം. നിൻെറ ഏട്ടനൊന്നെഴുതരുതോ? അവൻ തീർച്ചയായും സഹായിക്കും. അവൻ ഒററ ദേഹമല്ലേ? ഭാൎയ്യയും മക്കളുമൊന്നുമില്ലല്ലോ. പിന്നെ ഞങ്ങൾക്കു തരുന്ന ചെലവുമില്ല. എന്താ, എഴുതിനോക്കിക്കൂടെ?" മാധവിയമ്മ ഒരു പുതിയ മാൎഗ്ഗം നിർദ്ദേശിച്ചുകൊടുത്ത സമാധാനത്തോടെ ചോദിച്ചു.

"ഓ! അതോ, കേൾക്കണോ? അമ്മയെ വേദനിപ്പിക്കേണ്ടെന്നുവെച്ചു പറയാതിരുന്നതാണ്. ഇനി, അമ്മ ചോദിച്ചസ്ഥിതിക്ക്, പറഞ്ഞേക്കാം. ഏട്ടൻെറ കാൎയ്യമെല്ലാം കുഴപ്പത്തിലാണ്." പത്മിനി പറഞ്ഞു.

"ങ്ഹേ!"

"അതേന്ന്. ഏട്ടൻ സസ്പെൻഷനിലാണ്. ആൻ്റികറപ്ഷൻ സ്ക്വാഡ് പിടികൂടിയിരിക്കയാണത്രേ. അവരുടെ പേരിൽ കൈക്കൂലിക്കുററമാണാരോപിച്ചിട്ടുള്ളതു്. കുട്ടികളുടെ അച്ഛനാ പറഞ്ഞതു്." പത്മിനി വിശദീകരിച്ചുകൊടുത്തു.

മാധവിയമ്മ ഒന്നും മിണ്ടിയില്ല. അവർ തരിച്ചുപോയിരിക്കയാണ്. തികച്ചും അപ്രതീക്ഷിതവും ദുഃഖകരവുമായ ആ വാൎത്ത അവരെ ഞെട്ടിച്ചിരിക്കയാണ്. അല്പം കഴിഞ്ഞു് അവർ പറഞ്ഞു:

"അല്ല, നീ പറ, അവനെന്തിനാണിത്തരം നീച

പ്രവൃത്തിക്കു പോയതു്? ചെലവിന്നു് വഴിയില്ലാഞ്ഞിട്ടാണോ? ഭാഗ്യവശാലോ നിർഭാഗ്യവശാലോ അവനിപ്പോൾ ആരെയും തീററിപ്പോറ്റാനൊന്നുമില്ലല്ലോ. വലിയ കുടുംബഭാരമുള്ള ചിലർ തെററാണെങ്കിലും ചിലപ്പോൾ അത്തരം ചീത്തപ്രവൃത്തിയിലേപ്പെട്ടാറുണ്ടു്—മാധവിയമ്മ പറഞ്ഞുകൊണ്ടിരിക്കുന്നതിനിടയിൽ പത്മിനി പറഞ്ഞു:

“അതിനു് ഏട്ടനു് ആ ഭാരമില്ലല്ലോ. ഭാര്യയുമില്ല, മക്കളുമില്ല.”

“അതെ. വീട്ടിലേക്കു് ഒരു കാലണയോ കത്തോ അയച്ച ബന്ധവുമില്ല. പിന്നെ, എന്തിനാണവൻ ഈ കൃത്യം ചെയ്തതു്?” മാധവിയമ്മ ചോദിച്ചു.

“സമ്പാദിക്കാൻ.” മകൾ പത്മിനി പെട്ടെന്നു പറഞ്ഞു.

“ആക്കുവേണ്ടി?”

“അമ്മേ, അമ്മയ്ക്കറിയില്ല, പണം സമ്പാദിക്കാൻ മനസ്സുവെച്ചവർ ആക്കുംവേണ്ടി സമ്പാദിക്കുന്നതല്ല. അവരുടെ സംതൃപ്തിക്കും ആനന്ദത്തിന്നും വേണ്ടിയാണവർ സമ്പാദിക്കുന്നതു്. പണമുള്ളവക്കാണു് കൂടുതൽ സമ്പാദിക്കാൻ തോന്നുക. ഇല്ലാത്തവക്കു് അങ്ങനെയൊരു ചിന്തയേയില്ല. ചിന്തിച്ചിട്ടൊരു കാര്യവുമില്ല. നോക്കരുതെ, എൻെറയൊക്കെ സ്ഥിതി. എപ്പോഴും ചെലവു്, ചെലവു്, ചെലവു്.” പത്മിനി പരാതിപ്പെട്ടു.

“ചെലവെല്ലാവക്കുമുണ്ടു്, മോളേ. അവന്നു് ചെലവില്ലെന്നു നമ്മൾ പറയും. നിനക്കു ചെലവില്ലെന്നു ഞങ്ങൾ പറയും. ഞങ്ങൾക്കു ചെലവില്ലെന്നു നിങ്ങൾ രണ്ടുപേരും പറയും. പക്ഷേ, പറയുന്നതല്ലല്ലോ കാര്യം.

ഉം. എന്തിനതൊക്കെ ഇപ്പോൾ പറയുന്നു? ദൈവം അവ ന്നു് ദോഷമൊന്നും ചെയ്യാതിരിക്കട്ടെ. മററന്തു പറയാ നാണു ഞാൻ?" മാധവിയമ്മ ആശ്വസിക്കാൻ ശ്രമിക്ക യാണു്.

പത്മിനി വീണ്ടും തന്റെ കാര്യം ഉന്നയിക്കുകയാ ണു്: "അപ്പഴ് ഞാൻ പറഞ്ഞതു് അമ്മ മറന്നോ?"

"നീ എന്നെ ദ്രോഹിക്കല്ല മോളെ. എനിക്കൊ ന്നുമില്ലെന്നു നീ അറിയില്ലേ?"

"അമ്മയുടെ പണ്ടത്തിൽനിന്നെന്തെങ്കിലും തന്നാൽ മതിയമ്മെ. ഞാൻ പണയംവച്ചു വാങ്ങിക്കൊള്ളാം. മൂന്നുമാസത്തിലിടയ്ക്കു പണ്ടം എടുത്തു തരികയുംചെയ്യാം."

അപ്പോഴാണു മാധവിയമ്മ തൻെറ പണ്ടം വിററ കാര്യം പറഞ്ഞതു്. അതു കേട്ടപ്പോൾ മകൾക്കരിശം മൂത്തു.

"അല്ല, ആരെങ്കിലും ഈ പണി ചെയ്യോ? ഞാൻ പറഞ്ഞില്ലെ, നിങ്ങളൊരു പാവമാണു്. അച്ഛൻ ചോ ദിച്ചാൽ എല്ലാമെടുത്തുകൊടുക്കും. വേണ്ടുന്നതിന്നും വേ ണ്ടാത്തതിന്നുമെല്ലാം അച്ഛൻ ചെലവാക്കുകയുംചെയ്യും. ആ മാധവൻനമ്പൂരിപ്പാടിൻെറ കഷായമോ മറ്റോ കുടി ച്ച്, അവസാനം ഒരു ലേഹ്യവും കഴിച്ചാൽ അച്ഛൻെറ ക്ഷീണം മാറില്ലേ? അതിന്നുപകരം അച്ഛൻ ചെയ്യതോ?" മകൾ അരിശമൊതുക്കിക്കൊണ്ടു ചോദിച്ചു:

"എനിക്കങ്ങനെയൊന്നും വേണ്ട. ഞാൻ വില്ക്കയു മില്ല. തൽക്കാലം ഒരു തിരിമറിക്കു മാത്രമാണു ഞാൻ ചോദിക്കുന്നതു്."

മകൾ വിടുന്ന ഭാവമില്ലെന്നു കണ്ടപ്പോൾ മാധ വിയമ്മ ശപിച്ചുകൊണ്ടു ബാക്കിയുള്ള പണ്ടങ്ങളെടുത്ത വൾവശംകൊടുത്തു. അവൾക്കറിയാം, തിരിമറിയെന്നൊ

ക്കെ പറയുന്നതു വെറും പൊള്ളയാണ്. കൈയിൽ കിട്ടിയാൽപ്പിന്നെ അതിജ്ജന്മത്തിൽ തിരിച്ചുകിട്ടില്ല. താൻ കുഴങ്ങുമ്പോൾ വല്ലതും കാട്ടി ഒരഞ്ചുറുപ്പിക വാങ്ങാൻ വഴിയില്ലാതാവുകയാണ്.

അങ്ങനെ പണ്ടവും വാങ്ങി പത്മിനിയിറങ്ങി. അമ്മയും സഹോദരീസഹോദരന്മാരും ഗേററുവരെ അനുഗമിച്ചു.

പത്മിനി പടിക്കൽ വന്നുനിന്നിരുന്ന കാറിൽ കയറുമ്പോൾ പറഞ്ഞു:

"അമ്മേ, അച്ഛൻെറ കത്തു വന്നാൽ എനിക്കെഴുതണേ! ഞാനിനി പതിവായി കത്തെഴുതാം. ഇടയ്ക്കൊക്കെ വരാനും ശ്രമിക്കാം. പിന്നേയ്, അമ്മയുടെ ആരോഗ്യം നല്ലപോലെ ശ്രദ്ധിക്കണം കേട്ടോ. സുഖമില്ലെങ്കിൽ തക്കസമയത്തു ഡോക്ടറെ വരുത്തി ചികിത്സിക്കണം. സഹായത്തിനു കുഞ്ഞിരാമേട്ടനുണ്ടല്ലോ."

"അതെല്ലാം നോക്കിക്കൊള്ളാം. നീ എത്തിയ വിവരത്തിന്നു കത്തയയ്ക്കണം. അയയ്ക്കുമോ?"

"അയയ്ക്കാമമ്മേ."

പത്മിനി എല്ലാവരോടും 'ടാറ്റാ' പറഞ്ഞു കാറിൽ കയറി.

## ആറ്

മിസ്റ്റർ ശങ്കരമേനോനെ മിശ്രാജിയുടെ ആതുരാലയത്തിൽ പ്രവേശിപ്പിച്ചിരിക്കയാണ്. മൂന്നുദിവസം കഴിഞ്ഞേ ചികിത്സ തുടങ്ങുകയുള്ളൂ. അതുവരെയ്ക്കും വിശ്രമമാണ്. അതിലിടയ്ക്കുദ്ദേഹം ആ സ്ഥാപനമാകെയൊന്നു ചുററിനടന്നു നോക്കി.

രോഗികളെ കിടത്തി ചികിത്സിക്കാനുള്ള ജനറൽ വാർഡ്, സ്പെഷൽ വാർഡ്, ഔട്ട്പേഷന്റ് ഡിപ്പാർട്ട്മെൻററ്, പ്രധാനവൈദ്യൻേറയും മററു വൈദ്യന്മാരുടേയും മുറികൾ, ഓഫീസ്, ഗവേഷണവിഭാഗത്തിൽപ്പെട്ട മുറികൾ, കോമ്പൗണ്ടിങ് റൂം, മരുന്നുകൾ തയ്യാർചെയ്യുന്നതിനുള്ള ഹാൾ, സ്റ്റോക്കു ചെയ്യാനുള്ള മുറികൾ, പൂന്തോട്ടം, ഔഷധത്തോട്ടം, കല്പസേവയ്ക്കുള്ള കുടിലുകൾ—അങ്ങനെ എല്ലാം അയാൾ നടന്നു കണ്ടു. ആകെക്കൂടി മിശ്രാജിയിലും അദ്ദേഹത്തിൻെറ സ്ഥാപനങ്ങളിലും അയാൾക്കു മതിപ്പു തോന്നി.

ചികിത്സയുടെ ചില വശങ്ങൾ മിസ്റ്റർ മേനോനു മുമ്പുതന്നെ പറഞ്ഞുകൊടുത്തിട്ടുണ്ട്. എങ്കിലും ചില കാര്യങ്ങൾകൂടി അയാൾ അറിഞ്ഞിരിക്കുന്നതു നന്നെന്നു മിശ്രാജിക്കു തോന്നി. അദ്ദേഹം പറഞ്ഞു:

“കേട്ടോളൂ, മിസ്റ്റർ മേനോൻ. ചികിത്സാക്രമത്തെപ്പററി അല്പം ചില സംഗതികൾകൂടി നിങ്ങളറിഞ്ഞിരിക്കുന്നതു നന്ന്.

ഇന്നടക്കം മൂന്നുദിവസം വിശ്രമമാണ്. അതു കഴിഞ്ഞേ ചികിത്സ തുടങ്ങൂ. സ്നേഹസ്വേദാദി പഞ്ചകർമ്മങ്ങളാണാദ്യം. അതിന്നു പതിനൊന്നു ദിവസത്തോളം പിടിക്കും. പിന്നീടാണ് കല്പസേവ. പഞ്ചകർമ്മമാണ് കല്പസേവയിലെ അതിപ്രധാനമായ വശം. അതു ശരിക്കു ചെയ്താൽത്തന്നെ ചികിത്സ പകുതിയിലേറെയായി.”

“അപ്പോൾ അതു കുറെ വിഷമമുള്ളതാണോ പണ്ഡിററ്ജീ?” മിസ്റ്റർ മേനോൻ ആരാഞ്ഞു.

“വിഷമമെന്നൊന്നും പറയാനില്ല. വിദഗ്ദ്ധമായ മേൽനോട്ടമുണ്ടെങ്കിൽ എല്ലാം എളുപ്പമാണ്. ആട്ടെ,

ENGUPTA PUBLIC LIBRARY KOZHIKODE-A

അതു കഴിഞ്ഞാൽ ഔഷധം കഴിക്കേണ്ട ക്രമംകൂടി കേട്ടോളൂ:

ആകെ നാല്പതു ദിവസമാണു മരുന്നു കഴിക്കേണ്ടതു്. ആദ്യത്തെ ദിവസം കാൽനെല്ലിക്കവലുപ്പത്തിൽ രണ്ടുനേരവും കഴിക്കുക. അടുത്തനാൾ അതു് അരനെല്ലിക്കവലിപ്പത്തിലാക്കുക. പിന്നീടു ദിവസേന ഓരോ നെല്ലിക്കവലിപ്പത്തിൽ വർദ്ധിപ്പിച്ചുകൊണ്ടു കഴിക്കുക. അപ്പോൾ ഇരുപതാംദിവസം പതിനെട്ടുനെല്ലിക്കപ്രമാണം കഴിക്കേണ്ടിവരും. ഇരുപത്തൊന്നാംദിവസവും ഈ മാത്രയിൽത്തന്നെ കഴിക്കുക. പിന്നീടു് ഓരോ നെല്ലിക്കവലിപ്പത്തിൽ കുറച്ചുകൊണ്ടുവന്നു നാല്പതാംദിവസം കാൽനെല്ലിക്കവലിപ്പത്തിൽ കഴിച്ചു നിർത്തുക. ഇതാണു പദ്ധതി? മനസ്സിലായോ?" മിശ്രാജി ചോദിച്ചു.

മിസ്റ്റർ മേനോൻ കാര്യങ്ങൾ ഗ്രഹിച്ചമട്ടിൽ തലയാട്ടി.

മിശ്രാജിക്കു കുറച്ചുകൂടി പറയുവാനുണ്ടു്. അയാൾ തുടർന്നു:

"ഞാനിപ്പോൾ നിർദ്ദേശിച്ചപ്രകാരം യാതൊരു മുടക്കവും കൂടാതെ മരുന്നു കഴിക്കണം. മുമ്പൊരവസരം ഞാൻ പറഞ്ഞപോലെ ചികിത്സാകാലത്തു ചില വിഷമതകളൊക്കെ നേരിട്ടേക്കാം. എന്നാൽ അതിലൊട്ടുംതന്നെ മനസ്സു പതറാതെ ഈശ്വരധ്യാനനിഷ്ഠനായിരിക്കണം. ഇതു വളരെ പ്രധാനമായ സംഗതിയാണു്. ഇനി മറെറാന്നു്. ധാരാളം പ്രാക്ടീസുള്ള ഒരു വൈദ്യനാണു ഞാനെന്നറിയാമല്ലോ. അപ്പോൾ എനിക്കു് ഒരേ അവസരം പല രോഗികളേയും ശ്രദ്ധിക്കേണ്ടതായിവരും. ഒരുപക്ഷേ, നിങ്ങളുടെ ചികിത്സയിലിടക്കുതന്നെ എനി

ക്കടിയന്തിരമായി ദൂരെയുള്ള മററാരു രോഗിയെ പരിശോധിക്കേണ്ടതായിവരും. അപ്പോൾ ഞാൻ സ്ഥലംവിട്ടുവെന്നു വരാം.''

''അപ്പോൾ എൻെറ—'' മിസ്റ്റർ മേനോൻ തെല്ലു സംഭ്രമത്തോടെ പറയാൻ ശ്രമിച്ചു.

''കേൾക്കൂ, മിസ്റ്റർ മേനോൻ. ഒട്ടുംതന്നെ ഭയം വേണ്ട. എന്നെപ്പോലെതന്നെ പഠിപ്പും പരിചയവുമുള്ള ഉദരാനന്ദസ്വാമികൾ എല്ലാം വേണ്ടപോലെ നടത്തിക്കൊള്ളും. നിങ്ങൾക്കയാളെ പൂണ്ണമായും വിശ്വസിക്കാം. മനസ്സിലായില്ലെ?''

''ഓ, മനസ്സിലായി. എന്നാൽ പണ്ഡിററ്ജി വേഗം മടങ്ങിയെത്തില്ലെ?''

''ഒന്നും പരിഭ്രമിക്കേണ്ട മിസ്റ്റർ മേനോൻ. ഒഴിച്ചുകൂടാത്ത ആവശ്യമുണ്ടെങ്കിലേ പോകുകയുള്ളു. പോയാൽ കഴിയുന്നതും വേഗം മടങ്ങിവരികയും ചെയ്യും.'' മിശ്രാജി ആശ്വസിപ്പിച്ചു.

മിസ്റ്റർ മേനോന് ആശ്വാസമായി. കാര്യങ്ങളെല്ലാം അയാൾക്കു മനസ്സിലായി. അയാൾ ചികിത്സക്കു മാനസികമായി തെയ്യാറെടുത്തുകഴിഞ്ഞു.

നല്ല ദിവസവും മുഹൂത്തവും നോക്കി ചികിത്സ തുടങ്ങി.

ആദ്യത്തെ മൂന്നുദിവസം മിശ്രാജിതന്നെ മേൽനോട്ടം വഹിച്ചു.

പെട്ടെന്നയാൾക്കൊരു കമ്പിവന്നു. ദൂരെ ഒരു സ്ഥലത്തുവെച്ചു കല്പസേവ നടത്തുന്ന ഒരു രോഗിയെ അടിയന്തിരമായി ചെന്നു നോക്കണമെന്നഭ്യത്ഥിച്ചുകൊണ്ടുള്ളതാണു കമ്പി. അവിടെ ചികിത്സയുടെ ചാർജ്ജു വഹിച്ചിരുന്ന ശ്രീ കാഞ്ചനാനന്ദജിയിൽനിന്നാണു

GUPTA PUBLIC LIBRARY KOZHIKODE

കമ്പി. മിശ്രാജിയുടെ ശിഷ്യൻതന്നെയാണെങ്കിലും വേണ്ടത്ര ധൈര്യമില്ലാത്ത ഒരു മനുഷ്യനാണത്. അതുകാരണം മിശ്രാജി ഉടനെ വിമാനംവഴി അവിടേക്കു പോയി. അപ്പോൾ മിസ്റ്റർ മേനോൻെറ ചികിത്സയുടെ ഭാരവാഹിത്വം ഉദരാനന്ദസ്വാമിയിൽ നിക്ഷിപ്തമായി.

പഞ്ചകർമ്മങ്ങൾ തീരുന്നതിന്നു രണ്ടുദിവസം മുമ്പേ മിശ്രാജി മടങ്ങിയെത്തി. അപ്പോഴേക്കു മിസ്റ്റർ മേനോൻ പരിഭ്രമിച്ചിരിക്കുകയായിരുന്നു. കലശലായ ക്ഷീണം, തലചുററൽ മുതലായവകൊണ്ടയാൾ വിഷമിക്കയായിരുന്നു. അയാൾ നിരാശയിലേക്കാണ്ടുപോവുകയായിരുന്നു. മിശ്രാജി അപ്പൊഴേക്കുമെത്തിയതു ഭാഗ്യമായി. അദ്ദേഹത്തിന്റെ സാന്നിദ്ധ്യംതന്നെ മിസ്റ്റർ മേനോനു വളരെ ആശ്വാസം നൽകി. കൂടാതെ ക്ഷീണകാരണത്തെപ്പററിയും അതു നിസ്സാരമായി തള്ളേണ്ടതാണെന്നതിനേപ്പററിയും മിശ്രാജി വാചാലമായ ഒരു പ്രസംഗം തന്നെ നടത്തി. മേനോന്നു് ആശ്വാസമായി.

ഔഷധസേവ തുടങ്ങുന്നതിന്നു തലേദിവസം പണ്ഡിറ്റ് മിശ്രാജിയും ഉദരാനന്ദസ്വാമിയും ചില ചർച്ചകൾ നടത്തുകയുണ്ടായി.

"അപ്പോൾ—നാം അന്നു പറഞ്ഞ ഔഷധംതന്നെ കൊടുക്കുന്നതല്ലെ നല്ലതു്?" മിശ്രാജി ചോദിച്ചു.

"അതെ, അതെ. തീർച്ചയായും. എന്തുകൊണ്ടായിക്കൂടാ?" സ്വാമിജി തിരിച്ചുചോദിച്ചു.

"ഞാൻ വളരെ ഗാഢമായാലോചിച്ചും യുക്തിചിന്തചെയ്തും നോക്കിയതിൽ തികച്ചും ഫലപ്രദമാകാനിടയുള്ള ഒരൗഷധമാണതെന്ന നിഗമനത്തിൽത്തന്നെയാണെത്തിയിരിക്കുന്നതു്. പക്ഷേ, സ്വാമിജിക്കു വല്ല അഭി

പ്രായവ്യത്യാസവുമുണ്ടെങ്കിൽ അതു തുറന്നു പറയണം.'' മിശ്രാജി സ്വാമിജിയോടാവശ്യപ്പെട്ടു.

സ്വാമിജി പൂൎണ്ണമായ യോജിപ്പു പ്രകടിപ്പിച്ചു. മാത്രമല്ല, ആചാൎയ്യന്മാർ ഗോപ്യമായിവെച്ച പലേ ഔഷധങ്ങളും ചികിത്സാമുറകളും ദീൎഘകാലത്തെ ഗവേഷണപരീക്ഷണങ്ങളുടെ ഫലമായി വെളിക്കു കൊണ്ടുവന്നതിന്നു മിശ്രാജിയെ അഭിനന്ദിക്കയുംചെയ്തു.

''ശരി. എന്നാൽ നാം ആ ഔഷധംതന്നെ കൊടുക്കുക. രോഗിയുടെ നിത്യാനുഭവങ്ങൾ അന്വേഷിച്ചും നിരീക്ഷിച്ചുമറിഞ്ഞു ഡയറിയിൽ കുറിച്ചേക്കണം. നമ്മുടെ ഔഷധഗവേഷണവിഭാഗം സൂക്ഷിക്കുന്ന ഡയറിയിൽത്തന്നെയെഴുതിക്കൊള്ളുക. എൻെറ നിരീക്ഷണങ്ങളും അഭിപ്രായങ്ങളും ഞാനും രേഖപ്പെടുത്താം. അത്തരം ഒരു ഡയറി നമ്മുടെ ഉപരിഗവേഷണങ്ങൾക്കാവശ്യവുമായിരിക്കും.'' മിശ്രാജി ഉപദേശിച്ചു.

സ്വാമിജി അതിന്നു സമ്മതം മൂളുകയും ചെയ്തു. ഇങ്ങനെ ഒരു തീരുമാനമെടുത്തതിൽപ്പിന്നെയാണു രോഗിയെക്കൊണ്ട് ഔഷധം സേവിപ്പിക്കാൻ തുടങ്ങിയതു്.

രോഗി മരുന്നു സേവിക്കാൻ തുടങ്ങി. ദീപനത്തിന്നനുസരിച്ച്, അനുപാനമായി പാൽ കഴിക്കാനും കൊടുത്തു.

ആദ്യദിവസമങ്ങനെ കഴിഞ്ഞു. എന്നാൽ രണ്ടാം ദിവസം വൈകുന്നേരമാകുമ്പോഴേക്കും മിസ്റ്റർ മേനോനു വയററിൽ സ്വല്പം പുകച്ചിൽ അനുഭവപ്പെട്ടു. പക്ഷേ, അതു സാരമുള്ളതല്ലെന്നും കുറച്ചധികം പാൽ കഴിച്ചാൽ മതിയെന്നും വൈദ്യവിശാരദന്മാർ ഉപദേശിച്ചതനുസരിച്ചു കഴിക്കയും, ശമനം കിട്ടുകയും ചെയ്തു. എന്നാൽ

അട്ടത്തദിവസം അനുഭവപ്പെട്ടതു വയററിൽവേദനത ന്നെയായിരുന്നു. മിസ്റ്റർ മേനോന്നു നിരാശതോന്നി. നാളിതുവരെ അയാൾക്കു വയററിൽ വേദനയെന്നൊന്നുണ്ടായിട്ടേയില്ല. സർവ്വീസിലുള്ള കാലത്തു് എന്തൊക്കെ കഴിച്ചിരുന്നു! മാംസവും മദ്യവും മുളകും പുളിയുമെല്ലാം കണക്കില്ലാതെ കഴിച്ചിട്ടും വയററിൽ വേദനയെന്നൊന്നു് അനുഭവിച്ചിട്ടേയില്ല. ഇപ്പോഴിതാ, ആ ഭയങ്കരരോഗം വന്നിരിക്കുന്നു! ഇതിന്നാണോ വിമാനംവഴി ഇത്രയും നാഴിക താണ്ടി ഇവിടെ വന്നതു്? തൻെറ സ്ഥിതി അപകടത്തിലായോ?

ഓ! ഇപ്പോഴാണോമ്മ വരുന്നതു്. മാധവിക്കൊരു കത്തയയ്ക്കണമെന്നു വിചാരിച്ചിട്ടു് എത്ര ദിവസമായി! കമ്പി അടിക്കാൻ അവൾ പറഞ്ഞേല്പിച്ചതായിരുന്നു. അതോ തരപ്പെട്ടില്ല. പോകട്ടെ, ഒരു കത്തുപോലുമയയ്ക്കാൻ കഴിയാഞ്ഞതിലാണു സങ്കടം. പാവം! എന്തു വിചാരിക്കുന്നുണ്ടാകുമോ, ആവോ? അച്ഛൻ വേഗത്തിൽ വരുമെന്ന പ്രതീക്ഷയോടെ കുട്ടികളെല്ലാം കാത്തിരിക്കുകയായിരിക്കും. താനാണെങ്കിൽ ഇന്നുവരെ അനുഭവിച്ചിട്ടില്ലാത്ത ഒരുഗ്രമായ രോഗത്തിന്നടിമപ്പെട്ടിരിക്കയുമാണു്, ഈ ചികിത്സയുടെ ഫലമായി. ഇനിയിതു മാറുകില്ലേ? മാധവിയും കുഞ്ഞുങ്ങളും നിരാധാരരായിപ്പോകുമോ? മൂത്ത രണ്ടെണ്ണവും തിരിഞ്ഞുനോക്കുകകൂടിയില്ല. അത്രയ്ക്കും ദയയില്ലാത്തവരെങ്ങനെ ഞങ്ങൾക്കു പിറന്നു.

അന്നു മിശ്രാജി വന്നപ്പോൾ, താനിതുവരെ വീട്ടിലേക്കു വിവരമയച്ചില്ലെന്നും, സുഖവിവരത്തിനു വീട്ടിലേക്കു കമ്പിയടിക്കണമെന്നും മിസ്റ്റർ മേനോൻ പറഞ്ഞു. കൂടാതെ തൻെറ വയററിൽവേദനയെപ്പററിയും മേനോൻ മിശ്രാജിയെ അറിയിച്ചു.

മിശ്രാജി മേനോൻെറ ഭാൎയ്യക്കു് ഉടനേ ഒരു കമ്പി യടിച്ചു:

'യാതൊരു വിഷമവുംകൂടാതെയെത്തി. ചികിത്സ പുരോഗമിക്കുന്നു. സുഖംപ്രാപിച്ചു വരുന്നു.' ഇതാണു സന്ദേശം.

ഇതു മേനോനല്പം ആശ്വാസം നല്കി. താനതുവരെ ചെയ്യാൻ വിട്ടുപോയ കടമ അപ്പോഴെങ്കിലും നിൎവ്വഹി ച്ചല്ലോ എന്ന സംതൃപ്തി അയാൾക്കുണ്ടായി. പക്ഷേ, തൻെറ വയറ്റിൽവേദനയ്ക്കു ശാന്തിലഭിച്ചില്ലല്ലോ! അദ്ദേ ഹം സംഭ്രമത്തോടെ മിശ്രാജിയോടു പറഞ്ഞു:

"പണ്ഡിററ്ജീ, എനിക്കീ മരുന്നിനി കഴിക്കാനാ വുകയില്ല. വയറ്റിൽവേദന സഹിക്കാനാവാത്തത്ര രൂക്ഷ മായി വരികയാണു്. ഒന്നും വേണ്ട. എനിക്കൊന്നു നാട്ടി ലെത്തിക്കിട്ടിയാൽ മതിയായിരുന്നു, പണ്ഡിററ്ജി!"

"ഛേ! താനിത്രയ്ക്കു ഭീരുവാണോ? ഞാൻ കരുതി യിരുന്നില്ല, കേട്ടോ. ആദ്യമേ ഞാൻ പറഞ്ഞില്ലേ ചില വിഷമതകൾ ചികിത്സാകാലത്തു നേരിടാമെന്നും അതിൽ മനസ്സു പതറരുതെന്നും. അപ്പോൾ താൻ പറഞ്ഞതെ ന്താണു്? സമാധാനമായിരിക്കൂ. ഒരപകടവും വരില്ല. ഞാനില്ലേ, ഇവിടെ?" മിശ്രാജി ധൈൎയ്യപ്പെടുത്തി.

"അതു പറയരുതു മിശ്രാജി. സഹിക്കാനാവുന്നില്ല. എന്നെ നാട്ടിലേക്കയച്ചേക്കൂ. വരുന്നതൊക്കെ അവിടെ വെച്ചു വന്നോട്ടെ." മേനോൻ ദീനസ്വരത്തിലഭ്യൎത്ഥിച്ചു.

മിശ്രാജി ഒന്നു പുഞ്ചിരിച്ചു. എന്നിട്ടു പറഞ്ഞു: "മിസ്റ്റർ മേനോൻ, നിങ്ങളൊരു പാവമാ. ഭീരുവാണെ ന്നുതന്നെ ഞാൻ പറയട്ടെ, ക്ഷമിയരുതു്. ഞാൻ ഇത്ര യൊക്കെ പറഞ്ഞുതന്നിട്ടും നിങ്ങൾക്കു മനസ്സിലാകുന്നി ല്ലല്ലോ. കേൾക്കൂ. ചികിത്സയുടെ മദ്ധ്യഘട്ടത്തിലെത്തി

യിരിക്കയാണു താൻ. സേവിച്ചുകഴിഞ്ഞ ഔഷധത്തിന്റെ വീര്യം കാരണം ബാക്കിയുള്ള പല്ലും രോമവുമെല്ലാം ഉടനെതന്നെ കൊഴിഞ്ഞുപോയേക്കും. ചമ്മത്തിനു കൂട്ടതൽ കേട്ട സംഭവിച്ചുവെന്നും വരാം. അങ്ങനെയുള്ള ഈ ഘട്ടത്തിൽ ചികിത്സ തുടരാൻ വിസമ്മതിച്ചു നാട്ടിലേക്കു പോകയാണെങ്കിൽ ഉള്ള ആരോഗ്യം നശിച്ചു വിരൂപനായും വരാം. അതു കണ്ടാൽ ആളുകളെന്തു പറയും? എനിക്കും തനിക്കും ഒന്നുപോലെ അപമാനകരമായ ഒരവസ്ഥയല്ലെ അതു്? അതുകൊണ്ടു ക്ഷമിക്കൂ. കുറേക്കൂടി വിവേകം കാണിക്കൂ. എല്ലാം ശരിപ്പെട്ടും."

യുക്ത്യാധിഷ്ഠിതമായ ഈ ഉപദേശത്തിന്നു് എന്തുതന്നെ മറുപടി പറയാൻ കഴിയും? മിസ്റ്റർ മേനോൻ ഒന്നും പറഞ്ഞില്ല. പറഞ്ഞിട്ടു ഫലമില്ലെന്നും അയാൾക്കു ബോദ്ധ്യപ്പെട്ടിരിക്കണം. എല്ലാം സഹിക്കാനയാളുറച്ചു. മാധവിയമ്മയ്ക്കും കുട്ടികൾക്കും ഭാഗ്യമുണ്ടെങ്കിൽ താൻ രക്ഷപെട്ടേക്കാമെന്നയാൾ ആശ്വസിച്ചു.

മിശ്രാജിയും സ്വാമിജിയുംകൂടി രോഗിയുടെ വയറുവേദന ശമിപ്പിക്കാൻ വ്യാധിവിപരീതമായ പല ചികിത്സകളും ചെയ്തുനോക്കി. പക്ഷേ, യാതൊരു ഫലവുമുണ്ടായില്ല. ഇനി എന്തുചെയ്യണം? അവർ തലപുകഞ്ഞാലോചിച്ചു. മരുന്നു തുടരണമോ, അതോ ഉപേക്ഷിക്കണമോ എന്നതാണു മുഖ്യപ്രശ്നം. അവർ വൈദ്യഗ്രന്ഥങ്ങൾ പരിശോധിച്ചു. ചർച്ചചെയ്തു, യുക്തിചിന്തചെയ്തു. അവസാനമൊരു തീരുമാനത്തിലവരെത്തി. ഇവിടെ ചികിത്സ വ്യാധിവിപരീതമായിട്ടു കാര്യമില്ല. അതാണല്ലൊ അനുഭവവും. ഇനി, ഹേതുവിപരീതമാക്കാമെന്നുവച്ചാൽ ഹേതുവെന്തെന്നറിയില്ല. മരുന്നുകൊട്ടത്തതല്ല വയറ്റിൽ വേദനയ്ക്കു കാരണം. വയററിൽവേദനയ്ക്കുതു കാരണമാ

കുമെങ്കിൽ ആചാൎയ്യന്മാരതു വിധിക്കില്ല, തീർച്ച. അവ ക്കൊരിക്കലും തെറുപററില്ല. അഥവാ ഇനി കൊടുത്തു വരുന്ന മരുന്നാണു വേദനയ്ക്കു കാരണമെങ്കിൽ അതേ മരുന്നുതന്നെ കൊടുക്കണം. തദൎത്ഥകാരിയായ ചികിത്സ യാണതു്. 'ഉഷ്ണഃ ഉഷ്ണേന ശാമ്യതിഃ' എന്ന പ്രമാണം തന്നെ ഇവിടെ ആധാരം. താൽക്കാലികവിഷമങ്ങൾ കണ്ടു് അമ്പരക്കേണ്ട കാൎയ്യമില്ല. ഒക്കെ ക്രമത്തിൽ ശരി പ്പെട്ടുകൊള്ളും. അതെ, അതായിരുന്നു അവരുടെ തീരു മാനം.

## ഏഴ്

ശങ്കരമേനോൻ പോയിട്ടു പതിനഞ്ചുദിവസത്തോ ളമായിട്ടും കമ്പിയോ, കത്തോ വന്നുകാണാത്തതിൽ മാ ധവിയമ്മ വ്യാകുലപ്പെട്ടുകഴിയുകയാണു്. അതിലിടയ്ക്കു പത്മിനിയുടെ കത്തുണ്ടായിരുന്നു. അവർ വിഷമംകൂടാ തെ എത്തിയെന്നും അമ്മ കൊടുത്ത പണ്ടംകൊണ്ടു് ആവ ശ്യം തീരായ്കയാൽ തൂക്കിവില്ക്കേണ്ടിവന്നുവെന്നും എങ്കി ലും അമ്മ പരിഭ്രമിക്കേണ്ടെന്നും പ്രോവിഡണ്ട് ഫണ്ടിൽ നിന്നു കടമെടുത്തിട്ടെങ്കിലും സ്വൎണ്ണം വാങ്ങി പണ്ടമു ണ്ടാക്കി ആറുമാസത്തിനകം അമ്മയ്ക്കെത്തിക്കുമെന്നും അതിൽ പറഞ്ഞിരുന്നു. കൂട്ടത്തിൽ അച്ഛൻെറ വിവര വുമന്വേഷിച്ചിരുന്നു. മാധവിയമ്മയ്ക്കു മടുത്തിരിക്കുകയാ ണു്. പണ്ടവും വേണ്ട, പണവും വേണ്ട. പോയ മനു ഷ്യൻ അപകടംകൂടാതെ ഒന്നു തിരിച്ചുവന്നാൽ മതിയാ യിരുന്നു. ദൈവം അതിന്നു സംഗതി വരുത്തില്ലെ?

"അമ്മാ, ഒരു കമ്പിയുണ്ടു നിങ്ങൾക്കു്." തപ്പാൽ ശിപായി കയറിവന്നു പറഞ്ഞു. ,

മാധവിയമ്മ ഒന്നമ്പരന്നു. കമ്പി! എന്താവും ഉള്ളടക്കം? അവൾക്കു വല്ല ആപത്തും പിണഞ്ഞോ? ഭഗവതിക്കൊരു ചിററുവിളക്കു കഴിപ്പിക്കാം. യാതൊരാപത്തും കൂടാതെ മടങ്ങിവരണേ!

ഒപ്പിട്ടുകൊടുത്തു കമ്പി വാങ്ങി. മരുമകൻ കുഞ്ഞിരാമൻ വായിച്ചുകൊടുത്തു. സുഖമായെത്തിയെന്നും ചികിത്സ നന്നായി പുരോഗമിക്കുന്നുണ്ടെന്നുമാണ് ഉള്ളടക്കം.

ഹാവൂ! മാധവിയമ്മയ്ക്കു സമാധാനമായി. മനുഷ്യനുണ്ടെങ്കിലേ പണമുള്ളു. എന്തുവേണമെങ്കിലും ചെലവാക്കിക്കൊള്ളട്ടെ. വേണമെങ്കിൽ വീട്ടും പറമ്പും പണയമെഴുതി പണമയയ്ക്കാം. ഒന്നു സുഖമായി വന്നാൽ മതി. ഭഗവതി അതിന്നു സഹായിക്കാതിരിക്കില്ല. താനിതുവരെയും അറിഞ്ഞും അറിയാതെയും ഒരാളേയും ദ്രോഹിച്ചിട്ടില്ല, കഷ്ടപ്പെടുത്തീട്ടില്ല. പിന്നെ തന്നിൽ ദേവി കടാക്ഷിക്കാതിരിക്കുമോ?

ദിവസങ്ങൾ രണ്ടു കഴിഞ്ഞതേയുള്ളു. ഒരു കത്ത്. അവരതു തുറന്നു വായിച്ചു. മലയാളത്തിൽത്തന്നെ.

"എൻെറ ഏററവും പ്രിയപ്പെട്ട അമ്മേ.'

ങ്ഹേ! ആരാണീ എഴുതുന്നതു്? രാമചന്ദ്രനോ? ഭഗവാനേ! അവന്നിങ്ങനെ ഒരെഴുത്തയയ്ക്കാൻ തോന്നിയല്ലോ, ഇത്ര കാലമായിട്ടും! അവരുടെ കണ്ണുകളിൽനിന്നു സന്തോഷാശ്രുവൊഴുകി. ആഹ്ലാദംകൊണ്ടവൾക്കു വായന തുടരാൻ കഴിഞ്ഞില്ല.

"മോളെ, ജാനകീ, നീയൊന്നു വായിച്ചാട്ടെ, ഇതാ. കത്ത്." അവർ കത്തു ജാനകിവശം കൊടുത്തു.

"എൻെറ ഏററവും പ്രിയപ്പെട്ട അമ്മേ!

ഞാൻ വളരെക്കാലമായി അമ്മയ്ക്കൊരു കത്തയച്ചിട്ട്. രണ്ടുകൊല്ലത്തോളമായെന്നുതന്നെ കരുതണം.

പക്ഷേ, അതു് ഒരു വിരോധവുംകൊണ്ടല്ലെന്നു് അമ്മ ധരിക്കുവാനപേക്ഷ. ജോലിത്തിരക്കുകൊണ്ടൊന്നിനും സമയം കിട്ടുന്നില്ല. സ്റ്റൈക്ക്, പിക്കററിങ്ങ്, കളവു്, അടിപിടി, കൊലപാതകം എന്നിവയെല്ലാം വളരെയധികമുള്ള ഒരു സ്ഥലത്താണു ഞാൻ ജോലിചെയ്യുന്നതു്. ശ്വാസംകഴിക്കാൻപോലും നേരം കിട്ടുന്നില്ല. എസ്. ഐ., സി. ഐ. മുതലായ കീഴുദ്യോഗസ്ഥന്മാരെല്ലാം 'ഇര' വിഴുങ്ങികേസു മുക്കുന്നുണ്ടോ എന്നു സശ്രദ്ധം നോക്കേണ്ടിയിരിക്കുന്നു. എൻെറ ഡിസ്ത്രിക്റ്റിൽ കുററങ്ങൾ കണ്ടുപിടിക്കപ്പെടാതെ വന്നാൽ ദോഷമെനിക്കാണു്. ഇന്നത്തെ കാലമല്ലെ? കടുകിന്നു പിഴച്ചാൽ, പൊതുയോഗമായി, പ്രമേയമായി, നിവേദനമായി, റിട്ടായി—എന്തിന്നു പറയുന്നു, സൈ്വരം കിട്ടുകയില്ല. ഈ ഒരു പരിതസ്ഥിതിയിലാണു കത്തയക്കാൻ പററാഞ്ഞതു്. അമ്മ അതു പൊറുക്കണം.

പിന്നെ, അമ്മക്കും മററെല്ലാവക്കും സുഖംതന്നെ എന്നു വിശ്വസിക്കുന്നു. അച്ഛനെങ്ങനെയുണ്ടു്? പണ്ടെത്തെപ്പോലെ ശുണ്ഠിയും, ചാടിക്കയറ്റവും തന്നെയാണോ?

പിന്നെ, ഒരു വ്യസനകരമായ കാൎയ്യം അമ്മയെ അറിയിക്കേണ്ടിയിരിക്കുന്നു. വയസ്സുകാലത്തു് അമ്മയെ വേദനിപ്പിക്കരുതെന്നു വിചാരിച്ചതായിരുന്നു. എന്തുചെയ്യാമമ്മെ! കാൎയ്യം അമ്മയെ അറിയിച്ചില്ലെങ്കിൽ ഞാൻ നശിക്കുമെന്ന പതനത്തിലെത്തിയിരിക്കയാണു്. ഞാനിത്രയെല്ലാം ശ്രദ്ധിച്ചും സത്യസന്ധമായും ജോലിനോക്കീട്ടും എനിക്കു സസ്പെൻഷൻ ഉത്തരവു കിട്ടിയിരിക്കയാണു്. അഴിമതിനിരോധവകുപ്പു് എന്നെ അറസ്റ്റു്ചെയ്തു ജാമ്യത്തിൽ വിട്ടിരിക്കയാണു്. കൈക്കൂലി, ചതി മുതലായ കുറ്റങ്ങൾക്കു് എൻ്റെപേരിൽ കേസ്സെടുത്തിരിക്കയാ

ണമ്മെ. കേസ്സു വാദിച്ചാൽ ഗുണം കിട്ടമെന്നാണു വിദ ഗ്ധാഭിപ്രായം. പക്ഷേ, പണം വേണ്ടേ? ഒരു മൂവായിരം ഉറുപ്പികയെങ്കിലും വേണം. എൻെറ കൈയിലാണെ ങ്കിൽ പണവുമില്ല. ഉള്ളതെല്ലാം പല വഴിക്കുമായി ചെ ലവായിപ്പോയമ്മെ! സമ്പാദിക്കണമെന്നു ഞാൻ വിചാ രിച്ചില്ല. അമ്മയ്ക്കും അച്ഛനുമൊന്നും യാതൊരു വിഷമവു മില്ല. ഞാനില്ലെങ്കിലും സുഖമായി കഴിയാം. അപ്പോൾ പിന്നെ ആക്കുവേണ്ടി സമ്പാദിക്കണം? ഭായ്യാമക്കൾ ക്കോ? അതെനിക്കില്ലല്ലൊ. ചുരുക്കിപ്പറഞ്ഞാൽ കാൽ കാശുപോലും എനിക്കില്ലാതെവന്നിരിക്കയാണ്. ഈ പറയുന്നതു് ആരും വിശ്വസിക്കില്ലെന്നെനിക്കറിയാം. വേണ്ട. വിശ്വസിക്കേണ്ട. പക്ഷേ, പരമാത്ഥമതാണ്. അമ്മ സഹായിച്ചില്ലെങ്കിൽ ഞാനില്ല. അപമാനിതനാ യി ജീവിക്കുന്നതിലും ഭേദം ഈ ജീവിതം അവസാനി പ്പിക്കുകയാവും. അതുകൊണ്ടു് ഉടനെ കമ്പിമണിയോർ ഡറായോ ഡ്രാഫ്ടായോ സംഖ്യ അയച്ചുതരിക.

അടുത്തുതന്നെ ഞാൻ നാട്ടിലേക്കു വരുന്നുണ്ടു്. അ മ്മയെയും അനുജനെയും പെങ്ങന്മാരെയുമെല്ലാം കാണാ നാശയാകുന്നു. പക്ഷേ, കേസുവാദിക്കാൻ നല്ലൊരു വ ക്കീലിനെയാക്കാതെ എങ്ങനെ വരും?

എന്നു്

സ്വന്തം മകൻ രാമചന്ദ്രൻ.”

കത്തു വായിച്ചു കേട്ടുകഴിഞ്ഞപ്പോഴേക്കും മാധവി യമ്മയുടെ കണ്ണു നിറഞ്ഞൊഴുകി. പക്ഷേ, സന്തോഷം കൊണ്ടല്ല, സങ്കടംകൊണ്ടു്.

തൻെറ കണ്ണീരൊരിക്കലുമവസാനിക്കില്ലെ? ആരെ

കുറിച്ചായാലും ദുഃഖിക്കാനേ തനിക്കു സമയമുള്ളൂ. വള രെക്കാലമായി, മനശ്ശാന്തിയും സുഖവും നശിച്ചിട്ട്. കഷ്ട പ്പാടെല്ലാം ഒന്നിച്ചാണല്ലോ വരിക. അല്ലെങ്കിൽ ഇതൊ ക്കെ ഓർത്തു ദുഃഖിച്ചിട്ടെന്തു കാര്യം? അനുഭവിക്കേണ്ടതു് അനുഭവിച്ചുതന്നെ തീരണം. മക്കൾ നല്ലനിലയിലാണു്, കേമന്മാരാണു് എന്നൊന്നും പറഞ്ഞിട്ടു കാര്യമില്ല. അനുഭ വിക്കാൻ യോഗം വേണം, യോഗം.

ഒന്നും മിണ്ടാതെ മാധവിയമ്മ അകത്തു കട്ടിലിൽ ചെന്നു കിടന്നു. അവർ ആകെ തളർന്നുപോയിരിക്ക യാണു്.

മകൾ ജാനകി ചെന്നന്വേഷിച്ചു: "അമ്മയ്ക്കു കാപ്പി യോ മറേറാ വേണോ?"

"കുറച്ചുണ്ടാക്കി കൊണ്ടുവാ മോളെ!" അവർ പ റഞ്ഞു.

ജാനകി ഉടനെ കാപ്പിയുണ്ടാക്കിക്കൊണ്ടുവന്നു് അമ്മയ്ക്കു കൊടുത്തു. അതും കുടിച്ചു് അവർ ഒരുവശത്തേ ക്കു ചരിഞ്ഞുകിടന്നു ചിന്തയിലാണ്ടു.

പാവം, രാമചന്ദ്രൻ! എന്തൊരത്യാപത്താണവന്നു പിണഞ്ഞിരിക്കുന്നതു്! എത്ര സത്യസന്ധനാണവൻ! എന്നിട്ടും അവൻെറപേരിൽ ആരോപിക്കപ്പെട്ട കുററമോ? വാസ്തവത്തിലവൻ കുററം ചെയ്തിരിക്കുമോ? അതോ, വല്ല വരും അവൻെറ സാമർത്ഥ്യത്തിൽ അസൂയപൂണ്ടു് അവ നെ ചതിച്ചതാവുമോ? ആയിക്കൂടായ്കയില്ല. അല്ലാതെ അവനൊരിക്കലും തെററുചെയ്യില്ല. ഉം, ദുഷിച്ച കാലം വരുമ്പോളങ്ങനെയൊക്കെ സംഭവിക്കാമല്ലോ. പക്ഷേ, ഇത്രയും കാലമായി നല്ല ശമ്പളം വാങ്ങീട്ടും അവൻെറ കൈയിൽ ഒരു മൂവായിരം ഉറുപ്പികയെടുക്കാനില്ലത്രെ! അതെങ്ങനെ വിശ്വസിക്കും? എന്തുചെയ്തു അവൻ പണ

SENGUPTA PUBLIC LIBRARY KOZHIKODE

മെല്ലാം? വല്ല ദുൎന്നടപടിയുമവനുണ്ടോ? ആ കാൎയ്യത്തിൽ അല്പം സൂക്ഷിക്കണമെന്നു പണ്ടു കണിയാർ ജാതകംനോക്കി പറഞ്ഞിരുന്നു. താമസിച്ചേ വിവാഹം നടക്കുകയുള്ളുവെന്നും അതിലിടയ്ക്കു സ്ത്രീവിഷയമായി പലേ വിഷമങ്ങളും സംഭവിക്കാമെന്നും പറഞ്ഞിരുന്നില്ലേ? അങ്ങനെ വല്ലതും പററിയോ? വല്ല തേവടിശ്ശിയും അവനെ പാട്ടിലാക്കി മുടിച്ചുവോ? എന്തോ?

അല്ല, ഇതാരു്! ഭൎത്താവു വന്നിരിക്കുന്നു! എന്തൊരു മാററം! ഈ യൗവനം എങ്ങനെ വീണ്ടുകിട്ടി? കറുത്തു മിനുത്ത മുടി. ചൈതന്യപൂൎണ്ണവും സുന്ദരവുമായ കണ്ണുകൾ. രക്തപ്രസാദമുള്ള കവിളുകൾ. അഴകും ദാർഢ്യവുമുള്ള ദേഹം! ഹായ്! എങ്ങനെ ഇതൊക്കെ വീണ്ടുകിട്ടി?

"നിങ്ങളെക്കണ്ടാൽ മനസ്സിലാകുന്നില്ലല്ലോ. നിങ്ങൾ ആകെ മാറിയിരിക്കുന്നു. അപ്പോൾ എന്റെ സംശയം അസ്ഥാനത്തായിരുന്നു, അല്ലേ? നിങ്ങളെ തടയാനാണെനിക്കു് ആദ്യം തോന്നിയതു്. പക്ഷേ, നിങ്ങൾ പോകാൻ ഉറച്ച സ്ഥിതിക്കു ഞാനങ്ങു വഴങ്ങിയെന്നേയുള്ളു. എന്നാൽ ഇപ്പോൾ എൻെറ മൗഢ്യത്തെയോൎത്തു ഞാൻ ലജ്ജിക്കുന്നു!"

"ഞാൻ പറഞ്ഞില്ലേ, ഒരു യുവാവായാണു ഞാൻ മടങ്ങിവരികയെന്നു്? നിനക്കപ്പോൾ വിശ്വാസമായില്ലെന്നെനിക്കറിയാം. പക്ഷേ, നിന്നെ പറഞ്ഞിട്ടു കാൎയ്യമില്ല. മിശ്രാജിയുടെ കഴിവിനെപ്പററി നിനക്കെന്തറിയാം? നാലായിരമുറുപ്പികയും ഞാനും പോയെന്നു നീ ധരിച്ചു, അല്ലേ?"

"സത്യമാണു്. എനിക്കു യാതൊരു വിശ്വാസവുമില്ലായിരുന്നു. ഏതായാലും നിങ്ങൾ ആരോഗ്യവാനായി

മടങ്ങിയെത്തിയല്ലോ. മോളെ, പത്മിനി! അച്ഛനു കാപ്പി കൊണ്ടുവാ—കാപ്പി, കാപ്പി!''

മാധവിയമ്മ കാപ്പി, കാപ്പിയെന്നു വിളിച്ചലറുന്നതു കേട്ടു ജാനകി ഓടിയെത്തി ചോദിച്ചു: ''അമ്മ കാപ്പി, കാപ്പിയെന്നു പറഞ്ഞില്ലേ? കാപ്പി വേണോ?''

മാധവിയമ്മ ഞെട്ടി ഉണന്നു:

''ങ്ഹേ! എന്തു കാപ്പി? ഞാൻ കാപ്പിക്കു പറഞ്ഞില്ലല്ലോ—ഓ! ഞാൻ സ്വപ്നം കാണുകയായിരുന്നു. സ്വപ്നത്തിൽ പറഞ്ഞതായിരിക്കും, മോളേ. എനിക്ക് ഇപ്പോൾ കാപ്പിയൊന്നും വേണ്ട. ഉച്ചയായില്ലേ? നീ പോയി ചോറുവിളമ്പ്. കുറച്ചുണ്ടേക്കാം. കുട്ടികളെല്ലാം വന്നോ?''

''ഇല്ലമ്മേ, അവർ വരാനാകുന്നതേയുള്ളു. അമ്മ അവരെയൊന്നും കാക്കേണ്ട. വാ. കുറച്ചുണ്ടാട്ടെ.''

അവർ എഴുന്നേററു മുഖവും കൈകാലുകളുമെല്ലാം കഴുകി അടുക്കളയിലേക്കു പോയി ഊണുകഴിച്ചു. ഊണു കഴിഞ്ഞു പുറത്തുവന്നു ചാരുകസാലയിലിരുന്നു വിശ്രമിച്ചു. അതിലിടയ്ക്കു മകളോടു പറഞ്ഞു:

''മോളേ, ജാനു, നീ രാമചന്ദ്രനു് ഒരു കത്തയച്ചേ. എനിക്കെഴുതാനൊന്നും കഴിയില്ല. കഴിയും വേഗം നാട്ടിൽ വരണമെന്നും വന്നാൽ പണമെങ്ങനെയെങ്കിലുമുണ്ടാക്കാൻ ശ്രമിക്കാമെന്നും എഴുതിക്കോ. മനസ്സിലായില്ലേ?''

അല്പംകൂടി അവിടെ വിശ്രമിച്ചശേഷം മാധവിയമ്മ അകത്തു പോയി കിടന്നു.

വൈകുന്നേരം സുമാർ നാലുമണിയോടുകൂടി ടെലിഗ്രാഫ് പ്യൂൺ വന്നു് ഒരു ടെലിഗ്രാം മാധവിയമ്മയ്ക്കു കൊടുത്തു.

ഇത്തവണ അവർ ഭയപ്പെട്ടില്ല. ഭത്താവു് സുഖം

പ്രാപിച്ച വിവരത്തിന്നും അവിടന്നു പുറപ്പെട്ടുന്ന വിവരത്തിന്നുമുള്ള കമ്പിയായിരിക്കാം. കമ്പിയായതുകൊണ്ടു മാത്രം ഭയപ്പെടാനൊന്നുമില്ലല്ലോ.

അവർ കവർ തുറന്നു നോക്കി. ഇംഗ്ലീഷിലായതുകൊണ്ടു് അതു ജാനകിവശം കൊടുത്തു വായിപ്പിച്ചു.

'ശങ്കരമേനോന്നു രോഗം അതികലശൽ—അടിയന്തിരമായി പുറപ്പെട്ടുക—'

"എന്റെ ദൈവമേ! ചതിച്ചോ!" മാധവിയമ്മ തേങ്ങിക്കരഞ്ഞുകൊണ്ടു പറഞ്ഞതും പ്രജ്ഞയററു നിലത്തു വീണതുമൊപ്പംകഴിഞ്ഞു.

മകളുടെ നിലവിളി കേട്ടു് അടുത്ത വീട്ടിലെ ദേവകിയമ്മയും മക്കളും ഓടിവന്നു. ഭാഗ്യവശാൽ അപ്പോഴേക്കും പീടികയിൽ പോയിരുന്ന കുഞ്ഞുരാമനും എത്തിച്ചേർന്നു.

ദേവകിയമ്മ കുറെ തണുത്ത വെള്ളം കൊണ്ടുവന്നു മാധവിയമ്മയുടെ മുഖത്തു തളിച്ചു. കുഞ്ഞിരാമൻ വീശി കൊടുത്തു.

അപ്പോഴേക്കും സ്കൂളിൽ പോയിരുന്ന ഭാർഗ്ഗവിയും രവിയും മടങ്ങിയെത്തി. അമ്മയുടെ സ്ഥിതി കണ്ടു് അവർ അമ്പരന്നുപോയി.

ദേവകിയമ്മ പറഞ്ഞു: "സാരമില്ല മക്കളേ. നിങ്ങൾ പോയി കാപ്പി കുടിക്കു്. ജാനൂ, അവക്കു കാപ്പി കൊടുത്താട്ടെ."

അവർ മടിച്ചുനിന്നു. അമ്മയുടെ അരികിലിരുന്നു വിതുമ്മുകയാണു രവി. ഭാർഗ്ഗവി കാലു തടവിക്കൊടുത്തുകൊണ്ടേയിരുന്നു.

സുമാർ പതിനഞ്ചു മിനിട്ടു കഴിഞ്ഞപ്പോഴേക്കും മാധവിയമ്മ കണ്ണുതുറന്നു നോക്കി. മക്കളെല്ലാം ചുററും

ഇരിക്കയാണ്. അവരെയും ദേവകിയമ്മയേയും മക്കളേയു മെല്ലാം അവർ കണ്ടു. സംഭവമെന്തെന്നവരന്വേഷിച്ചു. ജാനുവും ദേവകിയമ്മയും കാൎയ്യമവരെ ധരിപ്പിച്ചു.

അവർ സാവധാനം എഴുന്നേററകത്തേക്കു പോയി. ദേവകിയമ്മയും ജാനുവും കുഞ്ഞിരാമനും കുട്ടികളുമെല്ലാം അവരെ അനുഗമിച്ചു. ജാനു കിടക്ക നിവൎത്തി വിരിച്ചു കൊടുത്തു. മാധവിയമ്മ കിടന്നു. ദേവകിയമ്മ അരികിൽ ത്തന്നെ കട്ടിലിലിരുന്ന് ആശ്വസിപ്പിച്ചുകൊണ്ടിരുന്നു.

മാധവിയമ്മ കഴുത്തിലെ സ്വൎണ്ണത്താലി അഴിച്ചു ജാനുവശം കൊടുത്തിട്ടു താഴ്ന്ന സ്വരത്തിൽ പറഞ്ഞു:

"മോളേ, ഇതാ ഈ താലി ഗുരുവായൂരപ്പന്റെ ഫോട്ടത്തിന്നടുത്തു വെച്ചാട്ടെ. എന്നിട്ട് ഒരു ചന്ദനത്തി രിയും കത്തിച്ചുവെക്ക്. പിന്നേയ്, ഒരുകാൎയ്യംകൂടി. എല്ലാ വിവരത്തിനും നിന്റെ ഏട്ടനൊരു കത്തയച്ചേ, കേട്ടോ? എനിക്കിനി ഒന്നും വയ്യ." അവരുടെ ശബ്ദം ഇടറിയിരുന്നു. കണ്ണു നിറഞ്ഞിരുന്നു.

"എന്തിനാണമ്മേ, അതഴിച്ചുവെക്കുന്നത്? കഴു ത്തിൽ ആകെ അതല്ലേ ഉള്ളു." മകൾ ചോദിച്ചു.

"അതു ശരിയാ." ദേവകിയമ്മ പിൻതാങ്ങി.

"അതല്ല ദേവകിയമ്മേ. അതു നേർച്ചയാ." മാധ വിയമ്മ പറഞ്ഞു.

"സുഖക്കേടു മാറിക്കിട്ടാനായിരിക്കും, അല്ലേ? ഇതി ലിത്രയൊന്നും പരിഭ്രമിക്കാനില്ല, മാധവിയമ്മേ. നിങ്ങ ളുടെ രോഗമത്രയ്ക്കു സാരമുള്ളതൊന്നുമല്ല. എനിക്കു നല്ല തീർച്ചയുണ്ട്. ഇന്നു വേണമെങ്കിൽ കുറച്ചൊന്നടങ്ങി ക്കിടന്നോളു. എന്നാൽ നാളേക്ക് ഒക്കെ അങ്ങു മാറും." ദേവകിയമ്മ ആശ്വസിപ്പിക്കുകയാണ്.

"എനിക്കുവേണ്ടിയല്ല കല്യാണിയമ്മേ, ഈ നേർച്ച.

പോയ ആൾ യാതൊരു അപകടവും കൂടാതെ മടങ്ങിയെത്തണം, അതാണെൻെറ പ്രാത്ഥന. അതിനാണിതുഴിഞ്ഞുവെച്ചതു്.'' മാധവിയമ്മ പറഞ്ഞു.

അതിലിടയ്ക്കു ഡോക്ടരെ കൂട്ടിക്കൊണ്ടുവന്നു മാധവിയമ്മയെ ഒന്നു പരിശോധിപ്പിച്ചാലോ എന്നു കുഞ്ഞിരാമൻ ആലോചിച്ചു. അവൻ ചോദിച്ചു: ''ഡോക്ടരെ ഒന്നു കൂട്ടിക്കൊണ്ടുവന്നു പരിശോധിപ്പിക്കട്ടെ?''

''വേണ്ട കുഞ്ഞിരാമാ. എനിക്കൊരുവിധം സുഖമുണ്ടു്. നാളേക്കൊക്കെ ശരിയായിക്കൊള്ളും.'' മാധവിയമ്മ പ്രതിവചിച്ചു.

കുഞ്ഞിരാമനു സമാധാനമായില്ല. ഡോക്ടരെ കൂട്ടിക്കൊണ്ടുവരാൻ സമ്മതിക്കണമെന്നവൻ മാധവിയമ്മയോടപേക്ഷിച്ചു. പക്ഷേ, അവർ നിരസിച്ചു പറഞ്ഞു:

''ഇപ്പോഴൊന്നും വേണ്ട. വേണമെങ്കിൽ പിന്നീടാകാം. തല്ക്കാലം പണം—പോട്ടെ. ഒന്നുമില്ല. വൈദ്യപരിശോധനയെല്ലാം സൗകര്യംപോലെ പിന്നീടാകാം.''

ഇതു കേട്ടതോടെ ദേവകിയമ്മയുടെ കരൾ പുകഞ്ഞു

''പണമില്ലെങ്കിൽ ഞാൻ തരാം, മാധവിയമ്മേ. അതാലോചിച്ചു വിഷമിക്കേണ്ട. ഞങ്ങളെക്കൊണ്ടാവുന്നതൊക്കെ ചെയ്യാം. മാധവിയമ്മയ്ക്കു് ഒരു കുഴക്കു വരുമ്പോൾ സഹായിച്ചില്ലെങ്കിൽ ഞങ്ങളൊക്കെ പിന്നെയെന്തിനാ ജീവിച്ചിരിക്കുന്നതു്? ഒരുകാലത്തു് ഇവിട്ടുന്നു കുടിച്ച കഞ്ഞി ഇന്നും ഞങ്ങളുടെയൊക്കെ വയററിലുണ്ടു്. ഇന്നും നിങ്ങളുടെയൊക്കെ അനുഗ്രഹംതന്നെയാ ഞങ്ങൾക്കാശ്രയം.'' ദേവകിയമ്മ ആവേശഭരിതയായി പറഞ്ഞു.

''ഓ! വേണ്ട ദേവകിയമ്മേ, പണമില്ലാഞ്ഞിട്ടല്ല.

A:2585



എന്തിന്ന വെറുതെ ബഹളംകൂട്ടുന്നു? എനിക്കു സുഖമുണ്ട്. അതാ പറഞ്ഞതു്." മാധവിയമ്മ വിശദീകരിച്ചു.

ഇതിലിടയ്ക്കു ജാനു എല്ലാവക്കും കാപ്പി തയ്യാറാക്കി കൊണ്ടുവന്നു കൊടുത്തു. കാപ്പിയും കഴിച്ചു ദേവകിയമ്മയും മക്കളും പിരിഞ്ഞു.

## എട്ട്

പിറേറന്നാൾ രാവിലെ ഒമ്പതുമണിയോടുകൂടി വത്തമാനപത്രവും വാങ്ങി കുഞ്ഞിരാമൻ മടങ്ങിവന്നു. എപ്പോഴും പ്രസന്നത കളിയാടാറുള്ള അവൻെറ മുഖത്തെന്താണൊരു വല്ലായ്മ? ഒന്നും മിണ്ടാതെ, ഒച്ചപ്പാടുണ്ടാക്കാതെ അവൻ മുകളിലെ നിലയിലേക്കു കയറിപ്പോയി.

ഇത്ര വൈകിയിട്ടും മാധവിയമ്മ എഴുന്നേറ്റുകണ്ടില്ല. എന്താവാം കാരണം? തലേദിവസത്തെ വീഴ്ചകൊണ്ടു പററിയ ക്ഷീണത്തിൻെറ ഫലമാണോ? അതോ, രാത്രി ഉറങ്ങാൻ കഴിഞ്ഞില്ലെന്നുണ്ടോ? എന്തോ! അവർ കണ്ണുമടച്ചു മയങ്ങിക്കിടക്കുകയാണ്. ചെന്നു വിളിച്ചുപദ്രവിക്കാൻ മക്കൾക്കു മനസ്സുവന്നില്ല. ഉണരുമ്പോൾ ഉണരട്ടെയെന്നവർ തീർച്ചയാക്കിയിരിക്കാം.

കുഞ്ഞിരാമൻ വരുന്നതും ഒന്നുംമിണ്ടാതെ മുകളിലേക്കു പോകുന്നതും ജാനു കണ്ടിരുന്നു. എന്തോ പന്തികേടുണ്ടെന്നവൾ ഊഹിച്ചിട്ടായിരിക്കണം, അവളും മുകളിലെത്തട്ടിലേക്കു പോയി.

"എന്താ കുഞ്ഞിരാമേട്ടാ, ഒന്നും മിണ്ടാതെ നേരേ ഇങ്ങട്ടു കയറിവന്നതു്?" അവൾ ചോദിച്ചു.

"മിണ്ടരുതു കേട്ടോ. അമ്മാമൻ മരിച്ചുപോയത്രേ! നിൻെറ അമ്മയെ ഇതറിയിച്ചാൽ ബഹളമാകും. അവക്കു

ഹൃദയസ്തംഭനംതന്നെ സംഭവിച്ചേക്കാം. വളരെയധികം ദുഃഖം കടിച്ചിറക്കിയാണവർ കഴിയുന്നതു്. അക്കൂട്ടത്തിൽ ഇതുംകൂടിയായാൽ! അല്ലാ, നമുക്കൊന്നും സങ്കടമില്ലാഞ്ഞിട്ടല്ല. എന്നാൽ അതുപോലെയല്ല അവർ.'' കുഞ്ഞിരാമൻ പറഞ്ഞു.

ആവുന്നത്ര ശ്രമിച്ചിട്ടും ജാനുവിനു സങ്കടം ഒതുക്കാൻ കഴിയുന്നില്ല. അവളറിയാതെ ഒന്നു തേങ്ങിപ്പോയി. അവൾ സാരിത്തുമ്പുകൊണ്ടു കണ്ണു തുടച്ചു. എന്നിട്ടു ഗൽഗദത്തോടെ ചോദിച്ചു:

''കുഞ്ഞിരാമേട്ടനെങ്ങനെയാ ഈ വിവരമറിഞ്ഞതു്?''

''ഇതാ നോക്കൂ, ഇന്നത്തെ 'തായ്നാട്ടു്'.'' അവൻ പത്രം നിവർത്തി ആ വാർത്ത കാണിച്ചുകൊടുത്തു. എന്നിട്ടു താഴ്ന്ന സ്വരത്തിൽ സാവധാനം വായിക്കാൻ തുടങ്ങി,

## കായകല്പഗവേഷണം

### പണ്ഡിററ് മൂർഖരാജ മിശ്രയും ഉദരാനന്ദസ്വാമിയും അറസ്റ്റിൽ

അല്ലഹാബാദിൽ ചികിത്സയിലിരുന്ന ഒരു രോഗിയുടെ അകാലമരണത്തിന്നിടയാക്കിയ സംഭവങ്ങളിലേക്കു വെളിച്ചംവീശുന്ന ഡയറിക്കുറിപ്പുകൾ പോലീസ് പിടിച്ചെടുത്തിരിക്കുന്നു.

അല്ലഹാബാദ്, 3–4–'57

ഇവിടെ അശ്വിനീ ആതുരശുശ്രൂഷാലയത്തിൽ ചികിത്സയിലിരുന്ന ശ്രീ കെ. ആർ. ശങ്കരമേനോൻെറ (റിട്ടയർഡ് ഇൻസ്പെക്ടർ ഓഫ് പോലീസ്) മരണം ചികിത്സകരുടെ കുററകരമായ അശ്രദ്ധയുടേയും അന്യാ

യവും അശാസ്ത്രീയവുമായ ഗവേഷണപരമായ ചികിത്സ യുടേയും ഫലമായിട്ടാണെന്ന സംശയത്തിന്മേൽ പ്രധാന വൈദ്യനായ പണ്ഡിററ് മൂർഖരാജ മിശ്രയെയും അസി സ്റ്റന്റായ ഉദരാനന്ദസ്വാമിയേയും പോലീസ് അറസ്ററു ചെയ്തിരിക്കുന്നു. പ്രതികളുടെ പക്കൽനിന്നു് അവർ സൂക്ഷിച്ചിരുന്ന ഒരു രഹസ്യഡയറിയും പിടിച്ചെടുത്തിരിക്കുന്നു.

ഡയറിയിലെ പ്രസക്തഭാഗം:

പേർ: കെ. ആർ. ശങ്കരമേനോൻ

വയസ്സ്: 65

രോഗം: അകാലവാർദ്ധക്യം

ചികിത്സ: കായകല്പം

ബന്ധുക്കൾ: പി. എസ്. മാധവിയമ്മ, തലായ്, പോസ്റ്റ് തലശ്ശേരി, വടക്കേ മലബാർ

കുറിപ്പ്: ആയുർവ്വേദത്തിൽ ആമലകി, സോമവല്ലി മുതലായ ചില ഔഷധങ്ങൾ കല്പമായുപയോഗിച്ചുവരുന്നുണ്ട്. എന്നാൽ ഇതുവരെ ആരും—!

"മതി, കുഞ്ഞിരാമേട്ടാ, എനിക്കിനി കേൾക്കണ്ട. ഏതായാലും അവർ എന്റെ അച്ഛനെ കൊന്നു. ഇനി എന്തിനിതെല്ലാം കേൾക്കുന്നു?" ജാനു ഇടപെട്ടുകൊണ്ടു പറഞ്ഞു.

"എന്നാലും, നോക്കാമല്ലോ എന്തൊക്കെയാണാ പാപികൾ ചെയ്തതെന്നു്." കുഞ്ഞിരാമൻ പറഞ്ഞു.

പക്ഷേ, ജാനു അവിടെ നിന്നില്ല. അവൾ ശോകഭാരം താങ്ങാനാവാതെ വിങ്ങിപ്പൊട്ടുകയായിരുന്നു. അവൾ ഇറങ്ങിപ്പോയി.

വിഷാദവിവശനെങ്കിലും കാര്യങ്ങൾ വിശദമായറിയാനുള്ള ഉൽക്കണ്ഠകൊണ്ടു് അവൻ വായന തുടന്നു:

"ആയുർവേദത്തിൽ ആമലകി, സോമവല്ലി മുതലായ ചില ഔഷധങ്ങൾ കല്പമായുപയോഗിച്ചുവരുന്നുണ്ട്. എന്നാൽ ഇതുവരെ ആരും കണ്ടെത്തിയിട്ടില്ലാത്തതും കൂടുതൽ ഫലപ്രദമാകാനിടയുള്ളതുമായ ഒരൗഷധം ആയുർവേദത്തിൽത്തന്നെയുണ്ട്. പക്ഷേ, ആചാര്യന്മാരതു പരസ്യമായി പറഞ്ഞിട്ടില്ല. അത്തരം പലേ ഔഷധങ്ങളും കണ്ടുപിടിച്ചതു കേരളീയാചാര്യന്മാരാണെന്നും, രസായനചികിത്സക്കു 'കായകല്പ'മെന്ന പേർ നല്കിയതു് അവരിലൊരാളാണെന്നും ചിരകാലഗവേഷണഫലമായെനിക്കറിയാൻ കഴിഞ്ഞിട്ടുണ്ട്. അതോടെ സുപ്രധാനമായൊരു ചോദ്യം എൻെറ മനസ്സിൽ പൊങ്ങിവന്നു. 'കായകല്പ'മെന്നതിന്നർത്ഥമെന്തു്? കായമാകുന്നതും രോഗശമനം വരുത്തി ദീർഘകാലം ജീവിച്ചിരിക്കാനുതകുന്നതുമായ ഒരൗഷധമെന്നുതന്നെ. പക്ഷേ, ഇതു പ്രശ്നപരിഹാരം വരുത്തുന്നില്ല. 'കായം' എന്നതിൻെറ അർത്ഥംകൂടി അറിയേണ്ടിയിരിക്കുന്നു. 'കായകല്പ'മെന്നു നാമകരണം ചെയ്തതു് ഒരു കേരളീയാചാര്യനാണെന്നു സ്ഥാപിച്ചു കഴിഞ്ഞ സ്ഥിതിക്കു കേരളീയരുടെ ഭാഷയായ മലയാളത്തിൽ ആ പദത്തിന്നർത്ഥമെന്തെന്നന്വേഷിക്കേണ്ടതു ബുദ്ധിമാനായ ഒരു ഗവേഷകൻെറ കടമയാണെന്നെനിക്കു തോന്നി. ഉടനെ ഔഷധനാമങ്ങളടങ്ങുന്ന ഒരു ഗ്രന്ഥമെടുത്തു പരിശോധിച്ചു. അപ്പോഴാണു രഹസ്യം വെളിക്കു വന്നതു്! സംസ്കൃതത്തിൽ 'ഹിംഗു'വെന്നും, ഉറുദുവിൽ 'ഹിംഗ്'' എന്നും, തെലുങ്കിൽ 'ഇംഗുവ' എന്നും മലയാളത്തിൽ 'കായം' എന്നും പറയുന്നതു് ഒരേ വസ്തുവിനെയാണെന്നപ്പോഴാണു മനസ്സിലായതു്. അതെ, ദക്ഷിണേന്ത്യർ സാമ്പാറിലും രസത്തിലും ചേർക്കുന്ന വസ്തുതന്നെ.

അടുത്ത ചോദ്യം ഇതു കല്പമായുപയോഗിക്കാമോ എന്നുള്ളതാണ്.

കേരളീയരതിബുദ്ധിമാന്മാരാണ്. നവരക്കിഴി, പിഴിച്ചൽ, ധാര മുതലായ ചികിത്സാമുറകൾ അവരുടെ സംഭാവനയായി ആയുർവ്വേദത്തിന്നു സിദ്ധിച്ചിട്ടുണ്ട്. അപ്പോൾ അവരുടെ ഗവേഷണഫലത്തെ ചോദ്യംചെയ്യേണ്ട കാര്യമില്ല. പക്ഷേ, അതല്ലല്ലോ ഒരു സത്യാന്വേഷിയുടെ പന്ഥാവ്. ഏതും അപ്പടി വിഴുങ്ങാനവന്നു വയ്യ. അതു ശരിയുമല്ല. യുക്തിയുടെയും അനുഭവത്തിൻെറയും ഉരക്കല്ലിലുരച്ചു മാററുനോക്കിയേ അവൻ നിഗമനങ്ങൾക്കു സാധുത നൽകാവൂ.

രോഗശമനത്തിന്നും തദ്വാരാ വാർദ്ധക്യനിരോധനത്തിന്നുമുള്ള ഒരു ചികിത്സാക്രമമാണ് കായകല്പമെന്നു സിദ്ധിച്ചുവല്ലോ. എന്നാൽ എന്താണ് വാർദ്ധക്യം? അതിനെ തടയാനൊക്കുമോ? നിശ്ചയമായും. അതൊരു രോഗമാണെന്നാണു പാശ്ചാത്യവൈദ്യപണ്ഡിതന്മാരുടെയും പൗരസ്ത്യഭിഷഗ്വരന്മാരുടെയും മതം.

അതിനെയെങ്ങനെ തടയാം? അതാണ് അടുത്ത പ്രധാനചോദ്യം. ഉത്തരം ലളിതമാണ്. വാർദ്ധക്യസഹജമായ ദോഷകോപത്തെ നീക്കുകയും അതു ഭാവിയിൽ ദുഷിക്കാതിരിക്കാനുള്ള ഔഷധസേവ നടത്തുകയും ചെയ്യുക. വാർദ്ധക്യസഹജമായ ദോഷകോപമെന്താണ്? പ്രധാനമായും വാതം. അപ്പോൾ കായത്തിന്നു വാതഹരത്വമുണ്ടോ? അതാണു കാതലായ മറെറാരു ചോദ്യം. നിശ്ചയമായുമുണ്ട്. കായം വാതത്തെ ഉന്മൂലനംചെയ്യുന്ന അതിപ്രധാനമായ ഒരൗഷധമാണെന്നു സർവ്വവിദിതമാണ്. അതുകൊണ്ടു 'കായകല്പ'മെന്ന പദത്തിലെ 'കായം' 'ഹിംഗു'തന്നെയാണെന്നും അതു കല്പമായി സേവിച്ചാൽ

GUPTA PUBLIC LIBRARY

വാൎദ്ധക്യം തടഞ്ഞു യൗവനത്തിലേക്കു തിരിച്ചുവരാമെന്നും ആണ് ആചാൎയ്യന്മാരുടെ അഭിപ്രായമെന്നുവേണം അനുമാനിക്കാൻ. നോക്കുക! അവരുടെ ബുദ്ധിശക്തി! മരുന്നിൻെറ പേരു് ചികിത്സാപദ്ധതിയുടെ പേരിൽ രഹസ്യമായുൾക്കൊള്ളിച്ചിരിക്കുന്നു! എന്നാൽ ഇവിടെ ഒരു കാൎയ്യം ഓൎക്കേണ്ടതായിട്ടുണ്ടു്. പ്രമാണം നോക്കി കണ്ണുംമൂടി മരുന്നു കൊടുത്താൽ പോര. അവിടെയാണ് വൈദ്യൻെറ ബുദ്ധിക്കും യുക്തിചിന്തയ്ക്കും സ്ഥാനം ലഭിക്കുന്നതു്. കായം കൊടുക്കുന്നതോടൊപ്പം പോഷകമായ ആഹാരം കൊടുക്കാൻ മറക്കരുതു്. അല്ലാതിരുന്നാൽ ദോഷം സംഭവിച്ചേക്കാം. അതുകൊണ്ടു് പശുവിൻപാൽ കറന്ന ചൂടോടെ കഴിക്കട്ടെ. 'ധാരോഷ്ണമമൃതോപമം' എന്നുണ്ടല്ലോ. പാൽ എത്രതന്നെ വേണമെങ്കിലും കഴിക്കാം. പക്ഷേ, ദഹനത്തിന്നനുസരിച്ചേ കഴിക്കാവൂ. 'രോഗാസ്സൎവ്വേപി മന്ദാഗ്നൗ' എന്നാണു വാഗ്ഭടൻ പറയുന്നതു്. അതുകൊണ്ടു് ശ്രീ ശങ്കരമേനോന്നു് കായമാകുന്ന കല്പംതന്നെ കൊടുക്കാമെന്നും ദഹനത്തിന്നനുസരിച്ചു് അനുപാനമായി പാൽ വേണ്ടുവോളം കൊടുക്കാമെന്നുമാണ് ഞാൻ തീരുമാനിച്ചിരിക്കുന്നതു്. അപകടമൊന്നും വരില്ലെന്നാണെൻെറ വിശ്വാസം. ഇനി, അഥവാ വന്നാൽത്തന്നെ സാരമില്ല. സത്യാന്വേഷണസമരത്തിൽ വീരമൃത്യു വരിച്ച ഒരു പോരാളിയായി അദ്ദേഹം സ്മരിക്കപ്പെട്ടും. അഭികാമ്യമായ ഒരു മൃത്യുവല്ലേ അതു്?

ചില അലോപ്പതിക്കാരുംമററും ഈ പരീക്ഷണത്തെ അധിക്ഷേപിച്ചേക്കാം, ചികിത്സാഫലം വിപരീതമായാൽ...ഓ, അതു സാരമില്ല. അതാരു വിലവെക്കുന്നു? കുററംപറയുന്ന കൂട്ടർ! അലോപ്പതി ആസ്പത്രികളിൽ പാവപ്പെട്ട എത്രയെത്ര രോഗികൾ 'പരീക്ഷണമൃഗ'ങ്ങ

ളായി (guinea-pigs) വധിക്കപ്പെടുന്നു! ബയനററ് ചാൎജ്ജ് പരിശീലനത്തിന്നു പട്ടാളക്യാമ്പുകളിൽ കെട്ടിത്തൂക്കാറുള്ള വൈക്കോൽച്ചാക്കിനെപ്പോലെയല്ലേ അവർ ഗണിക്കപ്പെടുന്നതു്. ഡോക്ടറായാലും കൊള്ളാം, നഴ്സായാലും കൊള്ളാം, വാർഡ്ബോയിയായാലും കൊള്ളാം വന്നവരൊക്കെ ഓരോ സിറിഞ്ച് ചാൎജ്ജു നടത്തും! പത്തു മുതൽ പതിനഞ്ചുവരെ ഇഞ്ചക്ഷൻ ഒരു മണിക്കൂറിൽ കൊടുത്തു് ശാസ്ത്രത്തിന്നപകീൎത്തികൂടാതെതന്നെ രോഗിയെ പരലോകത്തേക്കയച്ച സംഭവം എനിക്കറിയാം. ശാസ്ത്രത്തിൻെറ പേരിൽ സിറിഞ്ച് ചാൎജ്ജു നടത്തുന്നതിന്നു് പ്രോത്സാഹനം നല്കിയിരിക്കയാണു പരിഷ്കൃതലോകം. ആയുർവ്വേദവൈദ്യനു വല്ലതും പിഴച്ചാൽ ആക്ഷേപമായി, അപകീൎത്തിയായി. അവനേയും അവൻെറ ശാസ്ത്രത്തേയും പുച്ഛമായി. ശാസ്ത്രവും ഗവേഷണവുമെല്ലാം ആരുടെയും കുത്തകയല്ലെന്നു ധരിക്കട്ടെ."

ഇടയ്ക്കു നിൎത്തിയും കണ്ണു തുടച്ചും കുഞ്ഞിരാമനൊരു വിധം വായിച്ചൊപ്പിച്ചു.

★

SENGUPTA PUBLIC LIBRARY
KOZHIKODE-4

# കായകൽപ്പം

## ഇറാൻ

ആയുർവേദത്തിലെ കായകല്പചികിത്സ ചിലരെ സംബന്ധിച്ചിടത്തോളമെങ്കിലും ഒരു ഭ്രമമാണ്. റിട്ടയേഡ് പോലീസ് ഇൻസ്പെക്ടർ ശങ്കരമേനോൻെറ അവസ്ഥയും അതായിരുന്നു. ഒരു പോലീസ് കോൺസ്റ്റബിളായി ജോലിയിൽ പ്രവേശിച്ച്, പെൻഷൻപററി പിരിയുന്നതിനിടയിൽ ജീവിതത്തിൽ പലതും അദ്ദേഹം നേടിയിരുന്നു. മകരം പത്മിനിയെ ഒരു സബ്ബ് ജഡ്ജിക്കു് വിവാഹം കഴിച്ചുകൊടുത്തിരുന്നു; മകൻ രാമചന്ദ്രനെ ഐ. പി. എസ്സുകാരനുമാക്കി. എന്നിട്ടെന്തു ഫലം? പെൻഷനായപ്പോരം മക്കരം തിരിഞ്ഞുനോക്കാതെയായി. കായകല്പചികിത്സാക്കാര്യം അപ്പോഴാണറിവായതു്. ചികിത്സയ്ക്കുശേഷം ചെറുപ്പക്കാരനാകാമെന്നു് അദ്ദേഹം വ്യാമോഹിച്ചു. രാമചന്ദ്രൻെറ ഉദ്യോഗഗർവ്വിനും, പത്മിനിയുടെ ദുർമ്മോഹത്തിനും, എന്നപോലെ ശങ്കരമേനോന്റെ ദുരാശയ്ക്കും ദാരുണമായ വിനാശം നേരിട്ടു: ഉപ്പുതിന്നവരൊക്കെ വെള്ളം കുടിച്ചേ മതിയാവൂ...പരിഹാസത്തിൽ പൊതിഞ്ഞ സരസശൈലിയിൽ ഗ്രന്ഥകാരൻ രസകരമായി കഥാഖ്യാനം നടത്തിയിരിക്കുന്നു.

**നാഷനൽ ബുക്ക്സ്റ്റാൾ, കോട്ടയം**

തിരുവനന്തപുരം എറണാകുളം തൃശ്ശൂർ പാലക്കാട്

240372

A
2585

725-8

കായക്കല്ല

തൊലൻ

240372